# ഗിരിദീപം

ഫെബ്രുവരി 2025



ഫെബ്രുവരി 11

പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ തിരുനാൾ


എറണാകുളം-അങ്കമാലി അതിരൂപതയിൽ
മേജർ ആർച്ച് ബിഷപ്പിന്റെ വികാരിയായി
നിയമിതനായ
മാർ ജോസഫ് പാംപ്ലാനി പിതാവിന്
പ്രാർത്ഥനാശംസകൾ

ഫെബ്രുവരി 2025

വാല്യം 08
ലക്കം 02

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

1. സർക്കുലർ - മേജർ ആർച്ചുബിഷപ്പ് - സിനഡനന്തര സർക്കുലർ .......... 05
2. കെ.സി.ബി.സി. സർക്കുലർ - തിരുബാലസഖ്യദിനം .......... 10
3. കച്ചേരിക്കാര്യം .......... 14
4. സമുദായശക്തീകരണവർഷം .......... 20
5. ഹെൽപ്പ് ഡസ്ക് .......... 23
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .......... 25
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . .......... 32
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .......... 34
   തിരുബാലസഖ്യം .......... 39
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .......... 42
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .......... 46
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .......... 54
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .......... 59
    സാൻജോസ് അക്കാദമി .......... 61
12. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി .......... 62
    കുടുംബക്കൂട്ടായ്മ .......... 66
    പഞ്ചാബ് മിഷൻ .......... 68
    കരിസ്മാറ്റിക് .......... 69
    ADAM .......... 71
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .......... 73
13. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .......... 75
    ബയോ മൗണ്ടൻ ഫാർമേഴ്സ് .......... 82
    ഇൻഫാം .......... 85
14. ധ്യാനകേന്ദ്രങ്ങളിലൂടെ .......... 87
15. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 88
16. Engagements - January (Archbishop Mar Joseph Pamplany) .......... 92
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 93
18. Engagements - January (Archbishop Mar George Njaralakatt) .......... 95
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 96
20. Engagements - January (Archbishop Mar George Valiamattam) .......... 98

Prot. No. 0024/2025

# സിനഡനന്തര സർക്കുലർ

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമതു സിനഡിന്റെ ആദ്യസമ്മേളനം 2025 ജനുവരി 6 മുതൽ 11 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. 'പ്രത്യാശയുടെ തീർത്ഥാടകരായി' നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിവർഷത്തിലേക്ക് നാം കടന്നിരിക്കുകയാണല്ലോ. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു (റോമ 5:5) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ക്രൈസ്തവമായ പ്രത്യാശ എന്താണെന്ന് വ്യക്തമാക്കുന്നു. പ്രത്യാശയ്ക്കു വിരുദ്ധമായി നമ്മെ അസ്വസ്ഥതപ്പെടുത്തുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന വാർത്തകൾ വർധിക്കുമ്പോഴും നമ്മുടെ കർത്താവിന്റെ വരവിനെ നോക്കി പാർത്തു പ്രത്യാശയോടെ നീങ്ങാൻ നാമോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിക്കുന്നതു പോലെ പ്രത്യാശാനിർഭരമായ ഈ ജീവിതത്തിനു നമ്മെ സജ്ജരാക്കുന്നത് നമ്മുടെ വിശ്വാസജീവിതമാണ്. അതു മാമ്മോദീസായിൽ തുടക്കംകുറിച്ചു, ദൈവകൃപയോടുള്ള തുറവിയിലൂടെ വളർന്നു, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിലൂടെ നിരന്തരം നവീകരിക്കപ്പെടുന്നതും ഉറപ്പിക്കപ്പെടുന്നതുമായ പ്രത്യാശയിൽ സജീവമാക്കപ്പെടുന്നു. പ്രത്യാശ പകരുന്ന പ്രവൃത്തികളിലൂടെ ജൂബിലിവർഷം ആചരിക്കാൻ നമുക്കു പരിശ്രമിക്കാം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം പ്രത്യാശ പകരുന്ന കൃപയുടെ അനുഭവം ലഭിച്ച കാലഘട്ടം കൂടിയാണിത്. നമ്മുടെ സഭാംഗമായ മോൺ. ജോർജ് കൂവക്കാട് ഒരു വൈദികനായി

രിക്കെത്തന്നെ സർവത്രികസഭയിലെ കർദിനാളായി തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ സഭയ്ക്ക് ഏറെ അഭിമാനകരമാണ്. അദ്ദേഹത്തിന്റെ ഭാവിശുശ്രൂഷകൾക്കു സഭയുടെ പേരിൽ പ്രാർഥനാശംസകൾ നേരുന്നു. ഗൾഫ് മേഖലയിലെ പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനപ്രവർത്തനങ്ങൾക്കായ് നമ്മുടെ സഭയുടേതായ തനതു സംവിധാനങ്ങൾ രൂപപ്പെടണമെന്നതു ദീർഘകാലമായുള്ള ആവശ്യമായിരുന്നു. ഇക്കാര്യത്തിൽ നമ്മുടെ സഭയ്ക്ക് അനുകൂലമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എടുത്ത നിലപാടു സഭാംഗങ്ങൾക്കു മുഴുവൻ പ്രത്യാശ പകരുന്നതാണ്. നാടിന്റെ മുഴുവൻ ദുഃഖമായി മാറിയ വയനാട്, വിലങ്ങാട് പ്രകൃതി ദുരന്തങ്ങളിൽ തകർന്നുപോയ ജീവിതങ്ങളെ പുനരുദ്ധരിക്കാൻ ഒരുമനസ്സോടെ അണിനിരക്കാൻ കഴിഞ്ഞുവെന്നതു നമ്മുടെ സമൂഹത്തിന്റെ നന്മയിലുള്ള പ്രത്യാശ വർധിപ്പിക്കുന്നതാണ്. ഈ വർഷം നമുക്കു 287 നവവൈദികരെയും 404 നവസന്യസ്തരെയും ലഭിച്ചതിനും ദൈവത്തിനു നമുക്കു നന്ദിപറയാം.

**കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടണം**

കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെയും വനാതിർത്തിയിൽ ജീവിക്കുന്ന സാധാരണ മനുഷ്യരുടെയും ആശങ്കകളും വേദനകളും ശ്രദ്ധാപൂർവം സിനഡ് വിലയിരുത്തി. നിയമസഭയിൽ അവതരിപ്പിക്കാനായി പ്രസിദ്ധീകരിച്ചിരിക്കുന്ന കേരള വനം നിയമഭേദഗതി ബില്ലിനെകുറിച്ചു ലക്ഷക്കണക്കിനു കർഷകർക്ക് ഗൗരവമായ ആശങ്കകൾ ഉണ്ട്. കേരളത്തിന്റെ വനാവൃതി വർധിച്ചു വരുമ്പോഴും വനനിയമങ്ങൾ കൂടുതൽ കർക്കശമാക്കുന്നതു വനപാലകരുടെ അധികാരദുർവിനിയോഗത്തിനും പൊതുജനത്തിന്റെ അവകാശ ലംഘനത്തിനും ഇടയാക്കുമെന്നതിനാൽ പ്രസ്തുതബിൽ പുനഃപരിശോധിക്കണമെന്നു സിനഡു സർക്കാരിനോടഭ്യർഥിക്കുന്നു.

**സിനഡാത്മക സഭ**

സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താനും കാരുണ്യത്തിന്റെ മുഖത്തെ കൂടുതൽ പ്രകാശിപ്പിക്കാനുമായി പരിശുദ്ധ പിതാവു റോമിൽ വിളിച്ചുകൂട്ടിയ സിനഡാത്മകതയെക്കുറിച്ചുള്ള ആഗോളസിനഡിന്റെ സമാപന പ്രബോധനരേഖയുടെ വെളിച്ചത്തിൽ നമ്മുടെ സഭയുടെ പ്രവർത്തനശൈലിയിലും ഘടനയിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു സിനഡ് ചർച്ചനടത്തുകയുണ്ടായി. ഇതിനു സഹായകമായ കർമപദ്ധതികൾ പ്രസ്തുത പ്രബോധനരേഖയുടെ വെളിച്ചത്തിൽ കൂടിയാലോചനകളിലൂടെ രൂപത ഇടവക തലങ്ങളിൽ ആവിഷ്ക്കരിക്കേണ്ടതാണ്.

നമ്മുടെ സമുദായം നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളെ മനസിലാക്കാനും പരിഹാരം കണ്ടെത്താനുമായി രണ്ടായിരത്തി ഇരുപത്തിയാറാമാണ്ട് സീറോമലബാർസഭ സമുദായശാക്തീകരണ വർഷമായി പ്രഖ്യാപിക്കാൻ സിനഡു തീരുമാനിച്ചിട്ടുണ്ട്. പാലായിൽ സമാപിച്ച സഭയുടെ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസ്സംബ്ലിയിൽ സമുദായശക്തീകരണത്തിനു സഹായകമായ കർമപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതു നടപ്പിലാക്കാൻ നമ്മുടെ എല്ലാ രൂപതകളും ശ്രദ്ധിക്കുമല്ലോ.

**എറണാകുളംഅങ്കമാലി അതിരൂപത**

എറണാകുളംഅങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കാൻ ഏറെ നാളുകളായി ആത്മാർഥമായി പരിശ്രമിക്കുന്നുണ്ടെങ്കിലും പ്രതിസന്ധികൾ പൂർണമായി പരിഹരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്ന യാഥാർഥ്യം സിനഡുപിതാക്കന്മാർ എളിമയോടെ അംഗീകരിക്കുന്നു. ഐക്യത്തിന്റെ പുതിയ പ്രഭാതം വിദൂരമല്ല എന്ന പ്രത്യാശയോടെയാണ് ഈ വിഷയം സിനഡു പിതാക്കന്മാർ ചർച്ച ചെയ്തത്. എറണാകുളം അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്തിരുന്ന മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രവർത്തനങ്ങൾ സഭയ്ക്കു മുഴുവൻ പ്രത്യാശ പകരുന്നതായിരുന്നെന്ന് സിനഡു വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെയും സിനഡിന്റെയും നിർദേശങ്ങൾ പൂർണമായി അനുസരിച്ചുകൊണ്ട് അപ്പസ്തോലിക ധീരതയോടെ പിതാവ് എടുത്ത നിലപാടുകൾമൂലം അതിരൂപതയ്ക്കുവേണ്ടി 24 വൈദികാർഥികളുടെ തിരുപ്പട്ടസ്വീകരണം നടന്നു. അതിരൂപതയിൽ അച്ചടക്കം തിരികെക്കൊണ്ടുവരാൻ പിതാവു നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്ന് സിനഡ് വിലയിരുത്തി.

എന്നാൽ, ആരോഗ്യപരമായ കാരണങ്ങളാൽ 2024 സെപ്റ്റംബർ മാസത്തിൽത്തന്നെ അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് പരിശുദ്ധ പിതാവിനു രാജി സമർപ്പിച്ചിരുന്നു. 2025 ജനുവരി 11 നു രാജി പ്രാബല്യത്തിൽ വന്നതായി വത്തിക്കാനിൽനിന്നു അറിയിപ്പു ലഭിച്ചിട്ടുണ്ട്. അതോടൊപ്പം, അപ്പസ്തതോലിക്ക് അഡ്മിനിസ്ട്രേഷൻ അവസാനിപ്പിച്ച് എറണാകുളം അങ്കമാലി അതിരൂപതയുടെ ഭരണചുമതല മേജർ ആർച്ചുബിഷപ്പിനെ 2025 ജനുവരി 11 മുതൽ തിരികെ ഏല്പ്പിക്കുന്നതായും ശ്ലൈഹികസിംഹാസനം അറിയിച്ചിട്ടുണ്ട്. ഏറെ സങ്കീർണമായ ഒരു കാലഘട്ടത്തിൽ സഭയുടെ മനസ്സറിഞ്ഞ് അതിരൂപതയെ ധീരമായി

നയിച്ച അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിനു സഭയുടെ മുഴുവൻ സ്നേഹവും നന്ദിയും ഞാൻ അറിയിക്കുന്നു.

സഭയ്ക്കു മുഴുവനുംവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ ബൃഹത്തായ ഉത്തരവാദിത്വ ങ്ങൾ പരിഗണിച്ച് എറണാകുളംഅങ്കമാലി അതിരൂപതയുടെ ദൈനംദിന ഭരണനിർവഹണത്തിനായി മേജർ ആർച്ചുബിഷപ്പിന്റെ വികാരിയെ നിയമിക്കാൻ സിനഡു തീരുമാനിച്ചു. പ്രാർഥനാപൂർവമായ വിചിന്തനങ്ങൾക്കുശേഷം പരിശുദ്ധാത്മാവിനാൽ പ്രേരിതരായി സിനഡുപിതാക്കന്മാർ ഈ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതു തലശ്ശേരി അതിരൂപതാധ്യക്ഷനായ മാർ ജോസഫ് പാംപ്ലാനി പിതാവിനെയാണ്. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകൾ തുടരുന്നതായിരിക്കും. എറണാകുളംഅങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭാത്മകമായി പരിഹരിക്കാനാകും എന്ന പ്രത്യാശ സിനഡിനുണ്ട്.

ഈ ജൂബിലിവർഷത്തിൽ പ്രത്യാശയുടെ തീർഥാടകരായി മിശിഹായോടുചേർന്ന് ഒരുമിച്ചു യാത്രചെയ്യാൻ എല്ലാവരെയും ഞാൻ സ്നേഹപൂർവം സ്വാഗതംചെയ്യുന്നു. ഈ സാഹചര്യത്തിൽ ചില കാര്യങ്ങളിൽ വ്യക്തതവരുത്താൻ സിനഡുപിതാക്കന്മാർ ആഗ്രഹിക്കുന്നു. സീറോമലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതും നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രണ്ടു തവണ കത്തുകളിലൂടെയും ഒരു തവണ വീഡിയോസന്ദേശത്തിലൂടെയും നേരിട്ട് ആവശ്യപ്പെട്ടതുമായ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സീറോമലബാർസഭ മുഴുവനിലും നടപ്പിലാക്കണമെന്ന തീരുമാനത്തിനു യാതൊരു മാറ്റവുമില്ല. പരിശുദ്ധ പിതാവ് അന്തിമതീരുമാനം അറിയിച്ചുകഴിഞ്ഞ ഇക്കാര്യത്തിൽ യാതൊരുവിധ പുനരാലോചനയും സാധ്യമല്ല എന്ന സത്യം എല്ലാ കത്തോലിക്കാവിശ്വാസികളും വിവേകപൂർവം മനസിലാക്കണം.

2024 ജൂലൈ ഒന്നാം തീയതി നല്കിയ വിശദീകരണക്കുറിപ്പിനെ (Ref. No. 6/2024) സ്ഥിരമായ ഒരു ഒത്തുതീർപ്പായി ആരും വ്യാഖ്യാനിക്കരുത്. എറണാകുളം അങ്കമാലി അതിരൂപതയിൽ ഞായറാഴ്ചകളിലെ പതിവു കുർബാനകളിൽ ഒന്നെങ്കിലും ഏകീകൃതരൂപത്തിൽ ചൊല്ലുന്നവർക്കെതിരേ ജൂൺ 9 ന് നല്കിയ സർക്കുലറിൽ (Ref. No. 4/2024) അറിയിച്ച പ്രകാരമുള്ള ശിക്ഷാനടപടികൾ ആരംഭിക്കുന്നതല്ല എന്ന അർഥത്തിലാണ് പ്രസ്തുത വിശദീകരണം നൽകിയിരിക്കുന്നത്.

ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിലേക്കുള്ള ആദ്യ ചുവടുവയ്പായാണ് ഇതിനെ മനസിലാക്കേണ്ടത്.

ആരാധനാക്രമത്തിലെ അഭിപ്രായാന്തരങ്ങൾ തെരുവിലെ സംഘർഷങ്ങളാക്കി മാറ്റുന്നത് ഏറെ ദുഃഖകരമാണ്. ഐക്യത്തിന്റെ കൂദാശയായ വിശുദ്ധ കുർബാനയുടെ അർപ്പണം നാട്ടിലെ ക്രമസമാധാ നവിഷയമായി മാറ്റുന്നതിൽ സഭയൊന്നാകെ വേദനിക്കുന്നുണ്ട്. ഈ ശൈലിയിൽ നമുക്ക് ഇനിയും മുന്നോട്ടുപോകാനാവില്ല എന്ന സത്യം ബന്ധപ്പെട്ടവർ മനസിലാക്കണം. സിനഡിനെ അനുകൂലിക്കുന്നവർ എന്ന വ്യാജേന സാമൂഹിക മാധ്യമങ്ങളിലും തെരുവിലും സഭയെ അപമാനിക്കുന്നരീതിയിൽ ഇടപെടലുകൾ നടത്തുന്നവരുടെ നിലപാടുകളും സഭാവിരുദ്ധ പ്രവർത്തനങ്ങളാണെന്ന് ഓർമിപ്പിക്കുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2025-ാം ആണ്ട് ജനുവരി മാസം 11-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2025 ജനുവരി 19-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിച്ചതാണ്.

No. 4080/K-5/KCBC/OL/DS 22.01.2025

## 2025 ഫെബ്രുവരി 09 തിരുബാലസഖ്യ ദിനം
## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യംവെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽനിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവയിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ ആനന്ദം 260).

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. ജനറേഷൻ ബീറ്റ തലമുറയുടെ കാലഘട്ടമാണ് ഇനി. 2025 നും 2039 നും ഇടയിൽ ജനിക്കുന്ന കുട്ടികൾ ജനറേഷൻ ബീറ്റാ തലമുറയെന്നാണ് അറിയപ്പെടുന്നത്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾപോലും കാറ്റത്ത് വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണംനോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത്

വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്ത വാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണ മെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസ

ത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽപോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞുമിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിത മാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതു പോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കി യെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞു ങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

NB: 2025 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയ ങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

ഫെബ്രുവരി 2025

**1. ബഹു. വൈദികരുടെ സ്ഥലമാറ്റവും നിയമനവും (02-02-2025)**

1) റവ. ഫാ. മാത്യു ചക്യാരത്ത് - ഭാഷാപഠനം
2) റവ. ഫാ. ആന്റണി കിടാരത്തിൽ - വികാരി, കീഴ്പ്പള്ളി
3) റവ. ഫാ. തോമസ് കൊന്നയിൽ - പ്രോ. വികാരി, വാണിയപ്പാറ
4) റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളി - എക്സി. ഡയറക്ടർ ആൽഫ ഇൻസ്റ്റിറ്റ്യൂട്ട്
5) റവ. ഫാ. ഫിലിപ്പ് മുട്ടുമണ്ണിൽ - ഭാഷാപഠനം
6) റവ. ഫാ. ജോസഫ് ഒറ്റപ്ലാക്കൽ - മെഡിക്കൽ ലീവ്
7) റവ. ഫാ. ജോർജ് പടിഞ്ഞാറെആനശ്ശേരിൽ - ഭാഷാപഠനം
8) റവ. ഫാ. അബ്രാഹം പോണാട്ട് - റിട്ടയർമെന്റ് - ശാന്തിഭവൻ
9) റവ. ഫാ. തേമസ് പൂകമല - പ്രോ.വികാരി, ഉമ്മർപ്പൊയിൽ
10) റവ. ഫാ. ജിയോ പുളിക്കൽ - വികാരി (താല്ക്കാലികം) കരുണാപുരം (അധികചുമതല)
11) റവ. ഫാ. കുര്യാക്കോസ് പുതുക്കുളങ്ങര - വൈസ് പ്രിൻസിപ്പൽ & ബർസാർ - സെന്റ് ജൂഡ് കോളേജ് വെള്ളരിക്കുണ്ട് (അധികചുമതല)
12) റവ. ഫാ. തോമസ് തടത്തിൽ - അഡ്മിനിസ്ട്രേറ്റർ ഫാം പ്രോജക്ട് സാൻ മരിയ എസ്റ്റേറ്റ് കീഴ്പ്പള്ളി
13) റവ. ഫാ. ജോമി ജോസഫ് തൊട്ടിയിൽ PSDP - വികാരി, മാവുംഞ്ചാൽ

**അസിസ്റ്റന്റ് വികാരിമാർ**

1) റവ. ഫാ. ജെയിംസ് അട്ടാറക്കൽ - ചെറുപുഴ
2) റവ. ഫാ. ജോസഫ് ചെല്ലങ്കോട്ട് - എടൂർ
3) റവ. ഫാ. ചെറിയാൻ ചെമ്പകശ്ശേരിൽ - പാലാവയൽ
4) റവ. ഫാ. ജോസഫ് ചെറുകരക്കുന്നേൽ - ചെമ്പേരി II
5) റവ. ഫാ. അഗസ്റ്റിൻ ചെറുനിലം - മാലോം
6) റവ. ഫാ. ജോസഫ് ചൊള്ളംപുഴ - ചന്ദനക്കാംപാറ

6) റവ. ഫാ. അഗസ്റ്റിൻ ഈറ്റയ്ക്കൽ - മണിക്കടവ്
7) റവ. ഫാ. ചാക്കോ കളപ്പുരയ്ക്കൽ - കരിക്കോട്ടക്കരി
8) റവ. ഫാ. സെബാസ്റ്റ്യൻ കണിപറമ്പിൽ - നിർമലഗിരി
9) റവ. ഫാ. ജോർജ് കായംകാട്ടിൽ - നെല്ലിക്കാംപൊയിൽ
10) റവ. ഫാ. അഗസ്റ്റിൻ കെട്ടുപുരയ്ക്കൽ RCJ - മണ്ഡളം
11) റവ. ഫാ. തോമസ് കുഴിപറമ്പിൽ CST - പുളിങ്ങോം
12) റവ. ഫാ. ജോൺ മുള്ളംങ്കുഴി - ആലക്കോട്
13) റവ. ഫാ. പോൾ മുണ്ടക്കൽ - പേരാവൂർ II
14) റവ. ഫാ. ജോസഫ് നെല്ലിച്ചോട്ടിൽ VC - വിളക്കന്നൂർ
15) റവ. ഫാ. ജോസഫ് ഞാളിയൻ ISCH - കുടിയാന്മല
16) റവ. ഫാ. മാർട്ടിൻ പാഴുപറമ്പിൽ - ശ്രീകണ്ഠപുരം
17) റവ. ഫാ. ജോസഫ് തകിടിയേൽ - കൊളക്കാട്
18) റവ. ഫാ. അഗസ്റ്റിൻ താഴത്തുവീട്ടിൽ RCJ - എടൂർ II
19) റവ. ഫാ. തേമസ് തോപ്പിൽ RCJ - ഭീമനടി
20) റവ. ഫാ. ജോസഫ് തുരുത്തേൽ - ചെമ്പേരി I
21) റവ. ഫാ. ജോൺ വലിയപറമ്പിൽ - ചെമ്പന്തൊട്ടി II
22) റവ. ഫാ. തോമസ് വള്ളിയിൽ - ഉദയഗിരി

**2. നന്ദി**

തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകയിൽ സഹവികാരിമാരായി ശുശ്രൂഷ ചെയ്തതിനുശേഷം തങ്ങളുടെ സന്യാസ സമൂഹങ്ങളിലേക്ക് തിരികെ പോകുന്ന ഫാ. ജോസഫ് കദളിയിൽ ISCH, ഫാ. ഇമ്മാനുവേൽ കണ്ടത്തിൽ MSSCC, ഫാ. ചുമ്മാർ കാവുകാട്ട് RCJ, ഫാ. ജോസ് പുന്നശ്ശേരി OFM Cap, ഫാ. മാത്യു കോട്ടുചേരാടി എന്നീ വൈദിക സഹോദരങ്ങൾക്ക് തലശ്ശേരി അതിരൂപതാകുടുംബത്തിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**റവ. ഫാ. അബ്രാഹം പോണാട്ട്**

സുദീർഘമായ 53 വർഷത്തെ അജപാലനപ്രവർത്തനങ്ങൾക്കുശേഷം ബഹു. അബ്രാഹം പോണാട്ട് അച്ചൻ വിശ്രമജീവിതത്തിനായി 2025 ഫെബ്രുവരി 1-ാം തീയതി കരുവഞ്ചാൽ ശാന്തിഭവനിൽ എത്തി. ഉമ്മർപൊയിൽ പള്ളിയുടെ വികാരിയായി ശുശ്രൂഷ ചെയ്തുവരികയായിരുന്നു. നമ്മുടെ അതിരൂപതയിൽ ശ്രേഷ്ഠമായ പൗരോഹിത്യ ശുശ്രൂഷ സമ്മാനിച്ച തീക്ഷ്ണമതിയായ പുരോഹിതനാണ് ബഹു. പോണാട്ടച്ചൻ. അതിരൂപതാ കേന്ദ്രത്തിൽ വിവിധങ്ങളായ ഉത്തരാവദിത്വങ്ങൾ നിർവ്വഹിച്ച് നമ്മുടെ അതിരൂപതയുടെ വളർച്ചയിൽ

വിസ്മരിക്കാനാവാത്ത സംഭാവനകൾ നല്കിയ പ്രിയപ്പെട്ട പോണാട്ടച്ചന് സന്തോഷപ്രദവും അനുഗ്രഹീതവുമായ വിശ്രമജീവിതം ആശംസിക്കുന്നു.

**3. സ്വാഗതം**

നമ്മുടെ അതിരൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന ഫാ. ജോമി ജോസഫ് തൊട്ടിയിൽ PSDP, ഫാ. തോമസ് കുഴിപറമ്പിൽ CST, ഫാ. ജോസഫ് നെല്ലിച്ചോട്ടിൽ VC, ഫാ. ജോസഫ് ഞാളിയൻ ISCH, ഫാ. തോപ്പിൽ തോമസ് RCJ, ഫാ. അഗസ്റ്റിൻ കെട്ടുപുരയ്ക്കൽ RCJ, ഫാ. അഗസ്റ്റിൻ താഴത്തുവീട്ടിൽ RCJ എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം.

**റവ. ഫാ. ആന്റണി കിടാരത്തിൽ**

ഉപരിപഠനം പൂർത്തിയാക്കി തലശ്ശേരി അതിരൂപതയിലേയ്ക്ക് തിരികെ എത്തി കീഴ്പ്പള്ളി ഇടവകയുടെ വികാരിയായി ശുശ്രൂഷ ആരംഭിച്ച ബഹു. ആന്റണി കിടാരത്തിലച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**4. അഭിനന്ദനങ്ങൾ**

**റവ. ഡോ. തോമസ് തെങ്ങുംപള്ളിൽ :** സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ട്രൈബ്യൂണലിൽ ജഡ്ജിയായി ബഹു. തോമസ് തെങ്ങുംപള്ളിൽ അച്ചനെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നിയമിച്ചു. അഞ്ച് വർഷത്തേക്കാണ് നിയമനം. വായാട്ടുപറമ്പ് ഫൊറോനാ വികാരിയായി ശുശ്രൂഷ ചെയ്യുന്ന ബഹു. സാജനച്ചന് അധിക ഉത്തരവാദിത്വമാണ് പുതിയ നിയമനത്തിലൂടെ ലഭിച്ചിരിക്കുന്നത്. പ്രിയപ്പെട്ട തെങ്ങുംപള്ളിൽ അച്ചന് അനുമോദനങ്ങളും ആശംസകളും.

**5. ലോക രോഗീദിനം**

ലോകരോഗീദിനമായി ആഘോഷിക്കുന്ന ഫെബ്രുവരി 11-ാം തീയതി എല്ലാ ഇടവകകളിലും രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന, കിടപ്പുരോഗികളെ സന്ദർശിക്കുക, അവർക്ക് വി. കുമ്പസാരത്തിനും വി. കുർബാന സ്വീകരണത്തിനുള്ള അവസരം തുടങ്ങിയ ശുശ്രൂഷകളിലൂടെ അനുസ്മരിക്കുമല്ലോ.

**6. തിരുബാലസഖ്യദിനം**

ഈ വർഷം ഫെബ്രുവരി 09-ാം തീയതിയാണ് തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കോടോപ്പള്ളി ദൈവാലയത്തിൽ ബലിയർപ്പിച്ച് തിരുബാലസഖ്യദിനം

ഉദ്ഘാടനം ചെയ്യും. ഇടവകയിൽ ഉചിതമായി പരിപാടികളോടെ തിരു ബാലസഖ്യദിനം ആചരിക്കുമല്ലോ. അന്നേദിവസത്തെ സ്തോത്ര ക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്ര ത്തിൽ ഏല്പിക്കേണ്ടതാണ്.

**7. വൈദികസമിതി സമ്മേളനം**

തലശ്ശേരി അതിരൂപതാ പ്രെസ്ബിറ്ററൽ കൗൺസിലിന്റെ യോഗം 2025 ഫെബ്രുവരി 11 ന് ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ ഉച്ചക ഴിഞ്ഞ് 1:30 വരെ സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. പ്രെസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളായ ബഹു. വൈദികർ ഈ യോഗത്തിൽ പങ്കെ ടുക്കേണ്ടതാണ്.

**8. തലശ്ശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ**

തലശ്ശേരി അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിക്ക് മുന്നൊരുക്ക മായി ഓരോ വർഷവും ഒരു ബൈബിൾ കൺവെൻഷൻ അതിരൂപത യിൽ നടത്തണമെന്ന പാസ്റ്ററൽ കൗൺസിൽ തീരുമാനപ്രകാരം ആദ്യത്തെ ബൈബിൾ കൺവെൻഷൻ 2025 മാർച്ച് 12 മുതൽ 16 വരെ 'കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ' ചെമ്പേരിയിൽ നടത്തു ന്നതാണ്. സുപ്രസിദ്ധ വചനപ്രഘോഷകനായ ഫാ. ഡൊമിനിക് വാളന്മനാൽ ആണ് കൺവെൻഷന് നേതൃത്വം നല്കുന്നത്. ചെമ്പേ രി, പൈസക്കരി, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി ഫൊറോനകളുടെ നേതൃത്വത്തിലാണ് ബൈബിൾ കൺവെൻഷന് വേണ്ട കാര്യങ്ങൾ ക്രമീകരിക്കുന്നത്. കൺവെൻഷന്റെ നടത്തിപ്പിന് വിവിധ കമ്മറ്റികൾ ക്രമീകരിച്ചു. അഭിവന്ദ്യ പിതാവ് രക്ഷാധികാരിയായും പ്രോട്ടോസി ഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ ജനറൽ കൺവീന റായും ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കാ റെക്ടർ ഡോ. ജോർജ് കാഞ്ഞിരക്കാട്ട് അച്ചൻ കൺവീനറായും പ്രവർത്തിക്കും. വികാരി ജന റാൾമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളം തുരുത്തിപ്പടവിൽ, ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, ഫാ. ജോസഫ് കാക്കരമറ്റത്തിൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. നോബിൾ ഓണംകുളം, ഫാ. ആന്റണി മഞ്ഞളാംകുന്നേൽ, ഫാ. തോമസ് തെങ്ങും പള്ളിൽ, ഫാ. തോമസ് പൈമ്പിള്ളിൽ, ഫാ. ലാസർ വരമ്പകത്ത്, ഫാ. തോമസ് വടക്കേമുളഞ്ഞനാൽ, ഫാ. വർഗീസ് കളപ്പുരയ്ക്കൽ, ഫാ. മാത്യു ഓലിക്കൽ, ഫാ. സെബാസ്റ്റ്യൻ ചേന്നോത്ത്, ഫാ. ജോസഫ് ആനചാരിൽ, ഫാ. ജോസഫ് പുതുമന എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മറ്റികൾ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**9. പുതിയ ഫോൺ നമ്പറുകൾ**

1) റവ. ഫാ. ജെയിംസ് അട്ടാറക്കൽ – 9495678193
2) റവ. ഫാ. ജോസഫ് ചെറുകരക്കുന്നേൽ – 9495956585
3) റവ. ഫാ. അഗസ്റ്റിൻ ചെറുനിലം – 8281302394
4) റവ. ഫാ. അഗസ്റ്റിൻ ഈറ്റയ്ക്കൽ – 8547039222
5) റവ. ഫാ. ചാക്കോ കളപ്പുരയ്ക്കൽ – 9497555446
6) റവ. ഫാ. സെബാസ്റ്റ്യൻ കണിപറമ്പിൽ – 9605832740
7) റവ. ഫാ. മാർട്ടിൻ പാഴൂപറമ്പിൽ – 9207524806
8) റവ. ഫാ. ജോൺ വലിയപറമ്പിൽ – 7902880812
9) റവ. ഫാ. തോമസ് വള്ളിയിൽ – 9048106884

**10. ആദരാഞ്ജലികൾ**

**1. ശ്രീമതി റോസമ്മ തോമസ് ചെരിയംപുറത്ത് (85)** : ബഹു. വർഗീസ് ചെരിയംപുറത്തച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി റോസമ്മ തോമസ് 2025 ജനുവരി 08 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജനുവരി 09 ന് പുളിങ്ങോം സെന്റ് ജോസഫ് ദൈവാലയ സെമിത്തേരിയിൽ അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. വർഗീസച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**2. ശ്രീമതി റോസമ്മ കക്കാട്ടിൽ (93)** : ബഹു. ജോസ് കക്കാട്ടിൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി റോസമ്മ കക്കാട്ടിൽ 2025 ജനുവരി 21 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജനുവരി 22ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കുന്നോത്ത് സെന്റ് തോമസ് ഫൊറോന ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോസച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**3. റവ. സി. ഫെലിക്സ് വടക്കേച്ചിറയാത്ത് എസ്.എ.ബി.എസ് (88)** : വിശുദ്ധ കുർബാനയുടെ ആരാധനാസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് അഡോറേഷൻ പ്രൊവിൻസ് അംഗമായ സി. ഫെലിക്സ് വടക്കേച്ചിറയാത്ത് 2025 ജനുവരി 22 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജനുവരി 23 ന് കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറ



ളക്കാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. പാലാ രൂപതയിലെ വാകക്കാട് ഇടവകാംഗമായിരുന്ന വടക്കേചിറയാത്ത് പരേതരായ വർക്കി - മറിയം ദമ്പതികളുടെ ഏഴ് മക്കളിൽ നാലാമത്തെ മകളായിരുന്നു. 1960 ഏപ്രിൽ 18ന് സഭാവസ്ത്രം സ്വീകരിച്ചു. തോമാപുരം, കിളിയന്തറ, ആലുവ ജനറലേറ്റ്, നിർമലഗിരി, നെഞ്ചംകോട്ട്, പുല്ലൂരാംപാറ, താമരശ്ശേരി, ഗോണികൊപ്പാൽ, മരുതോങ്കര, ജോസ്ഗിരി ഹോസ്പിറ്റൽ, രാജ്കോട്ട്, കട്ടേച്ചി, കാസർഗോഡ്, നെല്ലിപ്പാറ, വിമലഗിരി, ചേറ്റംകുന്ന് എന്നിവിടങ്ങളിലും തലശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിലും ബഹു. ഫെലിക്സമ്മ ശുശ്രൂഷ ചെയ്തിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. ശ്രീ. അരുൺ മുക്കുഴി (37)** : ബഹു. മാത്യു മുക്കുഴി അച്ചന്റെ സഹോദരൻ ശ്രീ. അരുൺ മുക്കുഴി 2025 ജനുവരി 24 ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ 2025 ജനുവരി 25 ന് ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**11. സ്നേഹസ്മൃതി**

1. റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ - 01-02-2016
2. റവ. ഫാ. സക്കറിയാസ് കട്ടക്കൽ - 05-02-2020
3. റവ. ഫാ. തോമസ് മറ്റപ്പള്ളിൽ - 10-02-1987
4. റവ. ഫാ. പോൾ കളപ്പുര - 11-02-1998
5. റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ - 17-02-1973
6. റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ - 20-02-1983
7. റവ. ഫാ. പോൾ വെട്ടിക്കനാക്കുടി - 22-02-1960
8. റവ. ഫാ. മാത്യു മുതിരചിന്തിയിൽ - 24-02-2011
9. റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ - 25-02-1981
10. റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ - 25-02-1989
11. റവ. ഫാ. ജോസഫ് പുത്തൻപുര - 27-02-1998
12. റവ. ഫാ. തോമസ് നടയിൽ - 28-02-2020

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## 2025 സാമുദായിക ശക്തീകരണവർഷം പ്രമാണിച്ച് അതിരൂപതയിൽ നടപ്പിലാക്കുന്ന ചില കർമ്മപദ്ധതികൾ

### I. കുടുംബശക്തീകരണം

1. പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കും.
2. കുടുതൽ മക്കളുള്ള മാതാപിതാക്കൾക്ക് ഫാമിലി അലവൻസ് മുൻഗണനാ അടിസ്ഥാനത്തിൽ നല്കും. അതിനാവശ്യമായ ഉപകാരികളെ കണ്ടെത്തുന്ന പദ്ധതി 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പൂർത്തിയാക്കും.
3. നാലാമത്തെ കുട്ടിയുടെ ജനനവുമായി ബന്ധപ്പെട്ട ആശുപത്രി ചെലവുകൾ സൗജന്യമായി സഭയുടെ കീഴിലുള്ള ഹോസ്പിറ്റലുകളിൽ നല്കുന്നതിനുവേണ്ടി താരാട്ട് എന്ന പേരിൽ പദ്ധതി നടപ്പിലാക്കും. കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, ചെറുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹോസ്പിറ്റൽ, തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റൽ, തൊക്കിലങ്ങാടി ക്രിസ്തുരാജാ ഹോസ്പിറ്റൽ എന്നീ ആശുപത്രികളുടെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നത്.
4. അതിരൂപതയുടെ കീഴിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നാലാമത്തെ കുട്ടിയുടെ ട്യൂഷൻ ഫീസ് ഇളവു നല്കും.
5. സഭയുടെ എയ്ഡഡ് സ്ഥാപനങ്ങളിലുൾപ്പെടെയുള്ള നിയമനങ്ങളിൽ നാലോ അതിൽ കൂടുതലോ മക്കളുള്ള കുടുംബങ്ങൾക്ക് മുൻഗണന നല്കും.
6. യുവദമ്പതികൾക്ക് ഇടവക കേന്ദ്രീകൃതമായി ക്ലാസ്സുകൾ സംഘടിപ്പിച്ച് കൂടുതൽ മക്കൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തും.
7. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർദ്ധന കുടുംബങ്ങൾക്ക് ഭവനങ്ങളുടെ നിർമ്മാണം ഈ വർഷം കൂടുതൽ ഊർജ്ജിതമാക്കും.
8. സഭയിലെ വിധവകൾ, വിഭാര്യർ, വിവാഹമോചിതർ എന്നിവരുടെ പുനർവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും 35 വയസ്സിന് മുകളിൽ വിവാഹിതാകാതെ നിൽക്കുന്നവരെ വിവാഹജീവിതത്തിലേക്ക് നയിക്കുന്നതിനുമായി കുടുബക്കൂട്ടായ്മകൾ വഴി ഇവരുടെ വിവരശേഖരണം നടത്തി ഇവരുടെ സംഗമങ്ങൾ സംഘടിപ്പിക്കും.

### II. കാർഷികമേഖല ശക്തീകരണം

1. ബയോ മൗണ്ടൻ/TSSS ന്റെ നേതൃത്വത്തിൽ ആഴ്ച ചന്തകൾ ആരംഭിക്കും. 2025 ഫെബ്രുവരി മാസത്തിൽ എല്ലാ പ്രധാന മേഖലകളിലും ആഴ്ച ചന്തകൾ ഉദ്ഘാടനം ചെയ്യും.
2. അതിരൂപത ആരംഭിച്ച വ്യവസായ പാർക്കിൽ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
3. കാർഷികരംഗം മെച്ചപ്പെടുത്തുവാൻ കാർഷിക ഉൽപ്പന്നങ്ങൾ സമാഹരിച്ച് ബയോമൗണ്ടന്റെ നേതൃത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റും.

4. കാർഷിക നേഴ്സറി ആരംഭിച്ച് വിത്ത്, തൈകൾ എന്നിവ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കും.

## III. സംഘടനശക്തീകരണം

1. ഈ വർഷം എല്ലാ ഇടവകകളിലും സമുദായ സംഘടനയായ AKCC യൂണിറ്റ് ആരംഭിച്ച് AKCC യുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
2. അതിരൂപതയിലെ എല്ലാ സംഘടനകളുടേയും ശക്തീകരണം ലക്ഷ്യം വച്ചുകൊണ്ട് അംഗത്വ കാമ്പയിൻ നേതൃത്വ പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കും.
3. രാഷ്ട്രീയ കാര്യസമിതി വഴി അർഹതപ്പെട്ട അവസരങ്ങൾ സമുദായ അംഗങ്ങൾക്ക് നേടിയെടുക്കാൻ പരിശ്രമിക്കും.
4. കുടുംബകൂട്ടായ്മകളുടെ വാർഷികം ആഘോഷമായി നടത്തും.
5. എല്ലാ ഇടവകകളിലും ഇടവകാദിന ആഘോഷങ്ങൾ സംഘടിപ്പിക്കും.
6. കുടുംബക്കൂട്ടായ്മകളിൽ സമുദായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ചും വിവിധ സ്കീമുകളെക്കുറിച്ചും പഠിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും.
7. മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. De addiction എന്ന ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കും. പ്രതീക്ഷാ De addiction സെന്ററിലേയ്ക്ക് മദ്യപാനത്തിന് അടിമകളായ ആളുകളെ ചികിത്സയ്ക്കായി എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

## IV. മാധ്യമശക്തീകരണം

1. അതിരൂപതാ തലത്തിൽ Media Cell പ്രാവർത്തികമാക്കും.
2. ദീപിക പത്രത്തിന്റെ പ്രവർത്തനങ്ങൾ - Circulation വർദ്ധിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഊർജിതമാക്കും. ചരമ പരസ്യങ്ങൾ ദീപികയിൽ പ്രസിദ്ധീകരിക്കുവാൻ ആളുകളെ പ്രോത്സാഹിപ്പിക്കും.
3. ഓരോ പ്രദേശത്തിന്റെയും പ്രാദേശിക ചരിത്രം ഗ്രന്ഥരൂപത്തിലും വീഡിയോ രൂപത്തിലും തയ്യാറാക്കും.

## V. സ്വത്വ സംരക്ഷണം

1. സാമൂഹ്യ, രാഷ്ട്രിയ, സാംസ്ക്കാരിക, ശാസ്ത്രീയ, സാഹിത്യ, നവോത്ഥാനമേഖലകളിൽ നമ്മുടെ സമുദായം നല്കിയ സംഭാവനകളെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് പകരുന്ന കർമ്മ പദ്ധതികൾ നടപ്പിലാക്കും.
2. നസ്രാണി സാംസ്ക്കാരിക ചരിത്ര പഠന ഗവേഷണകേന്ദ്രം അതിരൂപതയിൽ ആരംഭിക്കും.
3. വിവിധ മേഖലകളിലുള്ള ആളുകളുടെ സംഗമം - വക്കീലൻമാർ, ഡോക്ടർമാർ, നഴ്സുമാർ, ചെറുകിട കച്ചവടക്കാർ etc... സംഘടിപ്പിക്കും.
4. റീജിയണൽ തലത്തിൽ സമുദായ സംഗമങ്ങൾ AKCC - യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും.

5. സമുദായശക്തീകരണ വർഷത്തിൽ അതിരൂപതയുടെ വിവിധ മേഖലക ളിൽ തീർത്ഥാടനങ്ങൾ (കൊട്ടത്തലച്ചി, കൊളക്കാട്, പനത്തടി, കോള യാട്) സംഘടിപ്പിക്കും.

## VI. യുവജനശക്തീകരണം

1. Civil Service Coaching Centre ആരംഭിക്കും.
2. എഡ്യൂസ് പാർക്ക് പദ്ധതിയുടെ ഭാഗമായി അഞ്ചാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് പ്രത്യേക പഠനപരിശീലന ക്ലാസ്സുകൾ ആരംഭിക്കും.
3. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കും.

## VII. അവകാശ സംരക്ഷണ ശക്തീകരണം

1. എല്ലാ ഇടവകകളിലും Help Desk-ന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
2. EWS സർട്ടിഫിക്കറ്റിന് അർഹതയുള്ളവരുടെ ലിസ്റ്റ് ഇടവകാ തലത്തിൽ തയ്യാറാക്കി Help Desk-ന്റെ ആഭിമുഖ്യത്തിൽ സർട്ടിഫിക്കറ്റ് സ്വന്തമാക്കു വാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യും.
3. അതിരൂപതാ തലത്തിൽ ലീഗൽ സെൽ (നിയമവേദി) ആരംഭിക്കും. നിയമപണ്ഡിതരുടെ സംഗമം സംഘടിപ്പിക്കും. തർക്കങ്ങൾ, സിവിൽ കേസ് എന്നിവ ലീഗൽ സെല്ലിന്റെ സഹായത്തോടെ പരിഹരിക്കും.
4. അതിരൂപതയിലെ സമുദായ ശക്തീകരണത്തിനുള്ള കർമ്മപദ്ധികൾ കോർഡിനേറ്റ് ചെയ്യാൻ വൈദികരും അല്മായരും അടങ്ങുന്ന ഒരു Public Affairs കമ്മിറ്റി രൂപീകരിക്കും.

## ആദരിക്കൽ

ഇടവക, ഫൊറോന, അതിരൂപതാ തലത്തിൽ മികച്ച കർഷകരേയും, സംരംഭകരെയും, പൊതു പ്രവർത്തകരെയും, വ്യക്തിപരമായ നേട്ടങ്ങൾ കൈവരിച്ച പ്രതിഭകളെയും ആദരിക്കും.

സമുദായശാക്തീകരണവർഷത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തു വാൻ താഴെ പറയുന്ന കമ്മറ്റിയെ ചുതലപ്പെടുത്തി. കമ്മറ്റി അംഗങ്ങൾ എല്ലാ മാസവും യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നതാണ്.

1. മോൺ. ആന്റണി മുതുകുന്നേൽ
2. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
3. ഫാ. ഫിലിപ്പ് കവിയിൽ
4. ഫാ. സ്കറിയ വരമ്പകത്ത്
5. ഫാ. ജോർജ് കോവാട്ട്
6. ശ്രീ. ജോർജ് തയ്യിൽ
7. ശ്രീ. എം. ജെ. മാത്യു മണ്ടപത്തിൽ
8. ശ്രീ. ഫിലിപ്പ് വെളിയത്ത്
9. ശ്രീ. ജോണി തെക്കേക്കര

**മോൺ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോ സിഞ്ചെല്ലൂസ്*

# ഹെൽപ്പ് ഡെസ്ക്

## തലശ്ശേരി അതിരൂപത

**ഹെൽപ്പ് ഡെസ്ക് വോളന്റിയേഴ്സിന്റെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു**

ഹെൽപ്പ്ഡെസ്ക് വോളന്റിയേഴ്സിന്റെ പരിശീലന പരിപാടി 2025 ജനുവരി നാലാം തീയതി ശനിയാഴ്ച ഇരട്ടി സെന്റ് ജോസഫ് ദൈവാലയത്തിൽ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അധ്യക്ഷത വഹിച്ചു. ഇടവകവികാരി റവ. ഫാ. ജോസ് കളരിക്കൽ സ്വാഗതം ആശംസിച്ചു. ശ്രീ. ജോസ് തയ്യിൽ പരിശീലന പരിപാടിയിൽ ക്ലാസുകൾ നയിച്ചു. ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഡയറക്ടർ ഫാ. ജോസഫ് റാത്തപ്പിള്ളിൽ സംസാരിച്ചു. തുടർന്ന് വിവിധ റീജിയണിലായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

2025 ജനുവരി ഏഴാം തീയതി ചൊവ്വാഴ്ച്ച രാവിലെ ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിലും ഉച്ചകഴിഞ്ഞ് ചെമ്പേരി ലൂർദ്മാതാ ബസിലിക്കയിലും പരിശീലനങ്ങൾ നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗുകൾ പ്രോട്ടോസിഞ്ചെല്ലൂസ് റവ. ഫാ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. ആലക്കോട് പരിശീലന പരിപാടിയിൽ ഫൊറോന വികാരി റവ. ഫാ. ആന്റണി പുന്നൂർ, ചെമ്പേരിയിൽ ബസിലിക്ക റെക്ടർ റവ. ഫാ. ജോർജ് കാഞ്ഞിരങ്ങാട്ട് എന്നിവർ അധ്യക്ഷത വഹിച്ചു.

എട്ടാം തീയതി ബുധനാഴ്ച്ച രാവിലെ തോമാപുരം സെന്റ് തോമസ് ഫൊറോന പള്ളിയിലും പടിമരുത് സെന്റ് മേരീസ് ദൈവാലയത്തിലും വച്ചു നടന്ന പരിശീലന പരിപാടി പ്രോട്ടോസിഞ്ചെല്ലൂസ് റവ. ഫാ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. തോമാപുരത്തെ പരിശീലന പരിപാടിയിൽ ഫൊറോന വികാരി റവ. ഫാ. മാണി മേൽവെട്ടവും, പടിമരുതിൽ റവ. ഫാ. ജോൺസൺ വേങ്ങപറമ്പിലും അധ്യക്ഷത വഹിച്ചു.

പത്താം തീയതി വെള്ളിയാഴ്ച്ച പടന്നക്കാട് ഗുഡ്ഷെപ്പേഡ് ഫൊറോന ദൈവാലയത്തിൽവച്ചു നടന്ന പരിശീലന പരിപാടി തലശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ റവ. ഫാ. മാത്യു

ഇളംതുരുത്തിപ്പടവിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിശീലന പരിപാടിയിൽ ഹെൽപ്പ് ഡെസ്ക് ഡയറക്ടർ റവ. ഫാ. ജോസഫ് റാത്തപ്പിള്ളി അധ്യക്ഷത വഹിക്കുകയും, റവ. ഫാ. പ്രിയേഷ് കളരിമുറിയിൽ ആശംസ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

വിവിധ റീജിയണുകളിൽ നടത്തപ്പെട്ട പരിശീലന പരിപാടിയിൽ ഇടവകയിൽ നിന്നുള്ള ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ സംബന്ധിക്കുകയും ഹെൽപ്പ്ഡെസ്ക് പ്രവർത്തനങ്ങളെപറ്റി മനസ്സിലാക്കുകയും ചെയ്തു. ശ്രീ. ജോസ് തയ്യിൽ വിവിധ സാമൂഹിക ക്ഷേമപദ്ധതികളെക്കുറിച്ചും, EWS സംവരണത്തെക്കുറിച്ചും മറ്റു സേവനപദ്ധതികളെക്കുറിച്ചും ക്ലാസുകൾ നടത്തി. ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബഹു. ജനറാൾ അച്ചന്മാരും ഡയറക്ടർ അച്ചനും ഹെൽപ്പ് ഡെസ്ക് അംഗങ്ങളുമായി പങ്കുവച്ചു. ആറു സ്ഥലങ്ങളിലായി നടന്ന റീജണൽ പരിശീലന പരിപാടിയിൽ 350 പേർ പങ്കെടുത്തു.

ഈ പരിശീലന പരിപാടി വിജയകരമാക്കുവാൻ സഹകരിച്ച എല്ലാ അച്ചന്മാർക്കും ഹെൽപ് ഡെസ്ക് അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

**ഹെൽപ്പ് ഡെസ്ക് തുടർപ്രവർത്തനങ്ങൾ**

ഇടവകകളിലും കുടുംബകൂട്ടായ്മകളിലും ഹെൽപ്പ് ഡെസ്കിന്റെ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സ് നയിക്കാൻ ആഗ്രഹിക്കുന്ന ആളുകൾ ഹെൽപ്പ് ഡെസ്ക് ഡയറക്ടറുമായി ബന്ധപ്പെടുക. ഇപ്രകാരം ക്ലാസുകൾ നയിക്കുവാൻ യോഗ്യരായ ആളുകളെ കണ്ടെത്തി നൽകുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഇടവകകളിൽ സർക്കാർ, സർക്കാർ ഇതര പദ്ധതികളെക്കുറിച്ചും, EWS സംവരണത്തെകുറിച്ചും, ഹെൽപ് ഡെസ്ക് പ്രവർത്തനങ്ങളെകുറിച്ചും ക്ലാസ്സ് ആവശ്യമുള്ള വൈദികർ ഡയറക്ടർ അച്ചനുമായി ബന്ധപ്പെടുക.

Help Desk No. 9447528200

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോസിഞ്ചെല്ലൂസ്*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

## 1. ഡിപ്ലോമ പരീക്ഷ - നന്ദി

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ നടത്തി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപകർക്കും ക്ലാസ്സ് അധ്യാപകർക്കും അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

## 2. ഡിപ്ലോമ പുനർമൂല്യനിർണ്ണയം - സേ പരീക്ഷ

ഡിപ്ലോമ പരീക്ഷാഫലം മാർച്ച് 19 ബുധനാഴ്ച പ്രസിദ്ധപ്പെടുത്തുന്നതാണ്. ഉത്തരപേപ്പർ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 1 ചൊവ്വ ആയിരിക്കും. സേ-പരീക്ഷ ഏപ്രിൽ 6 ഞായറാഴ്ച നടത്തുന്നതാണ്. രോഗം മൂലമോ മറ്റേതെങ്കിലും ഗൗരവമായ കാരണങ്ങളാലോ ജനുവരി 26-ന് നടത്തിയ പരീക്ഷ എഴുതാൻ സാധിക്കാതെപോയ കുട്ടികൾക്ക് 2025 ഏപ്രിൽ 6-ന് നടത്തുന്ന സേ പരീക്ഷയുടെ ദിവസം പരീക്ഷ എഴുതാവുന്നതാണ്.

## 3. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയാക്കി പോകുന്നതിനുമുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ നിലനിർത്തുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 4. വാർഷികപരീക്ഷ I - XI - ഏപ്രിൽ 6 ഞായർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 06 ഞായറാഴ്ച രാവിലെ 11 മണി മുതൽ 01 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## 5. വിശ്വാസോത്സവം - ഏപ്രിൽ 01 മുതൽ 04 വരെ

വിശ്വാസോത്സവം ഏപ്രിൽ 01 മുതൽ 04 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം സമയബന്ധിതമായി പൂരിപ്പിച്ച് നൽകിയ എല്ലാവർക്കും നന്ദി. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 35 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

### a. വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം)

മാർച്ച 8 ശനിയാഴ്ച അതിരൂപതാതല പഠനശിബിരം നടത്തുന്നതാണ്. ▸ ഓരോ ഫൊറോനയിൽ നിന്നും 7 പേരടങ്ങുന്ന ഗ്രൂപ്പാണ് പഠന ശിബിരത്തിൽ പങ്കെടുക്കേണ്ടത് (1 വൈദികൻ, പ്രധാനാധ്യപകരുടെ പ്രതിനിധി, 5 വിശ്വാസപരിശീലകർ). ▸ ഫൊറോന പ്രസിഡണ്ട് ഗ്രൂപ്പിനെ രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമിന് പറഞ്ഞയക്കണം. ▸ ഓരോ ഫൊറോനയിലേക്കുമുള്ള വൈദികരെ വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിക്കുന്നതാണ്.

### b. വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)

മാർച്ച് 16 ഞായറാഴ്ച ഫൊറോനാതല പഠനശിബിരം നടത്തുന്നതാണ്. ▸ അതിരൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച 7 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും ഫൊറോനാതലത്തിൽ ട്രെയിനിംഗിന് നേതൃത്വം നല്കുന്നത്. ▸ ഫൊറോനാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. ▸ മാർച്ച് 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയായിരിക്കും ട്രെയിനിംഗ് പ്രോഗ്രം.

## 6. സ്കോളർഷിപ്പ് പരീക്ഷ

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▸ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി **ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് ഉത്തരപേപ്പറുകൾ ഏപ്രിൽ 14 തിങ്കളാഴ്ചക്കുള്ളിൽ** വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▸ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

## 7. അവധിക്കാല വേദപാഠം ഏപ്രിൽ 21-25

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 21 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 25-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന

കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതി കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 7-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 2000 രൂപയായിരിക്കും.

**8. ആസ്പെക്ട് 2024-2025**

➢വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഈ വർഷം പഠിക്കുന്നത് ''ദിവ്യകാരുണ്യത്തിൽ നിന്ന് ജീവകാരുണ്യത്തിലേക്ക്'' എന്ന പുസ്തകമാണ്. ➢ആസ്പെക്ട് എഴുത്തുപരീക്ഷ മാർച്ച് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 മണിവരെയുള്ള സമയത്ത് നടത്തുന്നതാണ്. ➢പരീക്ഷയ്ക്കുമുൻപായി ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 150 മോഡൽചോദ്യങ്ങൾ വിശ്വാസപരിശീലകർക്ക് നൽകുന്നതാണ്. ഒറ്റവാക്കിൽ ഉത്തരം എഴുതാനുള്ള 100 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.

**9. സഭാവിജ്ഞാനീയ ക്വിസ്**

വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള സഭാവിജ്ഞാനീയ ക്വിസ് മാർച്ച് 22 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3 മണിവരെ തളിപ്പറമ്പിൽവച്ച് നടത്തുന്നതാണ്. ❖ ''ദിവ്യകാരുണ്യത്തിൽ നിന്ന് ജീവകാരുണ്യത്തിലേക്ക്'' അധ്യായം 1 മുതൽ 7 വരെ ❖ സീറോമലബാർസഭയുടെ ചരിത്രം ❖ സഭയെ സംബ ന്ധിച്ച പൊതുവിവരങ്ങൾ.

**നിർദ്ദേശങ്ങൾ**

■ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് നൽകുന്നത്. ■ 30 ചോദ്യങ്ങൾക്ക് ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്.

**10. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി**

ജനുവരി 20, 21, 22, 23 തീയതികളിൽ പ്രധാനാധ്യാപകരുടെ മീറ്റിംഗ് നടത്തി. മീറ്റിംഗിൽ ഡിപ്ലോമ പരീക്ഷയുടെ ചോദ്യപേപ്പർ വിതരണം ചെയ്തു. പരീക്ഷ നടത്തിപ്പ് സംബന്ധമായ നിർദ്ദേശങ്ങൾ നൽകി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

**11. "എൻലൈറ്റ് 2024-2025"**

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. ▶ സെമിനാർ ഒരു ഫൊറോന യിൽ ഒന്നോ, രണ്ടോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▶ ഫെബ്രുവരി 2, 9, 16, 23 മാർച്ച് 2, 9, 16 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▶ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക്

അവസാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

### 12. "എൻലൈറ്റ്" - നന്ദി

ജനുവരി 5 ഞായറാഴ്ച വെള്ളരിക്കുണ്ട്, വിമലഗിരി-പരപ്പ എന്നീ സ്ഥലങ്ങളിൽവച്ച് വെള്ളരിക്കുണ്ട് ഫൊറോനയിൽ 7, 8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെയും ജനുവരി 12 ഞായറാഴ്ച ഏറ്റുപാറ, ചന്ദനക്കാംപാറ എന്നീ സ്ഥലങ്ങളിൽവച്ച് പൈസക്കരി ഫൊറോനയിൽ 7, 8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെയും എൻലൈറ്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ. ബിനോഷ് ആലയ്ക്കാമറ്റത്തിൽ, ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### 13. ദിവ്യകാരുണ്യസന്ധ്യ - നന്ദി

ചെമ്പന്തൊട്ടി ഫൊറോനയിലെ വിശ്വാസപരിശീലകരുടെ ദിവ്യകാരുണ്യസന്ധ്യ ജനുവരി 12 ഞായറാഴ്ച ചെമ്പന്തൊട്ടിയിൽവച്ച് നടത്തി. ഫൊറോന വികാരി വെരി. റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ ദിവ്യകാരുണ്യസന്ധ്യ ഉദ്ഘാടനം ചെയ്തു. 138 വിശ്വാസപരിശീലകർ ദിവ്യകാരുണ്യസന്ധ്യയിൽ പങ്കെടുത്തു.

### 14. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 3 തിങ്കളാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

### 15. വിസിറ്റ് - നന്ദി

ജനുവരി മാസത്തിൽ 15 സൺഡേസ്കൂളുകളിൽ അതിരൂപതാ വിസിറ്റ് നടത്തി. സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും, വിസിറ്റേഴ്സിനും, പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും നന്ദി.

### 16. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ഫെബ്രുവരി 9 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ് കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

### 17. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 18. അതിരൂപതാ മതബോധന കമ്മിറ്റി

2024-2025 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ 2025 മാർച്ച് 4-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണി മുതൽ 4 മണിവരെ സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസും ബഹു. ഫൊറോന വികാരിയച്ചന്മാരും ഫൊറോനാ പ്രസിഡന്റ് - സെക്രട്ടറിമാരും വിസിറ്റേഴ്സ് പ്രതിനിധികളും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും മതബോധന കമ്മിറ്റിയിൽ സംബന്ധിക്കുന്നു.

## 19. സീറോമലബാർ പ്രതിഭാസംഗമം 2024-2025 - അഭിനന്ദനങ്ങൾ

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ ഡിസംബർ 29, 30, 31 തീയതികളിൽ നടത്തിയ സംസ്ഥാനതല പ്രതിഭാസംഗമത്തിൽ അതിരൂപതയിൽ നിന്നും ആൽബിൻ സിബിച്ചൻ പള്ളിച്ചിറ, പൈസക്കരി സംസ്ഥാനതല പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന പ്രതിഭയ്ക്ക് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ അനുമോദനങ്ങൾ.

## 20. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

### സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 21. ജൂബിലി

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 22. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ

പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 23. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

### 24. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024–2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

### 25. റിട്ടയർമെന്റ്

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

### 26. ദിവ്യകാരുണ്യ വചനമത്സരം

ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് വിശ്വാസപരിശീലകർക്കായി തിരുവചന എഴുത്തുമത്സരം നടത്തുന്നു. വി. ഗ്രന്ഥത്തിലെ വി. കുർബാനയുമായി ബന്ധപ്പെട്ട വചനങ്ങളും വി. കുർബാനയിലേക്ക് സൂചന നൽകുന്ന വചനങ്ങളുമാണ് പഠിക്കേണ്ടത്. അതിരൂപതാതല വിജയികൾക്ക് 10000, 7000,

5000 രൂപ സമ്മാനം നൽകുന്നതാണ്. ഫൊറോനാതലത്തിലെ ഒന്നാം സ്ഥാന ക്കാർക്ക് 1000 രൂപ സമ്മാനമായി നൽകുന്നതാണ്. അവധിക്കാലത്തായി രിക്കും എഴുത്തുപരീക്ഷ നടത്തുക.

**27. സമുദായ ശക്തീകരണ വർഷ കർമ്മപദ്ധതികൾ**

**ജനുവരി:** അധ്യാപകശക്തീകരണം, പ്രധാനാധ്യാപക മീറ്റിംഗ്, **ഫെബ്രു വരി:** ഇടവക ചരിത്രപഠനം, ക്വിസ് മത്സരങ്ങൾ, **മാർച്ച്:** അഗതിമന്ദിര - രോഗിസന്ദർശനങ്ങൾ, **ഏപ്രിൽ:** തീർത്ഥാടനങ്ങൾ, **മെയ്:** പച്ചക്കറി വിത്ത് വിതരണം, ബോധവത്ക്കരണം, **ജൂൺ:** വലിയ കുടുംബങ്ങളുടെ സംഗമ ങ്ങൾ, അനുഭവ ഷെയറിംഗ്, **ജൂലൈ:** അതിരൂപത ചരിത്രപഠനം, ആദ്യകാല കുടിയേറ്റക്കാരെ ആദരിക്കൽ **ഓഗസ്റ്റ്:** ബൈബിൾ ചിത്രകഥ, ക്രിസ്തീയ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം, **സെപ്റ്റംബർ:** സമുദായ സംഭാവനക ളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, **ഒക്ടോബർ:** ക്രിസ്തീയ കല കളുടെ മത്സരം, ക്രിസ്ത്യൻ ഭക്ഷണവിഭവങ്ങൾ പരിചരിക്കൽ, **നവംബർ:** മുൻകാല വിശ്വാസപരിശീലകരുടെ സംഗമങ്ങൾ, **ഡിസംബർ:** ബൈബിൾ മാസാചരണം, വചനമെഴുത്ത് മത്സരം.

**28. ആദരാഞ്ജലികൾ**

കടുമേനി സൺഡേസ്കൂൾ അധ്യാപകനായിരുന്ന ജോൺ മുട്ടത്തുപാറ, ചെങ്ങോം സൺഡേസ്കൂൾ അധ്യാപകൻ ജെറിൻ ജോസഫ് റോയ് ശാസ്താംകുന്നേൽ, അരീക്കമല സൺഡേസ്കൂൾ പ്രധാനാധ്യാപകനായ ജോർജ് തച്ചിലേട്ട് സാറിന്റെ മാതാവ് മേരി തച്ചിലേട്ട് എന്നിവർ നിത്യസമ്മാനത്തി നായി വിളിക്കപ്പെട്ടു. പരേതരുടെ കുടുംബാംഗങ്ങളെ കാറ്റക്കെറ്റിക്കൽ അപ്പൊ സ്റ്റൊലേറ്റിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**29. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ കുളിനീർ, കോട്ടൂർ, തളിപ്പറമ്പ്, നെല്ലിക്കുന്ന്, പുന്ന ക്കുന്ന്, കാപ്പിമല, കീഴ്പ്പള്ളി, എണ്ണപ്പാറ, കരിക്കോട്ടക്കരി, മാലോം എന്നീ സൺഡേസ്കൂളുകളിൽ സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### ഹൃദ്യമായ സ്വാഗതം

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായിരിക്കുന്ന റവ. ഡോ. മാത്യു കൊട്ടുകാപ്പള്ളിൽ അച്ചന് ഹൃദ്യമായ സ്വാഗതം. പുതിയ പ്രവർത്തന മേഖലകളിൽ പ്രാർത്ഥനകളും വിജയാശംസകളും നേരുന്നു.

### ലോഗോസ് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും

2024 ലെ ലോഗോസ് ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഫൊറോന കേന്ദ്രങ്ങളിൽ 2025 ഫെബ്രുവരി മാസം എത്തിക്കുന്നതാണ്. ഓരോ ഇടവകയും നടത്തിയ രജിസ്ട്രേഷന് ആനുപാതികമായിട്ടാണ് സമ്മാനങ്ങൾ ലഭിക്കുക. അവയുടെ ലഭ്യതയനുസരിച്ച് ഓരോ ഗ്രൂപ്പിലും കൂടുതൽ മാർക്ക് ലഭിച്ചവർക്ക് അവ വിതരണം ചെയ്യുമല്ലോ. സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഇടവകകളിലെത്തിച്ച് അർഹതയുള്ളവർക്കു നൽകുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

### ബൈബിൾ വിതരണം

സമ്പൂർണ്ണ ബൈബിൾ ബൈബിൾ അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ ലഭ്യമാണ്.

വില:- * വലിയ അക്ഷരത്തിലുള്ളത് : 485 രൂപ

* ചെറിയ അക്ഷരത്തിലുള്ളത് : 340 രൂപ

### സഭാനവീകരണ ധ്യാനം

കേരളസഭാ നവീകരണ വർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിൽ ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ നടത്തി വന്ന നവീകരണ ധ്യാനങ്ങൾ 19 ഫൊറോനകളിലും പൂർത്തിയായി. 2022 ഡിസംബർ 1 ന് ആരംഭിച്ച ധ്യാനങ്ങൾ 2024 ഡിസംബർ 20

നാണ് സമാപിച്ചത്. നവീകരണ ധ്യാന സമാപന മീറ്റിങ്ങ് 2025 ജനുവരി 15 വൈകുന്നേരം 6.30 ന് സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ടു. സമർപ്പിതരുടെയും വൈദികരുടെയും ഭവനസന്ദർശനങ്ങൾ, കുമ്പസാരം, ധ്യാനവിചിന്തനങ്ങൾ, നവീകരണ പരിപാടികൾ എന്നിവയിലൂടെ അതിരൂപതയ്ക്ക് വലിയ ആത്മീയ ഉണർവ് നൽകുവാൻ ഈ നവീകരണ ധ്യാനത്തിന് സാധിച്ചെന്നും, വൈദി കരുടെയും സമർപ്പിതരുടെയും അൽമായരുടെയും നിസ്വാർത്ഥ സഹകരണ ത്തിന്റെയും ആത്മാർത്ഥ സേവനത്തിന്റെയും ഫലമായിട്ടാണ് ഈ നവീകരണ ധ്യാനം ഇത്രമേൽ വിജയിപ്പിക്കുവാൻ കഴിഞ്ഞതെന്നും അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. മാർ ജോർജ് വലിയമറ്റം പിതാവ് ധ്യാന ടീം അംഗങ്ങളെ അഭിനന്ദിച്ചുകൊണ്ട് സംസാരിക്കുകയും സമ്മാനങ്ങൾ വിത രണം ചെയ്യുകയും ചെയ്തു. റവ. ഡോ. ഫിലിപ്പ് കവിയിൽ, റവ. ഫാ. ജിതിൻ എം.സി.ബി.എസ്, റവ. ഫാ. ജെയ്സൺ കോലക്കുന്നേൽ, റവ. സി. സ്നേഹ എം.എസ്.ജെ, എന്നിവർ നവീകരണ ധ്യാനത്തെക്കുറിച്ചുള്ള വിലയിരുത്ത ലുകൾ നടത്തി. നവീകരണ വർഷ ധ്യാന കൺവീനർ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, കോർഡിനേറ്റർ ഫാ. മനു മാപ്പിളപ്പറമ്പിൽ എന്നിവർ സ്വാഗ തവും നന്ദിയും അർപ്പിച്ചു സംസാരിച്ചു.

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മരി യൻ പിൽഗ്രിം മിനിസ്ട്രി 2025 ജൂബിലി വർഷത്തിൽ വിശുദ്ധ നാട്ടിലേയ്ക്കും (2025 ഏപ്രിൽ 21) യൂറോപ്പിൻ രാജ്യങ്ങളി ലേയ്ക്കും (2025 മെയ് 11) തീർത്ഥാടനം സംഘടിപ്പിക്കുന്നുണ്ട്.

യാത്രകളെക്കുറിച്ച് കൂടുതൽ അറിയാനും സീറ്റുകൾ ബുക്ക് ചെയ്യുവാനും 7306266198 എന്ന നമ്പറിൽ ബന്ധപ്പെടാവു ന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി**

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പുത്തൻ തീരുമാനങ്ങളുമായി പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നമ്മുടെ ജീവിതത്തെ പ്രേഷിത തീക്ഷ്ണതയാൽ പ്രോജ്ജ്വലരാക്കുമ്പോൾ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റെയും സഹനത്തിന്റെയും വിത്തുകൾ വിതറി നമ്മുടെ പ്രവർത്തന മേഖലകളിൽ നൂറുമേനി ഫലം വിളയിക്കുവാൻ ഈ ഫെബ്രുവരിമാസത്തിൽ എല്ലാ പ്രിയ പ്രേഷിതർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു... ആശംസിക്കുന്നു...

> അനുസ്മരിക്കുന്ന തിരുനാൾ : വാ. റാണിമരിയ
> അനുസ്മരിക്കുന്ന വിശുദ്ധ : വി. ബ്രിജീറ്റ്
> പ്രാർത്ഥനാനിയോഗം : തിരുബാലസഖ്യം കുട്ടികൾക്കായി
> സുകൃതജപം : ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു.
> *വിശുദ്ധയെ അറിയാൻ സ്നേഹിക്കാൻ* : നവമാലിക 7-ാം അദ്ധ്യായം

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 08 ശനി | : | റീജണൽ സംഗമം - കാഞ്ഞങ്ങാട്, ആലക്കോട് |
| 9 ഞായർ | : | തിരുബാലസഖ്യദിനം |
| 11 ചൊവ്വ | : | ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| 15 ശനി | : | റീജണൽ സംഗമം - ഇരിട്ടി, ചെമ്പേരി |
| 25 ചൊവ്വ | : | വാ. റാണിമരിയയുടെ തിരുനാൾ |

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, പരീക്ഷ ഒരുക്കധ്യാനം, എം.റ്റി.സി. മേഖലാതല സെമിനാറുകൾ, തിരുബാലസഖ്യദിനം.

**3. മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്**

മിഷൻലീഗ് - തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2024 - 2025 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യു

ന്നതിനുമായി ഈ മാസം 1-ാം തീയതി ശനിയാഴ്ച മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് തളിപ്പറമ്പ് വച്ച് കൂടുന്നതാണ്.

### 4. എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

### 5. എം.റ്റി.സി. ക്യാമ്പ്

മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ സാഹചര്യം അനുസരിച്ച് സാധിക്കുന്നിടത്തോളം ഈ മാസം തന്നെ ക്യാമ്പ് നടത്തി അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് മാർച്ച് 10-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്.

### 6. പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന

ഈ വർഷം 10-ാം ക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥന വഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

### 7. ബഹു. വൈസ് ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

- 2024 – 2025 വർഷത്തെയും; അതിന് മുമ്പുള്ള വർഷത്തെയും അംഗത്വ ഫീസ്, വാർഷിക വിഹിതം, മറ്റ് കുടിശ്ശികകൾ തരാനുള്ളവർ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.
- സാധിക്കുന്നവിധത്തിൽ പഞ്ചാബ് മിഷന് ഉണ്ണീശോകട്ടിൽ വാങ്ങാൻ സഹായിക്കുമല്ലോ.

### 8. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2025 –26 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും

അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ.

**9. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഫെബ്രുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**10. മേഖലാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഇനി സന്ദർശിക്കാത്ത എല്ലാ മേഖലകളും ഈ മാസം തന്നെ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവ് റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

**11. ശാഖാ വൈസ് ഡയറക്ടേഴ്സ്/മേഖല ഭാരവാഹികൾ റീജണൽ സംഗമം**

ഫെബ്രുവരി 8 ശനിയാഴ്ച രാവിലെ കാഞ്ഞങ്ങാട്, ഉച്ചകഴിഞ്ഞ് ആലക്കോട് റീജനുകളിലായും ഫെബ്രുവരി 15 ശനിയാഴ്ച രാവിലെ ഇരിട്ടി, ഉച്ചകഴിഞ്ഞ് ചെമ്പേരി റീജനുകളിലുമായും വൈസ്ഡയറക്ടേഴ്സ്/ മേഖല ഭാരവാഹികളുടെ സംഗമം നടത്തുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

**12. റീജനൽ സെമിനാർ**

പെനുവേൽ: മിഷൻലീഗ് കുട്ടികളിൽ ആത്മീയ ഉണർവും അടിയുറച്ച വിശ്വാസവും പ്രേഷിതതീക്ഷ്ണതയും വളർത്തുക എന്ന ലക്ഷ്യത്തോടെ 5-ാം ക്ലാസുമുതൽ 9-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കായി പെനുവേൽ എന്ന പേരിൽ റീജനൽ തലത്തിൽ സെമിനാർ നടത്തപ്പെടുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തട്ടെ.

**നിർദ്ദേശങ്ങൾ**

1. 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളാണ് പങ്കെടുക്കേണ്ടത്.
2. ഫെബ്രുവരി 08-ാം തീയതി ശനിയാഴ്ച രാവിലെ 10.00 ന് കാഞ്ഞങ്ങാട് റീജനും ഉച്ചകഴിഞ്ഞ് 2.30 ന് ആലക്കോട് റീജനിലും ഫെബ്രുവരി 15-ാം തീയതി ശനിയാഴ്ച രാവിലെ 9.30ന് ഇരിട്ടി റീജനും 2.30ന് ചെമ്പേരി റീജനുമായിരിക്കും നടത്തപ്പെടുക.
4. ഒരു ശാഖയിൽനിന്നും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ 5 പേരാണ് പങ്കെടുക്കേണ്ടത്.
6. സെമിനാർ നടത്തപ്പെടുന്ന സ്ഥലവും കൂടുതൽ വിവരങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

**13. പരീക്ഷ ഒരുക്കധ്യാനം**

പരീക്ഷയ്ക്കു ഒരുങ്ങുന്ന അതിരൂപതയിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ധ്യാനം ക്രമീകരിക്കപ്പെടുന്നു. തീയതി, സ്ഥലം എന്നിവ പിന്നീട് അറിയിക്കുന്നതായിരിക്കും.

**14. ജീവകാരുണ്യകൂപ്പൺ**

മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും എത്തിച്ച ജീവകാരുണ്യ കൂപ്പൺ തിരികെ മേഖലകളിൽ എത്തിച്ചുകാണുമെന്ന് കരുതുന്നു. ഫെബ്രുവരി 20-ാം തീയതി ആയിരിക്കും അതിരൂപതയിൽ ജീവകാരുണ്യ കൂപ്പൺ തിരഞ്ഞെടുപ്പ് നടത്തപ്പെടുക. ഫെബ്രുവരി 5-ാം തീയതി തുകയും മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലയുടെ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കേണ്ടതാണ്. ഒരു ബുക്ക് മുഴുവൻ വിറ്റ് കഴിയുമ്പോൾ 40 രൂപ കുട്ടിക്കും, 40 രൂപ ശാഖയ്ക്കും, 40 രൂപ മേഖലയ്ക്കും മേഖലയുടെ നേതൃത്വത്തിൽ 80 രൂപ അതിരൂപതയിലും നൽകേണ്ടതാണ്. നേരത്തെ നൽകിയ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ...

**15. ക്രിസ്കാർഡ് മത്സരവിജയികൾ**

| | | |
|---|---|---|
| I st | ഹന്ന ട്രീസ കുഴിയൻപ്ലാവിൽ | - നെല്ലിക്കാംപൊയിൽ |
| II nd | റോസ് മരിയ തെക്കേത്തോട്ടത്തിൽ | - തളിപ്പറമ്പ |
| III rd | കൃപ ജോൺസൻ പൈമ്പിള്ളിൽ | - പൈസക്കരി |
| | ആഷൽ ബിജു കളപ്പുരയിൽ | - വിജയഗിരി |

**16. ആൽബം നിർമ്മാണ വിജയികൾ**

I st മണിക്കടവ് ശാഖ

II nd ഉമ്മറപൊയിൽ ശാഖ

III rd ചെമ്പന്തൊട്ടി ശാഖ

**പ്രോത്സാഹന സമ്മാനങ്ങൾ:**

എടൂർ, പാത്തൻപാറ, തയ്യേനി, ചെങ്ങോം, വെള്ളരിക്കുണ്ട്, പയ്യാവൂർ, പരിയാരം, ജയഗിരി.

**17. ക്ലിക്ക് ഷോട്ട് (ഷോർട്ട് ഫിലിം) വിജയികൾ**

I st വെള്ളരിക്കുണ്ട് ശാഖ

II nd കരിക്കോട്ടക്കരി ശാഖ

III rd കരുവഞ്ചാൽ ശാഖ

**പ്രോത്സാഹനസമ്മാനങ്ങൾ:**

മണിപ്പാറ, നടുവിൽ, പരിയാരം

**18. പൂമ്പാറ്റ (ആംഗ്യപ്പാട്ട്)വിജയികൾ**

I[st] പേരാവൂർ ശാഖ

II[nd] കരുവഞ്ചാൽ ശാഖ

III[rd] വായാട്ടുപറമ്പ ശാഖ

**പ്രോത്സാഹനസമ്മാനങ്ങൾ:**

തോമാപുരം, വെള്ളരിക്കുണ്ട്, മുണ്ടാന്നൂർ, ചീമേനി

**19. മിഷൻ പച്ചക്കറിത്തോട്ടം വിജയികൾ**

I[st] മണിപ്പാറ ശാഖ

II[nd] പേരട്ട ശാഖ

III[rd] മുടയരഞ്ഞി ശാഖ

**പ്രോത്സാഹനസമ്മാനങ്ങൾ:**

നെടുവാലൂർ, മണ്ഡപം, ജയഗിരി, ആലക്കോട്, മുളപ്ര, ഏറ്റുപാറ, കടുമേനി, കള്ളാർ.

**20. സെമിനാറുകൾ, ക്ലാസ്സുകൾ**

- 22.12.2024 ന് നെല്ലിക്കാംപൊയിൽ മേഖല എം.റ്റി.സി ക്യാമ്പിന് ഫാ. ജോസഫ് വടക്കേപ്പറമ്പിൽ കുട്ടികൾക്ക് സെമിനാർ എടുത്തു.
- 22.12.2024 ന് കാലിച്ചാനടുക്കം ശാഖയിലെ കുട്ടികൾക്ക് ശ്രീ. ബേബി പ്ലാശ്ശേരി സെമിനാർ എടുത്തു.
- 25.12.2024 ന് ജയഗിരി ശാഖയിലെ ക്യാമ്പിൽ കുട്ടികൾക്ക് ജെസ്സി ഷിജി വട്ടക്കാട്ട് സെമിനാർ എടുത്തു.
- 12.01.2025 ന് തടിക്കടവ് ശാഖയിലെ കുട്ടികൾക്ക് ഷിജോ സ്രായിൽ സെമിനാർ എടുത്തു.

**21. ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് പേരാവൂർ മേഖല, റീജിയണൽ ഓർഗനൈസർ ജെറിൻ ജോസഫ് ശാസ്താംകുന്നേലിന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 9-ാം തിയതി ഞായറാഴ്ച തിരുബാലസഖ്യ ദിനമായി നാം ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങൾ സഭയുടെ സമ്പത്തും രാഷ്ട്രത്തിന്റെ മുതൽക്കൂട്ടുമാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് നന്മയായത് ചിന്തിക്കുവാനും നന്മയായത് പ്രവർത്തിക്കുവാനും വേണ്ട സാഹചര്യങ്ങൾ നമുക്ക് ഒരുക്കിക്കൊടുക്കാം. ഉണ്ണീശോയുടെ എല്ലാ പ്രിയ കൂട്ടുകാർക്കും തിരുബാലസഖ്യദിനത്തിന്റെ ആശംസകൾ...

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : വാ. റാണിമരിയ |
| അനുസ്മരിക്കുന്ന വിശുദ്ധ : ലൂർദ്ദ് മാതാവ് |
| പ്രാർത്ഥനാനിയോഗം : അനാഥകുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക. |
| സുകൃതംജപം : ഈശോയെ അങ്ങയെപ്പോലെ മാതാപിതാക്കളെ അനുസരിച്ച് വളരാൻ എന്നെ സഹായിക്കണെ. |
| വചനം : ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ (വി. ലൂക്ക 2.49) |
| എയ്ഞ്ചൽസ് ബീറ്റ്സ് : വാഴ്ത്തപ്പെട്ട റാണി മരിയയുടെ ജീവചരിത്രം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക. |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 9 ഞായർ | : | തിരുബാലസഖ്യദിനം |
| 11 ചൊവ്വ | : | ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| 25 ചൊവ്വ | : | വാ. റാണിമരിയയുടെ തിരുനാൾ |

**2. തിരുബാലസഖ്യദിനം**

ഫെബ്രുവരി 9-ാം തിയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ ആഘോഷിക്കുമല്ലോ. തിരുബാലസഖ്യം സംഘടനയെക്കുറിച്ച് കുട്ടികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഉപകരിക്കത്തക്ക രീതിയിലുള്ള പ്രോഗ്രാമുകൾ നടത്തുമല്ലോ. അതിരൂപതാതല തിരുബാലസഖ്യദിനം കോടോപ്പള്ളി ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

### 3. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഫെബ്രുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

### 4. ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റ് ജേതാക്കൾ

തിരുബാലസഖ്യം അതിരൂപതാ കലോത്സവത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം നേടി പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റിന് ഓടംതോട് ശാഖയിലെ ക്രിസാന്റോ ജോയി മുല്ലുക്കുന്നേൽ, ഉദയഗിരി ശാഖയിലെ ജുവൽ മേരി ഉണ്ണിയേപ്പള്ളി എന്നിവർ അർഹരായി.

### 5. എയ്ഞ്ചൽസ് ഫെസ്റ്റ് (അതിരൂപത കലോത്സവം)

തിരുബാലസഖ്യം അതിരൂപതാ കലോത്സവം (എയ്ഞ്ചൽസ് ഫെസ്റ്റ്) 2025 ജനുവരി 11-ാം തീയതി ആലക്കോട് സെന്റ് മേരീസ് സ്കൂളിൽ വച്ച് നടന്നു. രാവിലെ 9.45 ന് ആലക്കോട് ഫൊറോന വികാരി ഫാ. ആന്റണി പുന്നൂർ കലോത്സവം ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ അധ്യക്ഷനായിരുന്ന കലോത്സവത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഏവർക്കും സ്വാഗതം ആശംസിച്ചു.

അതിരൂപതാ കലോത്സവത്തിൽ വായാട്ടുപറമ്പ്, എടൂർ, വെള്ളരിക്കുണ്ട് എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. 19 മേഖലകളിൽനിന്നുമായി 600 കലാപ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാകുട്ടികൾക്കും കുട്ടികളെ പഠിപ്പിച്ചൊരുക്കിയ വൈസ്ഡയറക്ടേഴ്സിനും, മാതാപിതാക്കൾക്കും പ്രത്യേകം നന്ദി. കലോത്സവത്തിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ഏറ്റവും മനോഹരമായി ക്രമീകരിച്ച സെന്റ് മേരീസ് സ്കൂൾ അധികാരികൾക്കും ചെറുപുഷ്പ മിഷൻലീഗ് ശാഖാ ഭാരവാഹികൾക്കും മറ്റെല്ലാ സംഘടനാ പ്രവർത്തകർക്കും ചെറുപുഷ്പ മിഷൻലീഗ് ആലക്കോട് മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും തിരുബാലസഖ്യം സെൻട്രൽ ടീം അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

### 6. ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം...

ഈ മാസം നമുക്ക് ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം എന്ന ഏഴാം അധ്യായം പഠിക്കാം. ഈശോ സന്തോഷത്തോടെയാണ് എപ്പോഴും

ജീവിച്ചിരുന്നത്. നല്ല പ്രസരിപ്പോടും ഉത്സാഹത്തോടും എല്ലാ പ്രവർത്തികളും അവൻ ചെയ്തു... പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ എപ്പോഴും സന്തോഷമുള്ളവരായിരിക്കാം...

**7. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം എന്ന ഏഴാം അധ്യായത്തിലെ പേജ് 37 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഫെബ്രുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**8. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം എന്ന ഏഴാം അധ്യായത്തിലെ പേജ് 38 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ഫെബ്രുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**9. നിറംകൊടുക്കാമോ ? ജനുവരി മാസത്തെ വിജയികൾ**

I റബേക്ക കദളിക്കാട്ടിൽ - പാലാവയൽ

II എറിക് ജോൺ ജെയ്സോ - കണിച്ചാർ

III ആൻവിയ ജോബി - പടിയൂർ

**10. നിങ്ങൾക്കറിയാമോ ? ജനുവരി മാസത്തെ വിജയികൾ**

I ജോയിസ് ജോമോൻ വേളാശ്ശേരി - കണിച്ചാർ

II ജീവൽ മരിയ ചേലമരത്തിങ്കൽ - കണിച്ചാർ

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല,
അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല "
(വിലാപങ്ങൾ 3:22)

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**മേഖലകൾ/യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

ഫെബ്രുവരി 11 - ലൂർദ്ദ് മാതാവിന്റെ തിരുനാൾ
- രോഗീദിനം

ഫെബ്രുവരി 25 - വാ. റാണി മരിയയുടെ തിരുനാൾ

**യൂത്ത് സൺഡേ**

തലശ്ശേരി അതിരൂപത സമുദായ ശാക്തീകരണ വർഷത്തിലൂടെ ശക്തി കൈവരിച്ച് കൊണ്ടിരിക്കുകയാണ്. കെ.സി.വൈ.എം തലശ്ശേരി അതിരൂപത യുവജന ശാക്തീകരണത്തിനായി 'യൂത്ത് സൺഡേ' എന്ന ആശയം അവതരിപ്പിക്കുന്നു. എല്ലാ മാസത്തിലും രണ്ടാം ഞായറാഴ്ച ആദ്യത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം യുവജനങ്ങൾ ഒന്നിച്ചു ചേരുകയും സാമുദായിക ആശയങ്ങൾ പങ്ക് വെയ്ക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാവുന്ന തരത്തിലാണ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്.

ഫെബ്രുവരി ഒമ്പത് ഞായറാഴ്ച പരിപാടി തുടങ്ങി ഇതിനോട് സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

മീറ്റിംഗ് സമയം ഇടവകകളിലെ കുർബാന സമയം അനുസരിച്ച് വികാരിയച്ചൻമാർക്ക് തീരുമാനിക്കാവുന്നതാണ്. 15-35 ഇടക്കുള്ള യുവജനങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുക.

**മിഷൻയാത്ര**

ഈ വർഷം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശിലെ ബിജിനോറിലേക്കാണ് മിഷൻയാത്ര പോകുന്നത്. 10 ദിവസത്തെ യാത്ര മെയ് ആദ്യവാരമാണ് പോകുന്നത്.

**പരാതി നൽകി**

കേരള വനം ഭേദഗതി നിയമത്തിൽ മാറ്റം വരുത്തണമെന്നും കർഷക വിരുദ്ധവും ജനവിരുദ്ധവുമായ വകുപ്പുകൾ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് വനം മന്ത്രി എ.കെ ശശീന്ദ്രൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് കത്തയച്ചു. വനം വകുപ്പ് സ്വീകരിക്കുന്ന നടപടികളാൽ മലയോര കർഷകരും ആദിവാസികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടികാട്ടിയാണ് പരാതി നൽകിയത്.

**ബാഡ്മിന്റൺ ടൂർണമെന്റ്**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ വച്ചു കുന്നോത്ത് ഫൊറോനയുടെ ആതിഥേയത്വത്തിൽ ബാഡ്മിന്റൺ ടൂർണമെന്റ് സംഘടിപ്പിച്ചു. കെസിവൈഎം ഉളിക്കൽ യൂണിറ്റ്, ആനപ്പന്തി യൂണിറ്റ്, പേരാവൂർ യൂണിറ്റ് എന്നിവർ യഥാക്രമം വിജയികളായി. ജുവൽ ജോസഫ് **Best player** ആയി തിരഞ്ഞെടുക്കപ്പെട്ടു. ഈ മനോഹര നിമിഷങ്ങൾക്ക് നേതൃത്വം നൽകിയ കെസിവൈഎം കുന്നോത്ത് ഫൊറോന സമിതിക്കും ഫൊറോന പ്രസിഡന്റ് ശ്രീ. അനൽ സാബു കുഴിയംപ്ലാക്കലിനും ഫൊറോന ഡയറക്ടർ ഫാ. ജിന്റോ പാണാംകുഴിക്കും അതിരൂപതാ യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**A LIGHT OF BETHLEHEM**

അതിരൂപത സമിതിയുടെ നേതൃത്വത്തിൽ എടൂർ മൈത്രിഭവൻ സന്ദർശിച്ചു. അന്തേവാസികളോടൊപ്പം കേക്ക് മുറിച്ച് സൗഹൃദം പങ്കുവെച്ചു.

**KERALA YOUTH CONFERANCE**

കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ മൂവാറ്റുപുഴയിൽ വച്ചു നടത്തിയ KYC പ്രോഗ്രാമിൽ അതിരൂപത കൗൺസിലർ ജോയൽ പി.ജെ, എമിൽ ജോസ് പുതുക്കുളങ്ങര എന്നിവർ സംബന്ധിച്ചു.

**സ്നേഹവീട് - കട്ടിളവെപ്പ്**

പാലത്തിൻകടവ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന സ്നേഹവീടിന്റെ കട്ടിള വെപ്പ് കെസിവൈഎം തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. അഖിൽ മുക്കുഴി നിർവ്വഹിച്ചു.

**പ്രാർത്ഥനാശംസകൾ**

എറണാകുളം അങ്കമാലി അതിരൂപതയിൽ മേജർ ആർച്ചു ബിഷപ്പിന്റെ വികാരിയായി നിയമിതനായ മാർ ജോസഫ് പാംപ്ലാനി പിതാവിന് അതിരൂപത യുവജന കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**ആദരാഞ്ജലികൾ**

കെസിവൈഎം തലശ്ശേരി അതിരൂപത വൈസ് ഡയറക്ടർ സി. ജോസ്ന റോസ് എസ്.എച്ചിന്റെ വത്സല പിതാവ് ജോസഫ് കാരിക്കകുന്നേ

ലിനും കെസിവൈഎം പേരാവൂർ ഫൊറോന ജനറൽ സെക്രട്ടറി ജെറിൻ ജോസഫ് റോയിക്കും അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ ആദരാഞ്ജലികൾ.

**ഫൊറോന വാർത്തകൾ**

**കാസറഗോഡ് ഫൊറോന**

- **നസ്രാണി കാർണിവൽ**
  നസ്രാണി പാരമ്പര്യവും കലകളും അണിനിരത്തി നസ്രാണി കാർണിവൽ കെസിവൈഎം കാസറഗോഡ് ഫൊറോനാതല ഉദ്ഘാടനം മുള്ളേരിയ യൂണിറ്റിൽ വച്ചു നടന്നു. അതിരൂപത ഡയറക്ടർ ഫാ. അഖിൽ മുക്കുഴി ഉദ്ഘാടനം നിർവ്വഹിച്ചു. ഫൊറോന പ്രസിഡന്റ് ഫെബിൻ ചിറയിൽ അധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. ചാക്കോ കുടിപറമ്പിൽ, മുള്ളേരിയ വികാരി ഫാ. ജോസ് തുടങ്ങിയവർ പങ്കെടുത്തു.
- യുവരചന സാഹിത്യ മത്സരത്തിൽ വിജയികളായ യൂണിറ്റിന് ഫാ. ഷിൻസ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫി സമ്മാനിച്ചു.
- കാസറഗോഡ് ഫൊറോനകളിലെ പ്രധാന ടൗണുകളിൽ ക്രിസ്തുമസ്സ് കരോൾ നടത്തി.

**വെള്ളരിക്കുണ്ട് ഫൊറോന**

- **നസ്രാണി കാർണിവൽ**
  നസ്രാണി പാരമ്പര്യ കലകൾ അണിനിരത്തിക്കൊണ്ട് നസ്രാണി കാർണിവൽ കെസിവൈഎം വെള്ളരിക്കുണ്ട് ഫൊറോനാതല ഉദ്ഘാടനം ബളാൽ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടന്നു. ഫൊറോനാതല ഉദ്ഘാടനം ചെറുപുഷ്പ മിഷൻലീഗ് വെള്ളരിക്കുണ്ട് ഫൊറോന ഡയറക്ടർ ഫാ. ജെയിംസ് മൂന്നാനപ്പള്ളിൽ നിർവഹിച്ചു. ഫൊറോന പ്രസിഡന്റ് അമൽ പേഴുകാട്ടിൽ അധ്യക്ഷത വഹിച്ചു. ഫാ. ജോബിൻ കൊട്ടാരത്തിൽ, ഫൊറോന ഡയറക്ടർ ഫാ. ഷാനറ്റ് ചിരണക്കൽ, ഫൊറോന സെക്രട്ടറി ജിനിൽ കളരിക്കൽ, കെസിവൈഎം തലശ്ശേരി അതിരൂപത സ്റ്റേറ്റ് സിൻഡിക്കേറ്റ് വിപിൻ മാറുകാട്ടുകുന്നേൽ, റോസ് തോട്ടത്തിൽ, അതിരൂപത ട്രഷറർ എമിൽ നെല്ലംകുഴിയിൽ, അഖിൽ നെല്ലിക്കൽ, ജോയൽ പി.ജെ. എന്നിവർ പ്രസംഗിച്ചു.
- കെസിവൈഎം വെള്ളരിക്കുണ്ട് ഫൊറോനയുടെ ജനുവരി മാസത്തെ ഹൃദയപൂർവ്വം പദ്ധതി വിളമന പ്രൊവിഡൻസ് ഹോമിൽ പൂർത്തിയായി. ഈ ഉദ്യമത്തോട് സഹകരിച്ച കെസിവൈഎം തലശ്ശേരി അതിരൂപത ജനറൽ സെക്രട്ടറി ശ്രീ അബിൻ വടക്കേക്കരക്ക് ഫൊറോന യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

- കെസിവൈഎം വെള്ളരിക്കുണ്ട്, മാലോം ഫൊറോനകളുടെ സംയുക്താഭിമുഖ്യത്തിൽ പതിനെട്ടോളം ഇടവകകളുടെ നേതൃത്വത്തിൽ വെള്ളരിക്കുണ്ടിൽ ഫെലിസ് നവിദാത് ക്രിസ്തുമസ്സ് സന്ദേശയാത്രയും പാപ്പ സംഗമവും നടന്നു. 3000 ലധികം യുവജനങ്ങൾ അണിനിരന്നു.
- കെസിവൈഎം വെള്ളരിക്കുണ്ട് ഫൊറോനയുടെ ഡിസംബർ മാസത്തെ ഹൃദയപൂർവ്വം പദ്ധതി കരുവഞ്ചാൽ സ്പെഷ്യൽ സ്കൂളിൽ പൂർത്തീകരിച്ചു.

**ചെറുപുഴ ഫൊറോന**

- **ബൈക്ക് റാലി**

  ദിവ്യകാരുണ്യ കോൺഗ്രസ്സിനോട് അനുബന്ധിച്ച് കെസിവൈഎം എസ്എംവൈഎം ചെറുപുഴ ഫൊറോന സമിതിയുടെ ആഭിമുഖ്യത്തിൽ ദിവ്യകാരുണ്യ കോൺഗ്രസ്സ് വിളംബര ബൈക്ക് റാലി ചെറുപുഴയിൽ നിന്ന് തോമാപുരം പള്ളിയിലേക്ക് നടത്തി.
- **JINGLE BELLS SEASON 3**

  ക്രിസ്തുമസ്സ് ദിനത്തോടനുബന്ധിച്ച് ക്രിസ്തുമസ്സ് സന്ദേശയാത്ര ചെറുപുഴ ടൗണിലേക്ക് നടത്തി. കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ.അഖിൽ മുക്കുഴി സന്ദേശം അറിയിക്കുകയും ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് ചെറുപുഴ ഫൊറോനയിൽ നടത്തിയ റീൽസ് മത്സരത്തിൽ വിജയി ആയ കെസിവൈഎം പുളിങ്ങോം യൂണിറ്റിന് സമ്മാനം നൽകുകയും ചെയ്തു.
- **പൊതിച്ചോർ**

  അകാലത്തിൽ പൊലിഞ്ഞ ഷിൻസച്ചന്റെ ഓർമ്മയ്ക്കായി നടത്തി വരുന്ന പൊതിച്ചോർ വിതരണം കാക്കയംചാൽ എയ്ഞ്ചൽസ് ഹോം സ്പെഷ്യൽ സ്കൂളിൽ വച്ചു നടത്തപ്പെട്ടു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ക്രിസ്തു തന്റെ മനുഷ്യാവതാരത്തിലൂടെ വെളിപ്പെടുത്തിയതും തന്റെ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയതുമായ സത്യം മനുഷ്യമഹത്വമാണ് (Human Dignity). എന്നാൽ മനുഷ്യത്വമില്ലായ്മയുടെ നിരവധിയായ ദുരന്തകാഴ്ചകൾ കണ്ടും കേട്ടുമാണ് നമ്മുടെ ഓരോ ദിനവും കടന്നുപോകുന്നത്. മനുഷ്യത്വമില്ലായ്മയെ വി. ജോൺപോൾ രണ്ടാമൻ വിശേഷിപ്പിക്കുന്നത് മരണസംസ്ക്കാരം എന്നാണ് (Address to the Pontifical Academy for life, 22.02.1996). മനുഷ്യത്വത്തിന്റെ മഹത്തായ സുവിശേഷം ജീവിക്കാനും പങ്കുവയ്ക്കാനുമുള്ള ദൈവവിളി സ്വീകരിച്ചിരിക്കുന്നവരാണ് ഓരോ കുടുംബവും. ഇത്തരുണത്തിൽ സമൂഹത്തിൽ പ്രബലമായിരിക്കുന്ന മരണ സംസ്ക്കാരത്തെ ചെറുത്ത് തോൽപ്പിക്കാൻ ഒരു ജീവസംസ്ക്കാരം (Culture of Life) നമുക്ക് കെട്ടിപ്പടുക്കാം. അതിനായി നമ്മുടെ കുടുംബങ്ങളെയും സമുദായ സംഘടനകളെയും ശക്തരാക്കാൻ ഒരുമയോടെ സഹകരിച്ച് പ്രവർത്തിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജനുവരി 02-04, 23-25 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 300 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| February | 13-15 | (Thusday-Saturday) | Thalassery |
| March | 20-22 | (Thusday-Saturday) | Padannakkad |
| April | 03-05 | (Thusday-Saturday) | Thalassery |
| April | 22-24 | (Tuesday-Thursday) | Padannakkad |
| May | 15-17 | (Thusday-Saturday) | Thalassery |
| June | 12-14 | (Thusday-Saturday) | Thalassery |
| July | 17-19 | (Thusday-Saturday) | Padannakkad |
| August | 21-23 | (Thusday-Saturday) | Thalassery |
| September | 18-20 | (Thusday-Saturday) | Padannakkad |
| October | 16-18 | (Thusday-Saturday) | Thalassery |
| November | 13-15 | (Thusday-Saturday) | Padannakkad |
| December | 18-20 | (Thusday-Saturday) | Thalassery |

## II. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ജനുവരി 5ന് നേരിട്ടും ജനുവരി 7ന് ഓൺലൈനായും എക്സിക്യൂട്ടീവ് മീറ്റിംങ്ങുകൾ നടത്തി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. അടുത്ത മാസത്തെ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. നേതൃത്വസംഗമത്തിന്റെ നടത്തിപ്പ് ക്രമീകരണങ്ങൾ വിലയിരുത്തി. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

### (b) സ്ഥാനാരോഹണം

നിലവിലുള്ള ഭാരവാഹികളുടേയും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടേയും മീറ്റിംഗ് ജനുവരി 5ന് സന്ദേശഭവനിൽ വച്ച് കൂടുകയുണ്ടായി. ഡയറക്ടർ ഫാ. ജോബി കോവാട്ട് സ്വാഗതം ചെയ്തു സംസാരിച്ചു. പ്രസിഡന്റ് ഷീബ തെക്കേടത്ത് കഴിഞ്ഞ രണ്ടു വർഷക്കാലം മാതൃവേദി പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നല്കിയ ജോബിയച്ചനോടും മറ്റ് ഭാരവാഹികളോടും നന്ദി അറിയിച്ചു. പുതിയ ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും നേർന്നു. പുതിയ പ്രസിഡന്റ് ശ്രീമതി സിസി ആന്റണി

എല്ലാവരുടെയും സഹകരണം തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് അഭ്യർത്ഥിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെ പഴയതും പുതിയതുമായ ഭാരവാഹികൾ സന്ദർശിച്ചു. പഴയ ഭാരവാഹികളുടെ നിസ്തുലമായ ശുശ്രൂഷകളെ അഭിനന്ദിച്ച പിതാവ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് നന്മകൾ നേർന്ന് അനുഗ്രഹിച്ച് പുതിയ സ്ഥാനങ്ങളിലേക്ക് അവരെ ചുമതലയേൽപ്പിച്ചു.

### (c) ഗ്ലോബൽ മാതൃവേദി സമ്മേളനം

ജനുവരി 13, 14 തീയതികളിലായി കോതമംഗലം രൂപതയിലെ നെസ്റ്റ് എന്ന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ ഗ്ലോബൽ മാതൃവേദി സമ്മേളനത്തിൽ അതിരൂപത ഭാരവാഹികളെല്ലാവരും പങ്കെടുത്തു.

### (d) നേതൃസംഗമം

തലശ്ശേരി അതിരൂപത മാതൃവേദി 2025-26 വർഷത്തിലെ ഭാരവാഹികൾക്കായി നേതൃത്വസംഗമസെമിനാർ നടത്തപ്പെട്ടു. അതിരൂപത ഈ വർഷം സമുദായ ശക്തീകരണവർഷമായി ആചരിക്കുമ്പോൾ നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ്സും ഈ സെമിനാറിൽ ഉൾപ്പെടുത്തിയിരുന്നു.

ജനുവരി 8ന് ഇരിട്ടി സെന്റ് ജോസഫ് പാരിഷ് ഹാളിൽ വച്ച് എടൂർ, കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ എന്നീ മേഖലകളിലെ ഭാരവാഹികൾക്കായി നേതൃത്വസംഗമം നടത്തി. അതിരൂപത പ്രസിഡന്റ് ശ്രീമതി സിസ്സി ആന്റണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം നെല്ലിക്കാംപൊയിൽ ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് കാവനാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ക്രിസ്തീയ നേതൃത്വത്തിന്റെ സവിശേഷതകളെക്കുറിച്ചും സമുദായ ശക്തീകരണ വർഷത്തിൽ മാതൃവേദിയുടെ ദൗത്യങ്ങളെക്കുറിച്ചും റവ. ഫാ. ജോബി കോവാട്ട് ക്ലാസ്സുകൾ നല്കി.

ജനുവരി 9ന് പേരാവൂർ സെന്റ് ജോസഫ്സ് പാരിഷ് ഹാളിൽ വച്ച് പേരാവൂർ മേഖലയുടെ ഭാരവാഹികൾക്കായി നേതൃത്വസംഗമം നടത്തി. അതിരൂപത പ്രസിഡന്റ് ശ്രീമതി സിസ്സി ആന്റണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് പേരാവൂർ ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു തെക്കെമുറി ഉദ്ഘാടന സന്ദേശം നല്കി. ക്രിസ്തീയ നേതൃത്വത്തിന്റെ സവിശേഷതകളെക്കുറിച്ച് വെരി. റവ. ഡോ ജോസഫ് മുട്ടത്തുകുന്നേലും  സമുദായ ശക്തീകരണ വർഷത്തിൽ മാതൃവേദിയുടെ ദൗത്യങ്ങളെക്കുറിച്ച് റവ. ഫാ. ജോബി കോവാട്ടും ക്ലാസ്സുകൾ നയിച്ചു.

ജനുവരി 10ന് മാലോം സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് മാലോം, വെള്ളരിക്കുണ്ട് മേഖലയുടെ ഭാരവാഹികൾക്കായി നേതൃത്വസംഗമം നടത്തി. അതി

രൂപത വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്സി വാതപ്പള്ളിയുടെ അധ്യക്ഷത യിൽ ചേർന്ന യോഗത്തിൽ മാലോം ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് തൈക്കുന്നുപുറം ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ക്രിസ്തീയ നേതൃത്വത്തിന്റെ സവിശേഷതകളെക്കുറിച്ച് വെരി. റവ. ഡോ. ജോൺസൺ അന്ത്യാങ്കുളവും സമുദായ ശക്തീകരണ വർഷത്തിൽ മാതൃവേദിയുടെ ദൗത്യ ങ്ങളെക്കുറിച്ച് റവ. ഫാ. ജോബി കോവാട്ടും ക്ലാസ്സുകൾ നയിച്ചു.

ജനുവരി 16ന് വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് പാരിഷ് ഹാളിൽ വച്ച് തളിപ്പറമ്പ്, വായാട്ടുപറമ്പ്, ആലക്കോട് മേഖലകളുടെ ഭാരവാഹി കൾക്കായി നേതൃത്വസംഗമം നടത്തി. വായാട്ടുപറമ്പ് മേഖല പ്രസിഡന്റ് ശ്രീമതി എൽസമ്മ പുറവിടക്കുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗ ത്തിന് വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടന സന്ദേശം നൽകി. ക്രിസ്തീയ നേതൃത്വത്തിന്റെ സവിശേഷതകളെക്കുറിച്ച് ക്ലാസ്സും നൽകി. സമുദായ ശക്തീകരണ വർഷത്തിൽ മാതൃവേദിയുടെ ദൗത്യ ങ്ങളെക്കുറിച്ച് റവ. ഫാ. ജോബി കോവാട്ട് ക്ലാസ്സ് നയിച്ചു.

ജനുവരി 17ന് ചെറുപുഴ സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് മേരിഗിരി, തോമാപുരം, ചെറുപുഴ മേഖലകളുടെ ഭാരവാഹികൾക്കായി നേതൃത്വസം ഗമം നടത്തി. അതിരൂപത ട്രഷറർ ശ്രീമതി റെജീന തെക്കെപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ചെറുപുഴ ഫൊറോന വികാരി റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് ഉദ്ഘാടന സന്ദേശം നൽകി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ക്രിസ്തീയ നേതൃത്വത്തിന്റെ സവിശേ ഷതകളെക്കുറിച്ച് ക്ലാസ്സും നൽകി. സമുദായ ശക്തീകരണ വർഷത്തിൽ മാതൃവേദിയുടെ ദൗത്യങ്ങളെക്കുറിച്ച് റവ. ഫാ. ജോബി കോവാട്ട് ക്ലാസ്സ് നയിച്ചു.

ജനുവരി 18ന് ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ വച്ച് പൈസ ക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി മേഖലകളുടെ ഭാരവാഹികൾക്കായി നേതൃ ത്വസംഗമം നടത്തി. അതിരൂപത സെക്രട്ടറി ശ്രീമതി ലിൻസി കുന്നുപുറ ത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക റെക്ടർ ജോർജ്ജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടന സന്ദേശം നൽകി. പുലിക്കുരുമ്പ വികാരി റവ. ഫാ. തോമസ് പൈമ്പള്ളിൽ ക്രിസ്തീയ നേതൃ ത്വത്തിന്റെ സവിശേഷതകളെക്കുറിച്ച് ക്ലാസ്സ് നൽകി. സമുദായ ശക്തീക രണ വർഷത്തിൽ മാതൃവേദിയുടെ ദൗത്യങ്ങളെക്കുറിച്ച് റവ. ഫാ. ജോബി കോവാട്ട് ക്ലാസ്സ് നയിച്ചു.

**അടുത്ത മാസത്തെ നേതൃത്വസംഗമം**

ഫെബ്രുവരി 8 - പടന്നക്കാട്

## (e) വിവിധതരം മത്സരങ്ങൾ

### ദിവ്യകാരുണ്യ നക്ഷത്രനിർമ്മാണമത്സരം

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് ഡിസംബർ മാസത്തിൽ ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന നക്ഷത്രനിർമ്മാണ മത്സരത്തിൽ 30 യൂണിറ്റുകൾ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം - മാടത്തിൽ യൂണിറ്റ്

രണ്ടാം സമ്മാനം - പെരുമ്പടവ് യൂണിറ്റ്

മൂന്നാം സമ്മാനം - കുമ്പള യൂണിറ്റ്

### വചനമെഴുത്ത് മത്സരം

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റും ബൈബിൾ അപ്പൊസ്റ്റൊലേറ്റും ചേർന്ന് അമ്മമാർക്കായി ജൂനിയർ/ സീനിയർ വിഭാഗങ്ങളിലായി നടത്തിയ വചനമെഴുത്ത് മത്സരത്തിൽ 700 ഓളം പേർ പങ്കെടുത്തു. 1 മണിക്കൂർ സമയം കൊണ്ട് സുവിശേഷങ്ങളിലെ വചനങ്ങളായിരുന്നു എഴുതേണ്ടത്. അദ്ഭുതാവഹമായ പ്രകടനമാണ് അമ്മമാർ നടത്തിയത്. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**വിജയികളായവർ**

**സീനിയർ വിഭാഗം**

ഒന്നാം സ്ഥാനം - റോസ്‌ലി വരിക്കപ്ലാത്തോട്ടത്തിൽ - തിരൂർ-195

രണ്ടാം സ്ഥാനം - ലിസ്സി ബെന്നി ആഞ്ഞിലിതോപ്പിൽ - മണിപ്പാറ-187

മൂന്നാം സ്ഥാനം - ലിജി പേണ്ടാനത്ത് - ബദിയടുക്ക-167

**പ്രോത്സാഹന സമ്മാനങ്ങൾ**

1. മേഴ്സി ഓരത്തേൽ - അങ്ങാടിക്കടവ് - 154
2. ലിസ്സി ചെറുകരകുന്നേൽ - തോമാപുരം - 148
3. ഫിലോമിന പൊടിമറ്റത്തിൽ - ആനപ്പന്തി - 145
4. ആനി തോലമ്പുഴ - ശ്രീകണ്ഠാപുരം - 140
5. ബിന്ദു ജോസ് നാലൊന്നുകാട്ടിൽ - കോടോത്ത് - 129

**ജൂനിയർ വിഭാഗം**

ഒന്നാം സ്ഥാനം - നീനു പുത്തൻപുരയ്ക്കൽ - ചേപ്പറമ്പ് -158

രണ്ടാം സ്ഥാനം - ജീന പെരുമ്പള്ളിൽ - കൊളക്കാട് - 145

മൂന്നാം സ്ഥാനം - ദീപ്തി പൂവത്തോട്ടത്തിൽ - തോമാപുരം -144

**പ്രോത്സാഹന സമ്മാനം**

1. ഷാന്റി ബിജു മുണ്ടയ്ക്കൽ - നെല്ലിക്കുറ്റി - 135
2. സൗമ്യ വലിയപറമ്പിൽ - അരവഞ്ചാൽ - 128

3. ചിന്നു അഖിൽ മാമ്മൂട്ടിൽ - പെരുമ്പടവ് - 115
4. ലിൻസി നെല്ലിവേലിയിൽ - മണിക്കടവ് - 107
5. ബിന്ദു ജോളി പാറാട്ടുകുന്നേൽ - പൂളക്കുറ്റി - 107

**കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച യൂണിറ്റുകൾ**

ഒന്നാം സ്ഥാനം - ഉളിക്കൽ യൂണിറ്റ്
രണ്ടാം സ്ഥാനം - തോമാപുരം യൂണിറ്റ്
മൂന്നാം സ്ഥാനം - മാലോം യൂണിറ്റ്

### വി. ചാവറയച്ചന്റെ ചിത്രരചനാമത്സരം

സമുദായ ശക്തീകരണ വർഷത്തിൽ ജനുവരി 3ന് വി. ചാവറയച്ചന്റെ തിരുനാൾ ദിനത്തിൽ അമ്മമാർക്കായി വി. ചാവറപിതാവിന്റെ ചിത്രരചനാമത്സരം നടത്തി. 116 പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - അന്നമ്മ കൊട്ടാരത്തിൽ - മാട്ടറ
രണ്ടാം സ്ഥാനം - ജെസ്സി കിഴക്കേക്കര - കാവുന്തല
മൂന്നാം സ്ഥാനം - മിനി ഡെന്നിഷ് - കോഴിച്ചാൽ

### f) ഫെബ്രുവരി മാസത്തെ മാർഗ്ഗരേഖ

2 - നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം. ഓരോ അമ്മയും തന്റെ മക്കളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുക.

4 - ലോക ക്യാൻസർ ദിനത്തിൽ എല്ലാ ക്യാൻസർ രോഗികൾക്കും വേണ്ടി പ്രാർത്ഥിക്കുക.

8 - നേതൃത്വസംഗമം @ പടന്നക്കാട് (പനത്തടി, കാസർഗോഡ്, കാഞ്ഞങ്ങാട്)

11 - ലൂർദ്ദ് മാതാവിന്റെ തിരുനാൾ - രോഗികളെ സന്ദർശിക്കുക അവർക്കു വേണ്ടി പ്രാർത്ഥിക്കുക.

13 - ലോക റേഡിയോ ദിനം - കാഞ്ഞങ്ങാട് റേഡിയോ ഫോർ യു നിലയവുമായി ബന്ധപ്പെട്ട് വിവിധ പ്രോഗ്രാമുകൾ ചെയ്യുക.

14 - വലന്റൈൻസ് ഡേ - സ്വന്തം ഭർത്താവിന്റെ നന്മകളും അദ്ദേഹം കുടുംബത്തിന് ചെയ്യുന്ന സേവനങ്ങളും വിവരിച്ച് 1 പേജിൽ കൂടാത്ത ആശംസ തയ്യാറാക്കൽ മത്സരം.

21 - അന്താരാഷ്ട്ര മാതൃഭാഷാ ദിനം -

22 - ജ്വാല @ കാസർഗോഡ്

25 - വാഴ്ത്തപ്പെട്ട റാണി മരിയ - നോർത്ത് ഇന്ത്യൻ മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാർക്ക് ആശംസകൾ നേരുകയും അവരുടെ ഭവനം സന്ദർശിച്ച് മാതാപിതാക്കളെ അഭിനന്ദിക്കുകയും ചെയ്യുക.

26 - ജ്വാല @ തളിപ്പറമ്പ്

28 - സകല മരിച്ചവരുടേയും തിരുനാൾ (സീറോ മലബാർ സഭ)

### പ്രത്യേകപ്രവർത്തനങ്ങൾ

1. **കവിതാരചനാമത്സരം- 'എന്റെ സമുദായം എന്റെ അഭിമാനം'** ഈ വിഷയത്തെക്കുറിച്ച് 2 പേജിൽ കൂടാത്ത കവിത A4 ഷീറ്റ് പേപ്പറിൽ എഴുതി ഫോട്ടോ ക്ലിയർ ആയി എടുത്ത് 9400206974 ലേക്ക് ഫെബ്രുവരി 28 ന് രാത്രി 12 മണിക്ക് മുമ്പായി അയച്ചുതരിക.
2. സമുദായ ശക്തീകരണം ഇന്നിന്റെ ആവശ്യം എന്ന ബോധ്യം നല്കുന്നതിനായി സമർപ്പിതർക്ക് സെമിനാറുകൾ
3. യൂണിറ്റിലെ മുഴുവൻ അമ്മമാരെയും മാതൃവേദിയിൽ അംഗങ്ങളായി ചേർക്കുക. അംഗത്വ രജിസ്റ്റർ, കാർഡ് എന്നിവ അതിരൂപതാ ആനിമേറ്ററുമായി ആലോചിച്ച് ക്രമപ്പെടുത്തുകയും ചെയ്യുക.

### III. കുടുംബകരോൾഗാന മത്സരം

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ കുടുംബങ്ങൾക്കായി കരോൾഗാനമത്സരം നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. 14 കുടുംബങ്ങൾ പങ്കെടുത്തു. അതിരൂപത പ്രോട്ടോ സിഞ്ചെല്ലൂസ് വെരി. റവ. മോൺ. ആന്റണി മുതുകുന്നേൽ സമ്മാനദാനം നിർവ്വഹിച്ചു.

### വിജയികളായവർ

1-ാം സമ്മാനം - 4001 - സന്തോഷ് മുട്ടുചിറ - തളിപ്പറമ്പ്
2-ാം സമ്മാനം - 3001 - നിസാരി കൊച്ചുപുത്തൻകാലായിൽ-എണ്ണപ്പാറ
3-ാം സമ്മാനം - 2001 - ഷാജി കുഴിമണ്ണിൽ - കുന്നോത്ത്
4-ാം സമ്മാനം - 1001 - സജി പന്നാരംകുന്നേൽ - കല്ലുമുതിരക്കുന്ന്
5-ാം സമ്മാനം - 501 - ടോണി കണ്ണംപാടത്തിൽ - കരുവഞ്ചാൽ

പങ്കെടുത്ത എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനം നല്കി. എല്ലാവരെയും ചേർത്ത് ക്രിസ്തുമസ് ആഘോഷവും വർണാഭമായി നടത്തി.

### IV. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

### V. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു.വ്യ

ക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

### VI. അമല പ്രോലൈഫ്

ജനുവരി 5ന് 3.00 മണിക്ക് സന്ദേശഭവനിൽ വച്ച് പ്രോലൈഫ് കോർ കമ്മിറ്റി നടന്നു. സമുദായശക്തീകരണവർഷത്തോടനുബന്ധിച്ച് പ്രോലൈഫ് മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനും കഴിഞ്ഞവർഷം ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാനും സാധിച്ചു. ജോബിയച്ചന്റെ നേതൃത്വത്തിൽ ആരാധന നടത്തപ്പെട്ടു. തുടർന്ന് മീറ്റിംഗ് കൂടി. പ്രോലൈഫ് നിധി സമാഹാരം, ഓരോ മേഖലയിലും പ്രോലൈഫ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തൽ, കോർകമ്മറ്റി വിപുലീകരണം, വലിയ കുടുംബങ്ങളുടെ രജിസ്റ്റർ തയ്യാറാക്കൽ എന്നിവ ചർച്ച ചെയ്തു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഗൈനക്കോളജിസ്റ്റുകളെ വിവിധ ആശുപത്രികളിൽ പോയി ആദരിച്ച് ജീവന്റെ സന്ദേശവും സമ്മാനങ്ങളും നല്കിയ പ്രവർത്തനത്തെ വിലയിരുത്തി. എല്ലാ കോർ ടീം അംഗങ്ങൾക്കും പ്രോലൈഫ് ജപമാല വിതരണം ചെയ്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഡയറി സമ്മാനിച്ചു. തുടർന്ന് ക്രിസ്തുമസ് ഫ്രണ്ടിന് ഗിഫ്റ്റ് കൈമാറ്റം ചെയ്തു.

### VII. പ്രോലൈഫ് മാര്യേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. **Web Site: www.prolifemarry.com**

**VIII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**ഫാ. ജോസഫ് വലിയകണ്ടം മെമ്മോറിയൽ ഷട്ടിൽ ടൂർണ മെന്റ്**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി കോർപ്പറേറ്റ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപകർക്കായി വനിത-പുരുഷ വിഭാഗങ്ങളിലായി സംഘടിപ്പിച്ച ബാഡ്മിന്റൺ മത്സരം തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ ഉദ്ഘാടനം ചെയ്തു. അധ്യാപകരുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ബാഡ്മിന്റൺ മത്സര പരമ്പരയുടെ **Season -2** മത്സരത്തിൽ വിവിധ സ്കൂളുകളിൽ നിന്നായി അമ്പതോളം അധ്യാപക-അനധ്യാപകർ പങ്കെടുത്തു. വിജയികളാവരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു

**Gents**

ഒന്നാം സ്ഥാനം:
- ശ്രീ. ജോബിൻ പി. ലൂക്കോസ്, മേരിഗിരി HS
- ശ്രീ. ഡാനിയേൽ സക്കറിയാസ്, വായാട്ടുപറമ്പ് HSS

രണ്ടാം സ്ഥാനം : ശ്രീ. ഡോ. മെൻഡലിൻ മാത്യു, പാലാവയൽ HSS
- ശ്രീ. അമൽ ജോർജ്, പാലാവയൽ LPS

മൂന്നാം സ്ഥാനം : ശ്രീ. ജിൽജിത്ത് ജോർജ്, പൈസക്കരി UPS
- ശ്രീ. പ്രിൻസ് തോമസ്, ചെമ്പന്തൊട്ടി UPS

**Ladies**

ഒന്നാം സ്ഥാനം: ശ്രീമതി ജോസ്മി ജോൺ, വായാട്ടുപറമ്പ് HSS
- ശ്രീമതി അലിഡ ജോബ്, വായാട്ടുപറമ്പ് HSS

രണ്ടാം സ്ഥാനം – ശ്രീമതി ജീൻ തെരേസ കെ, കിളിയന്തറ HSS
- ശ്രീമതി ആൻമരിയ കെ, വെളിമാനം HSS

**റവ. ഫാ. ജോൺ വടക്കുംമൂലയിൽ മെമ്മോറിയൽ പ്രസംഗ മത്സരം**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി അധ്യാപക അന

ധ്യാപകർക്കായി സംഘടിപ്പിച്ച പ്രസംഗമത്സരം **സീസൺ -2** ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് ജനുവരി 11-ാം തീയതി ശനി യാഴ്ച നടത്തപ്പെട്ടു.

## Gents

| | | |
|---|---|---|
| ഒന്നാം സ്ഥാനം | : | ശ്രീ. ഡയസ് പി ജോൺ, വെളിമാനം HSS |
| രണ്ടാം സ്ഥാനം | : | ശ്രീ. സുനിൽ ജോർജ്, പുലിക്കുരുമ്പ HS |
| മൂന്നാം സ്ഥാനം | : | ശ്രീ. ഷൈബി കെ.ഇ, ചെമ്പേരി HSS |

## Ladies

| | | |
|---|---|---|
| ഒന്നാം സ്ഥാനം | : | ശ്രീമതി നീതുമോൾ ആന്റണി, പുലിക്കുരുമ്പUPS |
| രണ്ടാം സ്ഥാനം | : | സി. സീനമോൾ എം. സേവ്യർ, കരിക്കോട്ടക്കരി UPS |
| മൂന്നാം സ്ഥാനം | : | ശ്രീമതി അഞ്ജന സാഗർ, മാട്ടറ UPS |

### സ്നേഹത്തണൽ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗീൽഡിന്റെയും ആഭിമുഖ്യത്തിൽ പണിതു കൊടുക്കുന്ന സ്നേഹവീട് പദ്ധ തിയിലെ ഏഴാമത്തെ വീടിന്റെ ആശീർവാദ കർമ്മവും താക്കോൽ കൈമാ റ്റവും വായാട്ടുപറമ്പിൽ നടന്നു. വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിയായ അൽഫോൻസ ഷിജു, ഹയർസെക്കന്ററി വിദ്യാർത്ഥിയായ ആഞ്ചലോ ഷിജു എന്നിവർക്കുവേണ്ടി പണിത വീടിന്റെ ആശീർവാദകർമ്മം മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ താക്കോൽ കൈമാറി. ടീച്ചേഴ്സ് ഗിൽഡ് അതിരൂപത ഭാരവാഹികൾ സംബ ന്ധിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ-വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് പള്ളി വികാരി ഫാ. തോമസ് തെങ്ങുംപള്ളി, കൈക്കാ രന്മാർ, പിടിഎ ഭാരവാഹികൾ എന്നിവർക്ക് പ്രത്യേക അഭിനന്ദനങ്ങളും. പ്രാർത്ഥനകളും.

### മാസ്റ്റർമൈൻഡ് 2K24

**15/01/2025ന് നടത്തിയ കോർപ്പറേറ്റ്തല പരീക്ഷയിൽ 1,2,3,4 സ്ഥാനം കരസ്ഥമാക്കിയവർ**

***STD - XII***

| | | | |
|---|---|---|---|
| 1 | 87.5 | NANDANA T P | SANTHOME HSS, KOLAKKAD |
| 2 | 83.75 | MUBASHIRA C A | ST. SEBASTIAN'S HSS, VELIMANAM |
| 3 | 81.75 | MARIYA ANTONY | SANTHOME HSS, KOLAKKAD |
| 4 | 80.25 | TREESA SHAJI | SACRED HEART HSS, ANGADIKADAVU |

***STD - XI***

| | | | |
|---|---|---|---|
| 1 | 90 | JUSTIN GEORGE | ST. JUDE'S HSS, VELLARIKKUNDU |

| | | | |
|---|---|---|---|
| 2 | 85 | AYONA THERESE | ST. MARY'S HSS, EDOOR |
| 3 | 84.5 | CHELSA PAUL | NIRMALA HSS, CHEMPERI |
| 4 | 78 | ARDRA MARIYA DANISH | NIRMALA HSS, CHEMPERI |

***STD -X***

| | | | |
|---|---|---|---|
| 1 | 90 | ALEX JAMES | ST. THOMAS HS, THOMAPURAM |
| 2 | 85.75 | ABHINAV BOSE | ST. THOMAS HS, KILIYANTHARA |
| 2 | 85.75 | EBEL JOE THOMAS | ST. THOMAS HS, KILIYANTHARA |
| 2 | 85.75 | GALDIN N D | ST. THOMAS HS, KILIYANTHARA |
| 2 | 85.75 | MUHAMMED NIYAS K | ST. THOMAS HS, KILIYANTHARA |
| 3 | 85.5 | ABIN BINOY | ST. THOMAS HS, KILIYANTHARA |
| 4 | 85.25 | MARIA TOM | ST. MARY'S HSS, Edoor |
| 4 | 85.25 | DEVANANDA S | ST. THOMAS HS, KILIYANTHARA |

***STD -IX***

| | | | |
|---|---|---|---|
| 1 | 90 | ABHIN KRISHNA | ST. JOHNS HSS, PALAVAYAL |
| 1 | 90 | ALFRED RIJO SEBASTIAN | SACRED HEART HS, ANGADIKADAVU |
| 2 | 89.5 | ANNA MARY AUGUSTIN | NIRMALA HSS, CHEMPERI |
| 3 | 87.75 | DIYA P.S | ST. JOSEPH'S HSS, VAYATTUPARAMBA |
| 4 | 87.25 | NOYAL JACOB BERLY | ST. THOMAS HS, MANIKKADAVU |
| 4 | 87.25 | PAUL JOE ELAYANE | ST. JOHNS HSS, PALAVAYAL |

***STD - VIII***

| | | | |
|---|---|---|---|
| 1 | 90 | NIVEDYA BIJU | ST. THOMAS HS, KILIYANTHARA |
| 2 | 87 | ALAN JOHN KURIAN | ST. THOMAS HS, KILIYANTHARA |
| 3 | 86.75 | RANIYA P | ST. THOMAS HS, KILIYANTHARA |
| 4 | 86.5 | ARUSH T M | ST. MARY'S HSS, EDOOR |

***STD - VII***

| | | | |
|---|---|---|---|
| 1 | 92.75 | ANN MARIA BENNY | FATHIMA UPS, KUDIYANMALA |
| 2 | 91.75 | ADWAITH P S | VAYATHUR UP SCHOOL, ULIKKAL |
| 3 | 90.25 | NIYA MARY JAMES | ST. SEBASTIAN'S UPS, VEERPAD |
| 4 | 89 | ANN TRESA THOMAS | ST. THOMAS HS, KILIYANTHARA |

***STD - VI***

| | | | |
|---|---|---|---|
| 1 | 88.75 | ALEXANDAR SANTHOSH | ST. MARY'S HSS, EDOOR |
| 2 | 86.5 | NEJA FATHIMA | ST. THOMAS HS, KILIYANTHARA |
| 3 | 85.25 | CHRISTO JIMMY | MANHALAMPURAM UPS |
| 4 | 84.5 | MUHAMMED ADIL M | ST. SEBASTIAN'S UPS, VEERPAD |

***STD - V***

| | | | |
|---|---|---|---|
| 1 | 86.5 | DEVASREE ANIL | CHERUPUSHPAM UPS, CHEMPANTHOTTY |

| | | | |
|---|---|---|---|
| 2 | 86.25 | NAINIKA SUNEESH | ST. THOMAS UPS, MANIKKADAVU |
| 3 | 78.75 | DHYANDEV VINOD | VAYATHUR UPS, ULIKKAL |
| 4 | 78.75 | TOSH CHRISTY | ST. JOSEPH UPS, VAYATTUPARAMBA |
| 5 | 77.5 | SHARON SHAJU | ST. THOMAS UPS, MANIKKADAVU |

***STD - IV***

| | | | |
|---|---|---|---|
| 1 | 96.25 | ADHIDEV M.K. | NIRMALAGIRI LPS, VELLARIKUNDU |
| 2 | 95 | CATHERINE VARGHESE | ST. SEBASTIAN'S UPS, VEERPAD |
| 3 | 94.5 | IVANA ROSE BYJU | CHERUPUSHPA LPS, CHANDANAKMAPARA |
| 4 | 94 | NAVAMI SANTHOSH | ST JOHNS UPS, THONDIYIL |

***STD - III***

| | | | |
|---|---|---|---|
| 1 | 91.25 | DHYANDEV A D | VAYATHUR UPS, ULIKKAL |
| 2 | 90 | JOWANA MARIYA JIS | NIRMALAGIRI LPS, VELLARIKUNDU |
| 3 | 87.5 | GODWIN JOSEPH BINEESH | ST. THOMAS UPS, MANIKKADAVU |
| 4 | 86.25 | TESSA MARIA JOSE | NIRMALAGIRI LPS, VELLARIKUNDU |

**സ്നേഹ തണൽ - ഭവനനിർമ്മാണം**

അധ്യാപകരെ സമൂഹം ആദരവോടെ കാണുന്നു. അവരുടെ ഭാഗത്തു നിന്നുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകയും പ്രചോദനവുമാണ്. അതോടൊപ്പം നാം സമൂഹത്തിലെ അവശത അനുഭവിക്കുന്നവരെ മനസ്സിലാക്കുകയും സഹായിക്കാൻ സന്നദ്ധരാണ് എന്ന് പ്രഖ്യാപിക്കുകയുമാണ്. നമ്മുടെ മുൻപിലിരിക്കുന്ന വിദ്യാർത്ഥികളിൽ പലരും സാമ്പത്തികമായി വിഷമതകൾ അനുഭവിക്കുന്നവരാണ്. സ്വന്തമായി ഒരു ചെറിയ ഭവനം പോലും ഇല്ലാത്തവർ ധാരാളമാണ്. നമ്മുടെ ക്ലാസ്സുകളിലിരിക്കുന്ന വിദ്യാർത്ഥികളുടെ കണ്ണുകളിലേക്ക് നോക്കുമ്പോൾ ജീവിതത്തിൽ അവർ അനുഭവിക്കുന്ന ദൈന്യത മനസ്സിലാകും. അപ്രകാരം വിഷമിക്കുന്ന ഏതാനും കുട്ടികൾക്ക് ഭവനനിർമ്മാണത്തിന് സഹായിക്കാൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം.

ഇതിനോടകം 07 വീടുകളുടെ പണി നമ്മൾ പൂർത്തിയാക്കി. സഹകരിച്ച നിങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഇനിയും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. ദൈവകൃപയാൽ നമുക്ക് ലഭിച്ചിരിക്കുന്ന ജോലിയും അതിലൂടെ നമുക്ക് കൈവന്ന ഐശ്വര്യവും സഹോദരങ്ങളുമായി പങ്കുവെയ്ക്കുമ്പോഴാണ് ജീവിതം അർത്ഥ പൂർണ്ണമാകുന്നത്.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ അധ്യാപക-അനധ്യാപകരും, കോർപ്പറേറ്റ് വിദ്യാഭ്യാസ എജൻസിയും ഒരു

മിച്ചു ചേർന്നുള്ള ഒരു സംരംഭമാണിത്. ഇതിനായി നിയമനാംഗീകാരം ലഭിച്ച അധ്യാപക-അനധ്യാപകർ ഒരു ദിവസത്തെ മുഴുവൻ ശമ്പളം 2025 ഫെബ്രുവരി 22ന് മുൻപായി കോർപ്പറേറ്റ് ഓഫീസിൽ ഏൽപ്പിക്കണം. (സർക്കുലർ നമ്പർ. 08/2022 തീയതി. 03/11/2022 സൂചിപ്പിച്ചിരിക്കുന്നു). നിയമനാംഗീകാരം ലഭിക്കാത്തവർ തങ്ങളുടെ കഴിവ് അനുസരിച്ച് സഹകരിക്കുക.

എല്ലാ പ്രധാനാധ്യാപകരും ഈ തുക സമാഹരിച്ച് ഫെബ്രുവരി 22ന് മുൻപായി ലിസ്റ്റ് സഹിതം കോർപ്പറേറ്റ് ഓഫീസിൽ അടയ്ക്കേണ്ടതാണ്. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും ജീവനക്കാരുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മുഖമായി ഇതുമാറണം. നമ്മൾ ചെയ്യുന്ന ദിവ്യ കാരുണ്യ പ്രവർത്തനങ്ങളിൽ ഏറ്റവും സംതൃപ്തി നൽകുന്നതും ദീർഘ കാലം ഓർമ്മയിൽ നിലനിൽക്കുന്നതുമായ ഒരു സംരംഭമാണിത്. വരും വർഷങ്ങളിലും ഒരു പ്രോഗ്രാമായി ഇത് തുടരണം. നിങ്ങളുടെ സഹകരണത്തിനും ഔദാര്യപൂർണ്ണമായ പങ്കുവെയ്ക്കലിനും മുൻകൂട്ടി നന്ദി അറിയിക്കുന്നു.

## സ്കോളർഷിപ്പ് പരീക്ഷകൾ

IV, VII ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കുമുള്ള അക്കാദമിക് പരീക്ഷ ഫെബ്രുവരി 07-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 02 മണി മുതൽ അതാത് സ്കൂളുകളിൽവെച്ച് നടത്തുന്നു.

സന്മാർഗ്ഗശാസ്ത്രം, മതബോധനം, അക്കാദമിക് (1,2,3,5,6,8,9) പരീക്ഷകൾ ഫെബ്രുവരി 08-ാം തീയതി ശനിയാഴ്ച വിവിധ സെന്ററുകളിൽവെച്ച് നടത്തുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### പ്ലേസ്മെന്റ് വാർത്തകൾ ജനുവരി 2025

- **ക്യാമ്പസ് റിക്രൂട്ട്മെന്റ് Test -** വിദ്യാർത്ഥികളെ തയ്യാറെടുപ്പിക്കുന്നതിനായി കേരളത്തിലെ ഏറ്റവും പ്രശസ്ത Training കമ്പനിയായ Pragmatix - മായി സഹകരിച്ച് 3 ദിവസത്തെ പരിശീലന പരിപാടി ഡിസംബർ 30,31, ജനുവരി 1 എന്നീ തീതികളിലായി സംഘടിപ്പിച്ചു. 182 അവസാന വർഷ വിദ്യാർത്ഥികൾ പ്രസ്തുത പരിശീലന പരിപാടികളിൽ പങ്കെടുത്തു.

- ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന Al Nakheel Electronics എന്ന കമ്പനി അവരുടെ വിവിധ ശാഖകളിലേയ്ക്കായി Sales Engineer Position –ലേയ്ക്ക് Campus Recruitment നടത്തി. AEI, ECE, EEE എന്നീ ബ്രാഞ്ചുകളിൽ പഠനം നടത്തുന്ന അവസാന വർഷ വിദ്യാർത്ഥികൾക്കായിരുന്നു അവസരം. കപ്പലുകളിലെ Communication Systems, Navigation Equipment's എന്നിവയുടെ നിർമ്മാണം, വിൽപ്പന, അറ്റകുറ്റപണികൾ എന്നിവ ഏറ്റെടുത്ത് നടത്തുന്ന പ്രമുഖ കമ്പനിയാണ് Al-Nakheel. സൗദി അറേബ്യാ, ഒമാൻ, സൗത്താഫ്രിക്ക എന്നിവടങ്ങളിലാണ് തിരഞ്ഞെടുക്കപ്പെട്ടവരെ നിയമിക്കുക. Selection Process ഫെബ്രുവരി ആദ്യവാരത്തിൽ പൂർത്തിയാകുമെന്ന് പ്രതിക്ഷിക്കുന്നു.

- SAF ബാങ്കിന്റെ അവസാന റൗണ്ട് ഇന്റർവ്യൂ ജനുവരി 8-ാം തീയതി വിമൽജ്യോതിയിൽ വെച്ച് നടത്തുകയുണ്ടായി. വിവിധ കോളേജുകളിൽ നിന്നായി 40-ഓളം വിദ്യാർഥികൾ അവസാന റൗണ്ടിൽ പങ്കെടുത്തു. തുരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമ ലിസ്റ്റ് ലഭ്യമായിട്ടില്ല.

- Mechanical, Civil വിദ്യാർത്ഥികൾക്കായി ARMSTECH ENGINEERS ജനുവരി 8-ാം തീയതി Campus Recruitment Test നടത്തി. Mechanical,

Civil ബ്രാഞ്ചുകളിൽ നിന്നായി ഓരോ വിദ്യാർത്ഥികളെയാണ് തിരഞ്ഞെടുക്കുക. തിരഞ്ഞെടുക്കപ്പെടുന്നവർ 3 മാസത്തെ സൗജന്യ പരിശീലനപരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ട്. അതിനുശേഷമായിരിക്കും വിവിധ പ്രൊജക്റ്റുകളിൽ നിയമനം ലഭിക്കുക. പരിശീലന കാലയളവിൽ ശമ്പളമുണ്ടായിരിക്കുകയില്ല. എന്നാൽ ഭക്ഷണം, താമസം എന്നിവ സൗജന്യമായി നൽകും.

## MBA വാർത്തകൾ

**വിമൽ ജ്യോതിയിൽ നാഷണൽ ലെവൽ മാനേജ്മെന്റ് ഫെസ്റ്റ്**

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് റിസർച്ച് ആഭിമുഖ്യത്തിൽ ഫെബ്രുവരി 6 2025 ദേശീയതല മാനേജ്മെന്റ് ഫെസ്റ്റ് നടക്കുന്നു. 'കർമ്മന്ത 2024' എന്ന പേര് നൽകിയ ഫെസ്റ്റിന്റെ ബ്രോഷർ പ്രകാശനം വിമൽ ജ്യോതി എംബിഎ കോളേജിന്റെ പ്രിൻസിപ്പൽ ഫാ. ഡോക്ടർ ജിനു വടക്കേമുളഞ്ഞനാൽ കോളേജ് ബർസാർ ഫാ. ലാസർ വരമ്പകത്തിന് നൽകി നിർവഹിച്ചു. വിവിധ ഭാഗങ്ങളിൽ നിന്നായി 800 ഓളം വിദ്യാർത്ഥികൾ അവരുടെ മാനേജ്മെന്റ് കഴിവുകൾ മാറ്റുരയ്ക്കാനായി വിവിധ ഇവന്റുകളിൽ പങ്കെടുക്കുന്നു. Best manager, Best Management team, HR event, Finance event, Marketing event, Treasure hunt, Dance competetion, corporate fashion show തുടങ്ങിയ മത്സരങ്ങളാണ് ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ ഫെബ്രുവരി ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും ഒന്നാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സു കൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**സൗജന്യ ജർമൻ ബാച്ചുകൾ**

നഴ്സുമാർക്ക് വേണ്ടിയുള്ള സൗജന്യ ജർമൻ ബാച്ചുകൾ ഫെബ്രുവരി ഒന്നിന് ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് ഓഫീസു മായി ബന്ധപ്പെടുക.

**ക്രാഷ് കോഴ്സ്**

എൻജിനീയറിങ് ആൻഡ് മെഡിക്കൽ എൻട്രൻസ് ക്രാഷ് കോഴ്സ് 2025 മാർച്ച് 28 വിമൽജ്യോതി എൻജിനീയറിങ് കോളേജിൽ ആരംഭി ക്കുന്നു. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

Ph: 82817507777, 8281730777.

**ഫാ. സ്കറിയ വടശ്ശേരിൽ**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്

## എ. കെ. സി. സി.

പ്രിയ ബഹുമാനപ്പെട്ടവരെ,

പരിയാരത്തു ചേർന്ന കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗനിശ്ചയപ്രകാരവും അതിരൂപതാ ധ്യക്ഷന്റെ അനുവാദത്തോടെയും അടുത്ത മാസം (ഫെബ്രുവരി) 8-ാം തീയതി ശനിയാഴ്ച (8-2-2025) രാവിലെ 8.45 മുതൽ ഉച്ചകഴിഞ്ഞു 2:30 വരെ ചെമ്പേരി ഇടവകയിൽ വച്ച് അതിരൂപതയിലെ എല്ലാ യൂണിറ്റു കളിൽ നിന്നുള്ള ഭാരവാഹികളുടെ ഒരു മീറ്റിംഗ് നടത്തുന്നുണ്ട്.

അഭിവന്ദ്യ അതിരൂപതാധ്യക്ഷനും ബഹുമാനപ്പെട്ട ജനറാൾ അച്ചന്മാരും പങ്കെടുക്കുന്ന ഈ മീറ്റിംഗിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികൾക്ക് സ്വീകരണവും നൽകുന്നതാണ്. സമുദായ ശക്തികരണ വർഷത്തിൽ സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസിലൂടെ വിവിധ പദ്ധതികൾ നടപ്പിൽ വരുത്തുവാനും സഭയോടും പൊതു സമൂഹത്തോടും പ്രതിബദ്ധതയുള്ള നേതൃത്വത്തെ വാർത്തെടുക്കുവാനും ഈ മീറ്റിങ്ങിലൂടെ പ്രചോദനം നൽകുവാൻ സാധിക്കും. ഓരോ ഇടവകയിലുമുള്ള കത്തോലിക്കാ കോൺഗ്രസ് യൂണിറ്റിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, ട്രഷറർ, സെക്രട്ട റിമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ, യൂത്ത് കൗൺസിൽ പ്രതിനിധി എന്നിവർ ഉൾപ്പെടെയുള്ള 10 പേരെ അയക്കുമല്ലോ.

നമ്മുടെ സമുദായത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി ബഹുമാനപ്പെട്ട വികാരിയച്ചൻമാർ കത്തോലിക്കാ കോൺഗ്രസിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നൽകുന്ന സഹകരണത്തിന് ആത്മാർത്ഥ മായി നന്ദി അറിയിക്കുന്നു.

### 2025 ജനുവരി മാസത്തെ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രവർത്തനങ്ങൾ

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്:** 10-01-2025 ന് പരിയാരം മദർ തെരേസ പാരിഷ് ഹാളിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു. പരിയാരം ഇടവക വികാരിയും തളിപ്പറമ്പ് ഫൊറോന ഡയറക്ടറുമായ ബഹു. ഫാ. മാത്യു പുഞ്ചത്തറപ്പേൽ അനുഗ്രഹപ്രഭാഷണം നടത്തി.

**തീരുമാനങ്ങൾ**

1 സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി കത്തോലിക്ക കോൺഗ്രസ് നടപ്പിലാക്കുന്ന അതിരൂപതാതല പദ്ധതികളുടെ ഉദ്ഘാടനം ഫെബ്രുവരി എട്ടിന് ചെമ്പേരി ലൂർദ് മാതാ ബസിലിക്ക പാരിഷ് ഹാളിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു.

2 സമുദായ ശക്തീകരണത്തിന്റെ ഭാഗമായി ശക്തമായ സമുദായ നേതൃത്വത്തെ വാർത്തെടുക്കുന്നതിനായി തലശ്ശേരി അതിരൂപത യിലെ എല്ലാ ഇടവകകളിൽനിന്നും കുറഞ്ഞത് 10 പ്രതിനിധികളെ എങ്കിലും പങ്കെടു പ്പിച്ചുകൊണ്ട് ഫെബ്രുവരി എട്ടിന് ചെമ്പേരിയിൽ വച്ച് നേതൃത്വപരിശീലന ക്ലാസ് നൽകുന്നതിന് നിശ്ചയിച്ചു. അതിന്റെ ആദ്യപടിയായി ജനുവരി 30ന് മുൻപായി 19 ഫൊറോനകളിലും കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് അതിരൂപത ഭാരവാഹികളുടെ നേതൃത്വത്തിൽ മീറ്റിംഗ് സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.

**പൊതുപ്രവർത്തനങ്ങൾ**

1 നിർദിഷ്ട വനനിയമ ഭേദഗതിക്കെതിരെ കത്തോലിക്ക കോൺഗ്രസ് എടൂർ, കരിക്കോട്ടക്കരി യൂണിറ്റുകൾ പ്രതിഷേധിച്ചു. അതിരൂപതാ വൈസ് പ്രസിഡണ്ട് ബെന്നിച്ചൻ മഠത്തിനകം അധ്യക്ഷത വഹിച്ച യോഗത്തിൽ ഫൊറോനാ വികാരി വെരി റവ. ഫാ. തോമസ് വടക്കേമുറി പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു. കരിക്കോട്ടക്കരി ടൗണിൽ നിർദിഷ്ട വനനിയമ ഭേദഗതിവിജ്ഞാപനത്തിന്റെ കോപ്പി കത്തിച്ചുകൊണ്ട് റവ. ഫാ. കുര്യാക്കോസ് കളരിക്കൽ പ്രതിഷേധ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

2 പാലക്കാട് നല്ലേപ്പള്ളി ഗവൺമെന്റ് യുപി സ്കൂളിൽ ക്രിസ്തുമസിനോട് അനുബന്ധിച്ച് നിർമ്മിച്ച പുൽക്കൂട് തകർക്കുകയും പാപ്പാ വേഷത്തിൽ വന്ന അധ്യാപകരെയും കുട്ടികളെയും അസഭ്യം പറയുകയും ചെയ്ത സംഭവത്തിൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

3 കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ അഗതി, ഭിന്നശേഷി, വൃദ്ധമന്ദിരങ്ങളിലെ സന്ദർശനങ്ങളുടെ ഭാഗമായി മാലോം ഫൊറോനയിലെ ചുള്ളി ഇടവകയുടെ കീഴിലുള്ള ഭിന്നശേഷി അഗതി മന്ദിരത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലി ന്റെയും, പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെയും നേതൃത്വത്തിൽ സന്ദർശിച്ചു. സെക്രട്ടറി രാജീവ് കണിയാന്തറ മാലോം ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് വെള്ളൂർ പുത്തൻപുരയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ സംഭരിച്ച മരുന്നുകളും പണവും അഗതിമന്ദിരത്തിന്റെ നടത്തിപ്പ് ചുമതലയുള്ള ബ്രദർ ചാക്കോ അപ്പന് നൽകി.

4 ചെമ്പേരി ലൂർദ് മാതാ ബസിലിക്കയിൽ തലശ്ശേരി അതിരൂപത സമുദായ ശാക്തീകരണ വർഷ ഉദ്ഘാടനം ദീപം തെളിയിച്ച് ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. ബസിലിക്ക റെക്ടർ വെരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, അതിരൂപത വൈസ് ചാൻസലർ വെരി റവ. ഫാ. ജോസഫ് റാത്തപ്പള്ളിൽ, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറ

കട്ടർ ഫാ. ഫിലിപ്പ് കവിയിൽ, കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത്, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

5 സി.എ. പരീക്ഷയിൽ ഉന്നത വിജയം നേടിയ ബിൻ ജോയൽ ബെന്നി പൂവക്കുളത്തിനെ കത്തോലിക്കാ കോൺഗ്രസ് എടൂർ ഫൊറോന ഡയറക്ടർ റവ. ഫാ. മാത്യു ചക്യാരത്ത് വെളിമാനം ഇടവകയിൽ വച്ച് ആദരിച്ചു.

6 തലശ്ശേരി അതിരൂപത സാമുദായിക ശാക്തീകരണ വർഷത്തിന് തുടക്കം കുറിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഏകദേശം എല്ലാ ഇടവകകളിലും ബഹു. ഡയറക്ടർ അച്ചന്മാർ ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

7 ജോലി സ്ഥലത്ത് വച്ച് അപകടത്തിൽ പരിക്കേറ്റ പാണത്തൂരിലെ ജനാർദ്ദനൻ എന്ന യുവാവിന് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മറ്റിയുടെയും പനത്തടി ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ സാമ്പത്തിക സഹായം സ്വരൂപിച്ച് ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിലിന്റെ നേതൃത്വത്തിൽ നൽകി. അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത്, ഫൊറോന ഡയറക്ടർ റവ. ഫാ. അനീഷ് ചക്കിട്ടമുറിയിൽ, ജോണി തോലമ്പുഴ, രാജീവ് കണിയാന്തറ എന്നിവർ നേതൃത്വം നൽകി.

8 ആലക്കോട് കത്തോലിക്ക കോൺഗ്രസ് മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മലയോര മേഖലയുടെ സമഗ്ര കാർഷിക വികസനം നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1500 പേർ ഒപ്പിട്ട നിവേദനം ഫൊറോന പ്രസിഡണ്ട് ബേബി കോയിക്കൽ ഡയറക്ടർ റവ. ഫാ. ജിബിൻ വട്ടംകാട്ടേൽ എന്നിവർ ചേർന്ന് ബഹു. കൃഷിമന്ത്രി പി. പ്രസാദിനും ബഹു. പ്രതിപക്ഷ നേതാവ് വി. ഡി. സതീശനും ബഹു. എംഎൽഎ സജീവ് ജോസഫിനും നൽകി.

**സംഘടനാ പ്രവർത്തനങ്ങൾ**

1 കത്തോലിക്ക കോൺഗ്രസ് മാലോം ഫൊറോന കമ്മിറ്റി രൂപീകരിച്ചു. ബെന്നി തുളുമ്പമാക്കൽ പ്രസിഡന്റായും സ്കറിയാ കാഞ്ഞമല സെക്രട്ടറിയായും ടോമി കൈതോലിൽ ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു.

2 കത്തോലിക്കാ കോൺഗ്രസ് പച്ചാണി യൂണിറ്റ് കൺവെൻഷൻ മേരിഗിരി ഫൊറോന പ്രസിഡണ്ട് തോമസ് ഒഴുകയിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോജി കിഴുക്കരകാട്ട് മുഖ്യഭാഷണം നടത്തി.

3 ചീമേനി സെന്റ് ആന്റണിസ് ഇടവകയിൽ കത്തോലിക്ക കോൺഗ്രസിന്റെ പുതിയ യൂണിറ്റ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. ആൻഡ്രൂസ് തെക്കേൽ മുഖ്യഭാഷണം നടത്തിയ ചടങ്ങിൽ പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു.

4 സാമുദായ ശാക്തീകരണവർഷത്തിന്റെ ഭാഗമായി ഈ ഒരു വർഷം നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് വിശദീകരിക്കുന്നതിനായി എല്ലാ ഫൊറോനകളിലും കത്തോലിക്കാ കോൺഗ്രസിന്റെ ഫൊറോന എക്സി

ക്യൂട്ടീവ് കമ്മിറ്റികൾ വിളിക്കുകയും അതിൽ അതിരൂപത ഭാരവാഹികൾ പങ്കെടുക്കുകയും ചെയ്യുന്നു. തോമാപുരം, ചെറുപുഴ, മണിക്കടവ്, വായാട്ടുപറമ്പ്, തളിപ്പറമ്പ്, ആലക്കോട്, ചെമ്പന്തൊട്ടി എന്നിവടങ്ങളിലെ മേഖല കമ്മിറ്റികൾ ഇതിനോടകം യോഗം ചേർന്നു. ബഹു. ഫൊറോന ഡയറക്ടർ അച്ചന്മാർ, അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത്, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ എന്നിവർ പങ്കെടുത്തു.

5 ജനുവരി 17, 18 തീയതികളിലായി എറണാകുളം പി.ഒ.സി യിൽ വച്ച് നടന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ട്രെയിനിങ് ക്യാമ്പിൽ തലശ്ശേരി അതിരൂപതയിൽ നിന്നും ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ടോണി ജോസഫ് പുഞ്ചക്കുന്നേൽ, അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് എന്നിവരുടെ നേതൃത്വത്തിൽ 14 പ്രതിനിധികൾ പങ്കെടുത്തു.

6 കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡണ്ടായിരുന്ന കൊങ്ങോല ദേവസ്യ മാസ്റ്ററുടെ അനുസ്മരണം ജനുവരി 16 ന് കുന്നോത്ത് സെന്റ് തോമസ് പാരിഷ് ഹാളിൽ വച്ച് നടന്നു. അസിസ്റ്റന്റ് വികാരി റവ. ഫാ. തോമസ് പാണാക്കുഴി അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതിഅംഗം ബെന്നി പുതിയാംപുറം യൂണിറ്റ് പ്രസിഡണ്ട് എൻ.വി. ജോസഫ് നെല്ലിക്കുന്ന് തുടങ്ങിയവർ ദേവസ്യ മാസ്റ്ററെ അനുസ്മരിച്ച് സംസാരിച്ചു.

7 കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ മലബാർ റീജിയൺ നേതൃയോഗം ഓൺലൈനായി നടത്തപ്പെട്ടു.

പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിന് കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ ഗ്ലോബൽ കോഡിനേറ്റർ തലശ്ശേരി അതിരൂപത അംഗമായ സിജോ കണ്ണേഴത്ത് സ്വാഗതം ആശംസിച്ചു. കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ ഗ്ലോബൽ ജനറൽ കോഡിനേറ്റർ സിജോ ഇലന്തൂർ അധ്യക്ഷത വഹിച്ച നേതൃയോഗം കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഡോക്ടർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരിയിൽ നടന്ന മലബാർ റീജിയൺ സമ്മേളനത്തിനുശേഷം ഒരോ രൂപതകളിലും നടന്ന സംഘടനാ പ്രവർത്തനങ്ങൾ യോഗത്തിൽ അവലോകനം ചെയ്തു. ചർച്ചകൾക്ക് നേതൃത്വം നൽകികൊണ്ട് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ, ട്രീസ ലിസ് സെബാസ്റ്റ്യൻ ഷിജോ ഇടയാടിയിൽ എന്നിവർ സംസാരിച്ചു. തലശ്ശേരി താമരശ്ശേരി യൂത്ത് കോഡിനേറ്റർമാർ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

തലശ്ശേരി അതിരൂപതയിലെ വിവിധ ഫൊറോനകളിൽനിന്നുള്ള യൂത്ത് കൗൺസിൽ കോഡിനേറ്റർമാർ ഈ മീറ്റിങ്ങിൽ സംബന്ധിച്ചു. എല്ലാ യൂണിറ്റുകളിൽനിന്നും 35നും 50 നും ഇടയ്ക്ക് പ്രായമുള്ള യൂത്ത് കൗൺസിലർമാരെ കണ്ടെത്തി സംഘടനയെ ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

### 1. ദിയകോണിയ

അതിരൂപതാതല ദിയാകോണിയാ സംഗമം 2025 ഫെബ്രുവരി 1-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് ഫൊറോനാപള്ളി ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ എല്ലാ അപ്പൊസ്റ്റൊലേറ്റുകളുടെയും അതിരൂപതാതല ഭാരവാഹികൾ പങ്കെടുത്തു. സമുദായ ശക്തികരണ വർഷത്തിൽ ദിയകോണിയ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾ പ്രഖ്യാപിച്ചു

### 2. കോഡിനേറ്റർമാരുടെ സമ്മേളനം

2025 ഫെബ്രുവരി 1 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണി മുതൽ നാലു മണിവരെ തളിപ്പറമ്പ് ഫൊറോനാപള്ളി ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ ഇടവക കോഡിനേറ്റർമാരുടെ സമ്മേളനം നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ മാതൃകാപരമായി കുടുംബ കൂട്ടായ്മകൾ നടത്തിയ ഇടവകകൾക്കുള്ള അതിരൂപതാതല സമ്മാനങ്ങളും ഫൊറോനതല ഒന്നും രണ്ടും സ്ഥാനങ്ങൾക്കുള്ള സമ്മാനങ്ങളും അഭിവന്ദ്യ പിതാവ് നൽകുകയുണ്ടായി. മാതൃകാപരമായി കുടുംബ കൂട്ടായ്മ നടത്തി സമ്മാനാർഹരായ ഇടവകാംഗങ്ങൾക്കും ബഹു വികാരിയച്ചൻമാർ, കൊച്ചച്ചൻമാർ, സിസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവർക്കും അഭിനന്ദനങ്ങൾ.

### 3. പ്രത്യേക ശ്രദ്ധയ്ക്ക്

a. ജനുവരി ഫെബ്രുവരി മാസങ്ങളിലെ ചർച്ചാവിഷയം എല്ലാ യൂണിറ്റിലും എല്ലാവരുടെയും പൂർണ്ണ പങ്കാളിത്തത്തോടെ ചർച്ച ചെയ്ത് റിപ്പോർട്ട് രൂപത കേന്ദ്രത്തിലേക്ക് അയക്കുമല്ലോ.

b. ഇനിയും പ്രാർത്ഥന പുസ്തകവും റിപ്പോർട്ട് ബുക്കുകളും ഇല്ലാത്ത യൂണിറ്റുകൾ അവ വാങ്ങി കൂട്ടായ്മയും പ്രാർത്ഥനകളും സജീവ മാക്കാൻ ശ്രദ്ധിക്കുമല്ലോ. അതിന് ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണേ.

c. അറിയിച്ചിയിരുന്നതുപോലെ വലിയ നോമ്പിൽ കുടുംബ കൂട്ടായ്മകളുടെ യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അതിരൂപത ടീം എല്ലാ ഇടവകകളും സന്ദർശിക്കുന്നതാണ്. സന്ദർശന വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

d. സമുദായ ശക്തികരണവർഷം കുടുംബ കൂട്ടായ്മകൾ കൂടുതൽ സജീവമാക്കാൻ ശ്രദ്ധിക്കുമല്ലോ.

e. ഓരോ മാസവും ചർച്ചക്കായുള്ള വിഷയം 10 മിനിറ്റ് മാത്രമുള്ള വീഡിയോ ആയിട്ടാണ് നൽകുന്നത്. നമ്മുടെ സമുദായ ശക്തികരണ വർഷം വളരെ ഉപകാരപ്രദമായ ഈ വീഡിയോകൾ ബഹു. വികാരിയച്ചന്മാർ ഇടവകാ ഗ്രൂപ്പുകളിൽ നൽകിയാൽ ഏറെ പേർക്ക് ഉപകാരപ്രദമാകും.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# പഞ്ചാബ് മിഷൻ

'ഞാൻ നിങ്ങളോട് കല്പിച്ചത് എല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും'. (മത്തായി 28:20) എന്ന ദൈവവചനത്തിലാശ്രയിച്ചുകൊണ്ട് പഞ്ചാബിൽ ആരംഭിച്ച മിഷൻ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. പ്രതികൂല സാഹ ചര്യങ്ങളിൽ കർത്താവിന്റെ പരിപാലനയും സംരക്ഷണവും ഞങ്ങൾ അനു ഭവിക്കുന്നുണ്ട്.

ഈ വർഷത്തെ ക്രിസ്തുമസിനോടനുബന്ധിച്ച് നടന്ന ക്രിസ്തുമസ് കരോളിലും ക്രിസ്തുമസ് പ്രോഗ്രാമുകളിലും, തിരുകർമ്മങ്ങളിലും ധാരാളം ആളുകൾ പങ്കെടുത്തു. ഉണ്ണിയേശുവിനെ കരങ്ങളിൽ വഹിച്ചുകൊണ്ട് നട ത്തിയ ക്രിസ്തുമസ് കരോളിൽ മറ്റ് മതസ്ഥർ പോലും സഹകരിച്ചു. ക്രിസ്തുമസ് പ്രോഗ്രാമുകൾ മിഷനിലുള്ള ജനങ്ങളുടെ കൂട്ടായ്മയ്ക്ക് ശക്തി പകർന്നു. മെഡിക്കൽ ക്യാമ്പ്, കുടുംബസംഗമം, ധ്യാനങ്ങൾ, ക്ലാസുകൾ എന്നിവ മിഷൻ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നല്കുന്നുണ്ട്. ദൈവകൃപയാൽ പഞ്ചാബിൽ തലശ്ശേരി അതിരൂപതയ്ക്ക് സ്വന്തമായി സ്ഥലം വാങ്ങാൻ കഴിഞ്ഞു. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ താമസി യാതെ ആരംഭിക്കുന്നതാണ്.

മിഷൻ പ്രവർത്തനത്തിന് ഞങ്ങളുടെ പാദങ്ങൾക്ക് ശക്തിയും തീക്ഷ്ണതയും ലഭിക്കുവാൻ നിങ്ങളുടെ പ്രാർത്ഥന വളരെയേറെ അത്യാവശ്യമാണ്. ഈശോയെ അറിഞ്ഞിട്ടില്ലാത്ത നിരവധി ആളുകൾ ഇനിയുമുണ്ട്. അവരുടെ ഇടയിൽ ധൈര്യപൂർവം ഈശോയെ പ്രഘോഷി ക്കൽ വേണ്ട കരുത്തിനുവേണ്ടി വിശുദ്ധ കുർബാനയിൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി** **ഫാ. മാത്യു മുക്കുഴി**
**ഫാ. ജോസഫ് കരിമ്പൂഴിക്കൽ** **ഫാ. മാത്യു കോണിക്കൽ**

# കരിസ്മാറ്റിക് മൂവ്മെന്റ്

**കണ്ണൂർ സോൺ**

29/11/2024 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് രാവിലെ 9 മണി മുതൽനടന്ന ഉപവാസ പ്രാർത്ഥനയ്ക്ക് കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ നേതൃത്വം നൽകി. 18/11/2024 ന് ഉച്ചയ്ക്ക് 1 മണി മുതൽ 20/12/2024 ഉച്ചയ്ക്ക് 1 മണി വരെ 32 ദിവസം നീളുന്ന നിത്യാരാധന തേർത്തല്ലി ഉണ്ണിമിശിഹാ പള്ളിയിൽ നടന്നു. ശുശ്രുഷകൾക്ക് കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയും റവ. ഫാ. ജോയി മഠത്തിമ്യാലിയും നേതൃത്വം നൽകി. 17/12/24 ന് സോൺ ആനിമേറ്റർ അച്ചന്റെയും റോയി നെടുന്താനം അച്ചന്റെയും നേതൃത്വത്തിൽ തളിപ്പറമ്പിൽ വച്ച് ഏകദിന ശുശ്രൂഷ നടന്നു.

**കാസർഗോഡ് സോൺ അംഗങ്ങൾ**

തോമാപുരത്ത് വച്ച് നടന്ന ദിവ്യകാരുണ്യ കൺവെൻഷനൊരുക്കമായി നടന്ന 101 ദിവസ പ്രാർത്ഥനകളിൽ സജീവമായി പങ്കെടുത്തു. 7 ആദ്യ വെള്ളിയാഴ്ചകളിലും, രണ്ടാം വെള്ളിയാഴ്ചയും, നാലാം വെള്ളിയാഴ്ചയും, തോമാപുരം പള്ളിയിൽ ജാഗരണ പ്രാർത്ഥന നടത്തി. ക്രിസ്റ്റീൻ മിനിസ്ട്രിയുടെ സെൻട്രൽ ടീം സോണിൽ സന്ദർശനം നടത്തി. എല്ലാ സബ് സോണുകളിലും മിനിസ്ട്രി തലത്തിലും കൂട്ടായ്മ നടന്നു വരുന്നു.

കാസർഗോഡ് സോൺ പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കണ്ണിവയൽ പള്ളിയിൽ വച്ച് നടക്കുന്ന ദ്വിദിന ഫോർമേഷൻ പ്രോഗ്രാം അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയിൽ ഉദ്ഘാടനം ചെയ്തു. ഡിസംബർ 20 ന് സബ്സോൺ തല കരിസ്മാറ്റിക് കുടുംബോത്സവം രാജപുരം പള്ളിയിൽ വച്ചു നടന്നു. സബ് സോണിലെ കരിസ്മാറ്റിക് കുടുംബങ്ങൾ പങ്കെടുത്തു.

**തലശ്ശേരി സോണിൽ**

9-12-24 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് സോണൽ കൂട്ടായ്മ ചേർന്നു. അതിരൂപതാ കരിസ്മാറ്റിക്ക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. സബ്റീജിയൻ കൺവീനർ സിബി ഓലിക്കൽ ക്ലാസ്സെടുത്തു.

കുന്നോത്ത് സബ് സോൺ കരിസ്മാറ്റിക് കുടുംബോത്സവം 26-12-24 ന് പെരിങ്കിരി അൽഫോൻസാ പള്ളിയിൽ വച്ച് നടന്നു. കുന്നോത്ത് ഫൊറോനാ വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ടിൽ, റവ. ഫാ. ജെയ്

സൺ കോലക്കുന്നേൽ, കെ.സി.എസ്.സി. മുൻ. ജോയിന്റ് കോർഡിനേറ്റർ സെബാസ്റ്റ്യൻ താന്നിക്കൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 'കുടുംബോത്സവത്തിന്' ഒരുക്കമായി 20-12-24 ന് പെരിങ്കരി പള്ളിയിൽ വച്ച് നൈറ്റ് വിജിൽ നടന്നു.

19-12-24 ന് മണിക്കടവ് ഫൊറോനയിലെ ശാന്തിനഗർ പള്ളിയിൽ വച്ച് കരിസ്മാറ്റിക്ക് സന്ധ്യ - വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നിവ നടന്നു.

തലശ്ശേരി അതിരൂപതാതല പ്രീച്ചേഴ്സ് & സ്പിരിചൽ ഷെയറേഴ്സ് മീറ്റ് - നവംബർ 22, 23, തീയതികളിൽ സന്ദേശഭവനിൽ വച്ചു നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മീറ്റ് ഉദ്ഘാടനം ചെയ്തു.

മോൺ. ആന്റണി മുതുകുന്നേൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മോൺ. സിബി പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ചാൻസലർ റവ. ഫാ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഫാ. ഡോ. ഫിലിപ്പ് കവിയിൽ, റവ. ഫാ. ഡോ ജോജി കാക്കരമറ്റത്തിൽ, റവ. ഫാ. ഡോ ബെന്നി പുത്തൻനട, റവ. ഫാ. ഡോ. സെബാൻ ചെരിപുരത്ത്, സി. ടെസ്സിൻ എം.എസ്.എം.ഐ. എന്നിവർ ക്ലാസ്സുകൾ നയിച്ചു. ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം സമാപന ആശീർവ്വാദം നൽകി. അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ സ്വാഗതം ആശംസിച്ചു. സബ്റീജിയൻ കൺവീനർ സിബി ഓലിക്കൽ നന്ദിയും അറിയിച്ചു.

**റവ. ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ഷെൽട്ടർ ഹോം പടന്നക്കാട്**

എസ്. ഡി. സിസ്റ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരും, ആലംബഹീനരായ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള അഭയ കേന്ദ്രമായ പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോമിലെ അന്തേവാസിയുടെ കുഞ്ഞിന്റെ ഒന്നാം പിറന്നാൾ വിശുദ്ധ ബലിയോടും മധുരപലഹാര വിതരണത്ത ടെയും ആഘോഷിച്ചു. 6-ാം തീയതി നടത്തപ്പെട്ട ആഘോഷത്തിന് വികാരി ജനറാൾ മാത്യു ഇളംതുരുത്തിപടവിൽ, ഫാ. ജിതിൻ കള ത്തിൽ, ഫാ. അമൽ തൈപ്പറമ്പിൽ, റവ. മദർ ആൽഫിൻ, സി. നോബിൾ എന്നിവർ നേതൃത്വം നൽകി. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ ബലിയർപ്പിച്ച് കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

**ആശാഭവൻ പടവനാട്**

ബധിര വിദ്യാർത്ഥികൾക്കായി ക്ലാരസഭ നടത്തുന്ന പടവനാട് ആശാഭവൻ ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾക്കായി പുതു വർഷത്തിൽ ഏഴാം തീയതി ആംഗ്യഭാഷയിൽ പരിശുദ്ധ കുർബാനയും, കുമ്പസാരവും, കൗൺസിലിഗും നൽകി. പുതിയ ഉണർവോടെ, ലക്ഷ്യ ബോധത്തോടെ പുതുവത്സരത്തിൽ പഠനകാര്യങ്ങളിൽ ഏർപ്പെടു വാൻ ബോധവൽക്കരണ ക്ലാസ് നൽകി.

**ബാംഗ്ലൂർ എഫ്ഫാത്താ മിഷൻ**

2025ലെ ആദ്യ ആംഗ്യഭാഷ ബലിയർപ്പണത്തിനായി സെന്റ് പാട്രിക് ദൈവാലയത്തിൽ പന്ത്രണ്ടാം തീയതി ഞായറാഴ്ച ബാംഗ്ലൂർ ബധിര കൂട്ടായ്മ ഒന്നുചേരുന്നു. ബലി അർപ്പണത്തിനുശേഷം പുതു വർഷത്തിലെ പ്രോഗ്രാമുകൾ ചർച്ച ചെയ്യുകയും, പുതുതായി സമൂഹ ത്തിലേക്ക് വന്നുചേർന്ന സഹോദരങ്ങളെ സ്വാഗതം ചെയ്യുകയും ചെയ്തു.

**ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ**

പുതുവർഷത്തിലെ ആദ്യ ആംഗ്യഭാഷ പരിശുദ്ധ ബലിയ്ക്കായി അതിരൂപതയിലെ ബധിര സമൂഹം 19-ാം തീയതി ഞായറാഴ്ച ആലക്കോട് സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയത്തിൽ ഒരുമിച്ചുകൂടി. കോൺവെന്റ് ചാപ്പലിൽ പരിശുദ്ധ ബലി അർപ്പിച്ചു തുടർന്നു ജപമാലയ്ക്കും പ്രാർത്ഥനകൾക്ക് ശ്രീ. ആന്റണി മുതുകുന്നേൽ ആന്റണി വെട്ടിക്കാട്ടിൽ ജിമ്മി എന്നിവർ നേതൃത്വം നൽകി. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കുചേർന്ന് ദൈവകൃപ സ്വീകരിക്കുവാൻ പൊതുസമൂഹ ത്തോട് ഒപ്പം നിൽക്കുവാൻ അവസരം നൽകിയ അഭിവന്ദ്യ പിതാവിനും ബഹു. മാണി മേൽവട്ടം അച്ചന്റെ നേതൃത്വത്തിലുള്ള ദിവ്യകാരുണ്യ കോൺഗ്രസ് സംഘാടകസമിതിക്കും കൂട്ടായ്മ നന്ദി പ്രകാശിപ്പിച്ചു. പ്രസിഡണ്ട് സനീഷ് കൂട്ടായ്മ യുടെ 23-ാം വാർഷിക ആലോചനകൾക്ക് നേതൃത്വം നൽകി.

**ആശാഭവൻ സ്റ്റഡി സെന്റർ, തൃശൂർ**

ജനുവരി 20, 21 തീയതികളിലായി ആശാഭവൻ സ്റ്റഡി സെന്ററിലെ ബികോം വിദ്യാർത്ഥികൾക്കായി വ്യക്തിത്വ വികസന സെമിനാറും കൗൺസിലിംഗും നടത്തി. ബധിരരായ കോളജ് വിദ്യാർത്ഥികൾ അഭീമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

**മലബാർ ട്രെയിനിങ് കോളേജ്, പേരാവൂർ**

പേരാവൂർ മലബാർ ട്രെയിനിങ് കോളേജിലെ ഡിഗ്രി വിദ്യാർഥികളുടെ സോഷ്യൽ അവയർനസ് പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികൾക്കായി ആംഗ്യഭാഷ ശില്പശാല സംഘടിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്തു.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ.ഡി.എസ്.യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**മദ്യവിരുദ്ധ സമിതിയും , സമുദായ ശാക്തീകരണ വർഷവും**

സമുദായ ശാക്തീകരണ വർഷത്തിൽ കുടുംബ നവീകരണത്തിലൂടെ, മദ്യവിമുക്ത കുടുംബത്തിലൂടെ സമുദായ ശാക്തീകരണത്തിന് മദ്യവിരുദ്ധ സമിതി വിവിധങ്ങളായ പദ്ധതികൾക്ക് രൂപം നല്കി. മദ്യപാനത്തിൽപെട്ട് ദുരിതം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി ചികിത്സയിലൂടെയും പ്രാർത്ഥനയിലൂടെയും കൗൺസിലിങ്ങിലൂടെയും അവരെ രക്ഷിക്കുവാനുള്ള പരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത്. മദ്യവിമുക്തമാകുന്ന കുടുംബങ്ങളെ ദത്തെടുത്ത് സ്വയം തൊഴിൽ മേഖലയിലേക്ക് അവരെ കൈ പിടിച്ചുയർത്തും. സമാധാനമുള്ള കുടുംബങ്ങൾ നമ്മുടെ സഭയിൽ ഉണ്ടെങ്കിൽ മാത്രമേ സമുദായ ശാക്തീകരണം സാദ്ധ്യമാകൂ. അമ്മമാർക്ക് മനസമാധാനവും, കുഞ്ഞുങ്ങൾക്ക് സന്തോഷകരമായ ജീവിതാന്തരീക്ഷവും കുടുംബങ്ങളിൽ സംജാതമാകണം. തൊഴിൽ തേടി വിദേശ രാജ്യങ്ങളിലേക്ക് പോകാൻ യുവജനങ്ങൾ തയ്യാറാകുന്നതിനുള്ള ഒരു കാരണം മദ്യപാനം മൂലം തകർന്നടിഞ്ഞ സാമ്പത്തിക മേഖലയാണ്. ഓരോ മദ്യവിരുദ്ധ സമിതി പ്രവർത്തകരും ഇതു പോലുള്ള ഓരോ കുടുംബങ്ങളെ കണ്ടെത്തി അവരുടെ രക്ഷകരായി മാറണമെന്ന് ഉളിക്കൽ ഉണ്ണിമിശിഹാ പള്ളി ഓഡിറ്റോറിയത്തിൽ ചേർന്ന അതിരൂപത കമ്മറ്റി തീരുമാനിച്ചു. ജനുവരി 30 ന് ഏകദിന ഉപവാസ ദിനമായി ആചരിക്കുവാനും എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച പ്രാർത്ഥനാ ദിനമായി ആചരിക്കുവാനും യോഗം തീരുമാനിച്ചു. മദ്യ വിമുക്തരാകുന്നവരുടെ കൂട്ടായ്മ ശക്തമാക്കി അവർക്ക് വേണ്ട ധാർമ്മിക പിന്തുണ കൊടുക്കുവാൻ സംഘടനാ പ്രവർത്തകർ ഓരോ മേഖലയിലും നേതൃത്വം കൊടുക്കണം. ഉളിക്കല്ലിൽ നടന്ന മദ്യവിരുദ്ധ പോരാട്ടങ്ങളെ യോഗം അനുസ്മരിച്ചു. അതിരൂപതാ പ്രസിഡന്റ് ടോമിസാർ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. മുക്തി ശ്രീ പ്രസിഡന്റ് ഷിനോ പാറക്കൽ

സ്വാഗതവും സെക്രട്ടറി T.D. ദേവസ്യാസാർ നന്ദിയും പറഞ്ഞു. മേരിക്കുട്ടി പാലക്കലോടി, സോയി പുറവക്കാട്ട്, പുഷ്പ വെള്ളാപ്പാടം, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ , സോളി രാമച്ചനാട്ട് , സെബാസ്റ്റ്യൻ പെരുമ്പുഴ , ജോസ് ചിറ്റേട്ട് എന്നിവർ നേതൃത്വം നല്കി.

**നെല്ലിക്കാംപൊയിൽ മേഖലാ മീറ്റിംഗ്**

ഉളിക്കൽ ബഥേൽ ഓഡിറ്റോറിയത്തിൽ നടന്ന മേഖലാ മീറ്റിങ്ങിൽ ഫൊറോനയിലെ ഭൂരിപക്ഷം ഇടവകയിൽ നിന്നും പ്രവർത്തകർ പങ്കെടുത്തു. മദ്യവിരുദ്ധ പ്രവർത്തനത്തിൽ ശക്തമായ വേരോട്ടമുള്ള ഉളിക്കൽ പ്രദേശത്ത് പ്രവർത്തനം ശക്തമാക്കണമെന്ന് യോഗം തീരുമാനിച്ചു. ഇപ്പോൾ നടക്കുന്ന മദ്യവിമുക്ത കൂട്ടായ്മ ശക്തമാക്കണമെന്നും, സമരരംഗത്തിനേക്കാളും പ്രത്യേക പരിഗണന നല്കി കുടുംബത്തെ ദത്തെടുത്ത് രക്ഷിക്കാമെന്നും യോഗം വിലയിരുത്തി. യുവതലമുറയുടെ കാര്യത്തിൽ മാതാപിതാക്കൾ ജാഗ്രത പാലിക്കണമെന്നും, സംഘടനാ പ്രവർത്തനത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തണമെന്നും യോഗം തീരുമാനിച്ചു. യുവജനങ്ങളുടെ പ്രതിനിധിയായി യോഗത്തിൽ സംസാരിച്ച അജയ് മുണ്ടയ്ക്കാമറ്റം യോഗത്തിൽ അവതരിപ്പിച്ച അനുഭവവിവരണം ആശങ്കയോടെയാണ് പ്രവർത്തകർ ശ്രവിച്ചത്. മദ്യവിരുദ്ധ സ്കാട് പ്രവർത്തനത്തിൽ യുവജനങ്ങളുടെ എല്ലാ സഹകരണവും ഉറപ്പു നല്കി. മദ്യവിമുക്തമായ കുടുംബങ്ങൾ സമുദായ ശാക്തീകരണ വർഷത്തിലെ നമ്മുടെ പ്രധാന അജണ്ടയാകണമെന്ന് പ്രവർത്തകർ ആവശ്യപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ടോമിസാർ വെട്ടിക്കാട്ട്, ജോസ് ഇരട്ടാണിയേൽ, മേഴ്സി ടീച്ചർ ചാക്കോളമണ്ണിൽ, T.D. ദേവസ്യാസാർ, ജോഷി ചക്കുളിയിൽ, മേരിക്കുട്ടി പാലക്കലോടി, മിനി കോവിലകം എന്നിവർ പ്രസംഗിച്ചു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. ജോസഫ് പൂവത്തോലിൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

### ഗ്രാമിയ നോട്ടുബുക്ക് - 2025

TSSS-ന്റെ നേതൃത്വത്തിൽ എല്ലാ വർഷവും വിപണിയിൽ എത്തിക്കുന്ന ഗ്രാമിയ നോട്ടുബുക്കുകളുടെ ഈ വർഷത്തെ ഓർഡറുകൾ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. 2025 മാർച്ച് മാസത്തോടുകൂടി വിതരണം ആരംഭിക്കുന്ന നോട്ടുബുക്കുകൾ മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ആകർഷകമായ നിരക്കിൽ ഇടവകകളിലും യൂണിറ്റുകളിലും എത്തിച്ചു നൽകുന്നതായിരിക്കും. 100, 172 പേജുകളിലായി തയ്യാറാക്കി വരുന്ന കോളേജ്, സ്കൂൾ നോട്ടുബുക്കുകളുടെ മറ്റു വിശദമായ വിവര ങ്ങൾ ഫെബ്രുവരി മാസത്തോടുകൂടി വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി അറിയിക്കുന്നതായിരിക്കും.

### മാതാ ഹോം കെയർ ഉത്പന്നങ്ങൾ വിപണിയിൽ

സ്വാഭിമാൻ ക്ലീനിംഗ് ഉത്പന്നങ്ങളുടെ കിറ്റുകൾക്കു പുറമെ ഇനി മുതൽ പുതിയ റെഡിമെയ്ഡ് ഉത്പന്നങ്ങളും വിപണിയിലേക്ക് സജ്ജമായി. വാഷിംഗ് മെഷീൻ ലിക്വിഡ് ഡിറ്റർജന്റ്, ഫാബ്രിക് സ്റ്റാർച്ച്, ഫിനോയിൽ, ഫാബ്രിക് കണ്ടീഷണർ, ലിക്വിഡ് ഡിഷ്വാഷ്, ടോയിലെറ്റ് ക്ലീനർ, ഫ്ളോർ വാഷ്, ഹാന്റ് വാഷ്, ഹെയർ ഷാംപൂ, കാർ ഷാംപൂ, ബാത്ത് സോപ്പ്, ഡിഷ് വാഷ് ബാർസോപ്പ് തുടങ്ങിയ ഉത്പന്നങ്ങളാണ് ഏറ്റവും മികച്ച ഗുണമേന്മയോടുകൂടി ആകർഷകമായ നിരക്കിൽ ലഭ്യമാക്കുന്നത്. 2025 ഫെബ്രുവരി മാസം മുതൽ TSSS മേഖലാ-യൂണിറ്റ് ഓഫീസുകൾ വഴി വിതരണം ആരംഭിക്കുന്നതാണ്. നിലവിൽ വിതരണം ചെയ്തുവരുന്ന ഏരിയൽ-ഹൈടെക്ക് സോപ്പുപൊടി, ഡിഷ്വാഷ്, ഹാർപ്പിക്, ഫിനോയിൽ, ഷാംപൂ തുടങ്ങിയ കിറ്റുകൾ തുടർന്നും ലഭിക്കുന്നതായിരിക്കും.

### TSSS-ന്റെ ജനകീയസംഘ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

2025-2028 വർഷത്തേക്കുള്ള TSSS-ന്റെ ജനകീയസംഘങ്ങളുടെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ ആരംഭിച്ചു. 2024 ഡിസംബർ ആദ്യആഴ്ചയിൽ വിവിധ സ്വാശ്രയസംഘങ്ങളുടെ തിരഞ്ഞെടുപ്പുകൾ പൂർത്തിയായി. 2024 ഡിസംബർ 08 മുതൽ 2025 ജനുവരി 18 വരെ യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും

പൂർത്തീകരിച്ചു. 2025 ജനുവരി 21 മുതൽ ഫെബ്രുവരി 15 വരെ റീജിയണൽ കോർഡിനേഷൻ കമ്മിറ്റി (RCC)-കളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ എല്ലാ മേഖലകളിലും സജ്ജമാക്കി.

## യൂണിറ്റ് രൂപീകരണം

TSSS-ന്റെ 151-ാമത്തെ യൂണിറ്റായി കനകക്കുന്ന് യൂണിറ്റും, 152-ാമത്തെ യൂണിറ്റായി ബളാൽ യൂണിറ്റും പുതുതായി ആരംഭിച്ചു. പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം ചേർന്നുനിന്നുകൊണ്ട് പുതിയ തുടക്കം കുറിച്ച യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**കനകക്കുന്ന്**

| | |
|---|---|
| *പ്രസിഡണ്ട്* | : ഫിലിപ്പ് മാമലയിൽ |
| *വൈസ് പ്രസിഡണ്ട്* | : ബേബി കിഴക്കയിൽ |
| *സെക്രട്ടറി* | : അമ്പിളി ചെതുരപ്പള്ളിയിൽ |
| *ജോയിന്റ് സെക്രട്ടറി* | : സാലി തെക്കേക്കര |
| *ഇന്റേണൽ ഓഡിറ്റർ* | : ബിജോയ് കിഴക്കേക്കര |
| | : ബിജു കുന്നപ്പള്ളിക്കൊട്ടാരം |
| *കമ്മിറ്റി അംഗങ്ങൾ* | : തോമസ് കെ.സി. കാഞ്ഞമല |
| | : ലിസി പുത്തൻകണ്ടത്തിൽ |
| | : ബിനോയി പൊടിപ്പാറ |

** ബളാൽ യൂണിറ്റിന്റെ രൂപീകരണം മാത്രമേ പൂർത്തീയായിട്ടുള്ളൂ. യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഏറ്റവും അടുത്ത ദിവസം നടത്തുന്നതായിരിക്കും.*

## പ്രതിമാസ പ്രവർത്തനങ്ങൾ

2025 ഫെബ്രുവരി മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1). ഫെബ്രുവരി 11**
**സുരക്ഷിതമായ ഇന്റർനെറ്റ് ദിനം (Safer Internet Day)**
**പ്രവർത്തനം:**

* ബോധവത്ക്കരണക്ലാസ് സംഘടിപ്പിക്കുക. (യൂണിറ്റുകളിൽ നടത്തേണ്ടത്). ഇന്റർനെറ്റിന്റെ സുരക്ഷിതവും, ദൂഷ്യവുമായ വശങ്ങളെക്കുറിച്ച് ആധികാരികമായി സംവദിക്കുവാൻ സാധിക്കുന്നവരെ കണ്ടെത്തി, സ്കൂൾ വിദ്യാർത്ഥികൾ, മാതാപിതാക്കൾ, യുവതീ-യുവാക്കൾ എന്നിവരെ ഉൾപ്പെടുത്തി ജനപങ്കാളിത്തത്തോടെ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുക.

**2). ഫെബ്രുവരി 20**
**ലോക സാമൂഹികനീതി ദിനം (World Day of Social Justice)**
**പ്രവർത്തനങ്ങൾ:**

* സാമൂഹികനീതി ദിനത്തോടനുബന്ധിച്ച് മൗലികാവകാശങ്ങൾ, സാമൂഹികസംരക്ഷണം, സ്ത്രീ ശാക്തീകരണം തുടങ്ങിയ വിവിധ വിഷയങ്ങ

ളിൽ പോലീസ്, വക്കീൽ ഉദ്യോഗസ്ഥർ എന്നിവർ മുഖേനയും, TSSS ഫാമിലി കൗൺസിലിംഗ് സെന്റർ, TSSS സർവ്വീസ് പ്രൊ വൈഡിംഗ് സെന്റർ തുടങ്ങിയവയുമായും സഹകരിച്ച് ബോധവത്ക്കരണ ക്ലാസ്സുകളും, മറ്റു സാമൂഹ്യപ്രവർത്തനങ്ങളും യൂണിറ്റിൽ സംഘടിപ്പിക്കുക.

**3). ഫെബ്രുവരി 21**
**അന്താരാഷ്ട്ര മാതൃഭാഷാദിനം (International Mother Language Day)**
**പ്രവർത്തനം:**

* യൂണിറ്റ് അംഗങ്ങൾ പ്രകൃതിസംരക്ഷണത്തെക്കുറിച്ച് രണ്ട് പേജിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. (ഇതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് ഉപന്യാസങ്ങൾ മേഖലയിൽ നിന്നും TSSS-ലേക്ക് നൽകേണ്ടതാണ്. അതിരൂപതാതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ TSSS-ന്റെ അടുത്ത ജനകീയസംഘ വാർഷികാഘോഷവേദിയിൽവച്ച് ആദരിക്കുന്നു.)

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. 2025 ജനുവരി മാസത്തെ ക്യാമ്പ് 6-ാം തീയതി തിങ്കളാഴ്ച ചിറ്റാരിക്കാൽ മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത മാസത്തെ ക്യാമ്പ് **2025 ഫെബ്രുവരി 08 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ആലക്കോട് മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ആലക്കോട് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**മാനസികാരോഗ്യ മെഡിക്കൽക്യാമ്പും പുതുവത്സരാഘോഷവും**

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽ ക്യാമ്പിൽ രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തിവരികയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽ വർക്കർമാരുടെ നേതൃത്വത്തിൽ കൗൺസിംഗ് സൗകര്യവും ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽ ക്യാമ്പ് പ്രവർത്തിച്ചുവരുന്നു. 2024 ഡിസംബർ 28-ന് ക്യാമ്പിൽ പങ്കെടുക്കുന്ന

വർക്കൊപ്പം പുതുവത്സരാഘോഷം TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് അച്ചന്റെയും ചെമ്പേരി കരുണാലയം ഡയറക്ടർ ഫാ. ബിജു ചേന്നോത്ത് അച്ചന്റെയും സാന്നിധ്യത്തിൽ സംഘടിപ്പിച്ചു. TSSS-ലെ സോഷ്യൽ വർക്കർമാരുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പി ക്കുകയും, വർഷങ്ങളായി ക്യാമ്പിന് നേതൃത്വം നൽകി വരുന്നവരെ ക്യാമ്പിൽ അഭിനന്ദിക്കുകയും ചെയ്തു.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

### ആഗോള കുടുംബദിനം

മണ്ഡപം, കരുവഞ്ചാൽ, വായാട്ടുപറമ്പ്, മണക്കടവ്, പരപ്പ, കനകപ്പള്ളി, പനത്തടി, മാലോം, കാഞ്ഞിരടുക്കം, അരവഞ്ചാൽ, കോളയാട്, മുണ്ടാനൂർ, കാഞ്ഞിരക്കൊല്ലി, നെടുംപുറംചാൽ, നടുവിൽ, ചെമ്പേരി, ചെമ്പന്തൊട്ടി ചെമ്പന്തൊട്ടി എം.എസ്.എസ്., നെല്ലിക്കുറ്റി, ലിസിഗിരി, ചന്ദനക്കാംപാറ, പൈസക്കരി, പൊട്ടംപ്ലാവ്, മണ്ടളം എന്നീ യൂണിറ്റുകൾ ആഗോള കുടുംബദിന ത്തോടനുബന്ധിച്ച് യൂണിറ്റുകളിൽ സെൽഫി കോമ്പറ്റീഷൻ നടത്തുകയും, രോഗികളെയും പ്രായമായവരെയും വീടുകളിൽ സന്ദർശിച്ച് ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

**ദേശീയ ബാലികാദിനം:** മണ്ഡപം, വായാട്ടുപറമ്പ്, കോളയാട്, പൂളക്കുറ്റി, മുണ്ടാനൂർ, നെടുംപുറംചാൽ, പൈസക്കരി, ചെമ്പേരി യൂണിറ്റുകളുടെ നേതൃത്വത്തിൽ പെൺകുട്ടി കൾക്കായി ക്ലാസ്സുകൾ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

### ദേശീയ വിനോദസഞ്ചാരദിനം

തോമാപുരം, പാലാവയൽ, ചട്ടമല, കുന്നുംകൈ, കടുമേനി, വരക്കാട്, ചാവറഗിരി, മണ്ഡപം, കാവുന്തല, കമ്പല്ലൂർ, കോളയാട്, നെടുംപുറംചാൽ, പൈസക്കരി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങൾ സന്ദർശിക്കുകയും പരിസ്ഥിതി ബോധവത്ക്കരണ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു.

**വിദ്യാഭ്യാസസഹായം:** അങ്ങാടിക്കടവ്, മണിപ്പാറ, മുണ്ടാനൂർ, പൈസക്കരി എന്നീ യൂണിറ്റുകൾ നിർധനരായ വിദ്യാർഥികൾക്ക് പഠനസഹായങ്ങളും മറ്റു സമ്മാനങ്ങളും നൽകി.

### രോഗീസന്ദർശനം & ചികിത്സാസഹായം

തോമാപുരം, കരുവഞ്ചാൽ, കനീലടുക്കം, പൂളക്കുറ്റി, അറബി, ശാന്തിനഗർ, മാട്ടറ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർധനരായ രോഗികളെ സന്ദർശിക്കുകയും, സാമ്പത്തിക സഹായങ്ങളും മറ്റു ആവശ്യ സാധനങ്ങളും വാങ്ങി നൽകുകയും ചെയ്തു.

**അഗതിമന്ദിരം സന്ദർശനം:** പേരട്ട, പുന്നക്കുന്ന്, കനകപ്പള്ളി, കാലിച്ചാനടുക്കം, പുല്ലടി, കോളയാട്, മണിപ്പാറ എന്നീ യൂണിറ്റുകൾ അഗതി മന്ദിരങ്ങൾ

സന്ദർശിച്ച് അവരോടൊപ്പം സമയം ചെലവഴിക്കുകയും, ശുശ്രൂഷകൾ ചെയ്യുകയും ചെയ്തു. കൂടാതെ പൊതിച്ചോർ വിതരണം, ആവശ്യസാധന ങ്ങൾ തുടങ്ങിയവ നൽകുകയും, സാമ്പത്തിക സഹായം ലഭ്യമാക്കു കയും ചെയ്തു.

**കേശദാനം - സ്നേഹദാനം:** കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മിക്കുന്ന തിനായി സംഘടിപ്പിക്കുന്ന കേശദാനം - സ്നേഹദാനം പദ്ധതിയിലേക്ക് കനകപ്പള്ളി, മണിപ്പാറ യൂണിറ്റുകളുടെ നേതൃത്വത്തിൽ കേശദാനചടങ്ങ് സംഘടിപ്പിച്ചു. മണിപ്പാറ യൂണിറ്റിൽ 24 യുവതികൾ തങ്ങളുടെ മുടി ദാനം ചെയ്തു. തങ്ങളുടെ സൗന്ദര്യത്തിൽ പ്രധാന പങ്കുവഹിക്കുന്ന മുടി ദാനം ചെയ്തുകൊണ്ട് സമൂഹത്തിന് മാതൃകയായ എല്ലാവർക്കും TSSS-ന്റെ നന്ദിയും അഭിനന്ദനങ്ങളും.

**കർഷകദിനാചരണം:** കർഷക ദിനാചരണത്തോടനുബന്ധിച്ച് ചട്ടമല, കരുവഞ്ചാൽ, വായാട്ടുപറമ്പ്, മണക്കടവ്, പുഞ്ച, അറബി, മുണ്ടാനൂർ, മാട്ടറ, കാഞ്ഞിരക്കൊല്ലി, ചന്ദനക്കാംപാറ, നെല്ലിക്കുറ്റി, പൊട്ടൻപ്ലാവ്, ചെമ്പന്തൊട്ടി, അരീക്കമല, വെമ്പുവ, നടുവിൽ എന്നീ യൂണിറ്റുകളുടെയും പൈസക്കരി മേഖലയുടെയും നേതൃത്വത്തിൽ ഫലവൃക്ഷത്തൈ വിതരണം, പച്ചക്കറി തൈ വിതരണം, കുട്ടികർഷകരെ ആദരിക്കൽ തുടങ്ങിയവ സംഘടി പ്പിക്കുകയും, യൂണിറ്റ് അംഗങ്ങളുടെ പച്ചക്കറിതോട്ടങ്ങൾ സന്ദർശിക്കുകയും മികച്ച തോട്ടങ്ങൾക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

**ദിവ്യാംഗതരുടെ ദിനാചരണം :** ദിവ്യാംഗതരുടെ ദിനത്തോടനുബന്ധിച്ച് നെടുംപുറംചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ദിവ്യാംഗതരെ സന്ദർശിച്ച് സാമ്പത്തിക സഹായം ലഭ്യമാക്കുകയും, സംസ്ഥാന സ്കൂൾ കലോത്സവ ത്തിൽ കഥാരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിദ്യാർ ത്ഥിയെ ആദരിക്കുകയും, ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയിൽ ഷെയർ എടുക്കുകയും, ദൂരദർശൻ ചാനലിൽ നിന്നും കർഷക രുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും ഡോക്യുമെന്ററി തയ്യാറാക്കുകയും ചെയ്തു.

**അഗ്രി ഫെസ്റ്റ് - 2025**

* ആലക്കോട് സംഘടിപ്പിച്ച അഗ്രി ഫെസ്റ്റ് 2025-ന്റെ എക്സിബിഷൻ കമ്മിറ്റി ചെയർമാനായി TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് അച്ചനെ തിരഞ്ഞെടുക്കുകയും, 60-ഓളം സ്റ്റാളുകൾ എക്സിബിഷനിൽ പ്രദർശനത്തിനായി അച്ചന്റെ നേതൃത്വത്തിൽ സജ്ജമാക്കുവാൻ സാധിക്കുകയും ചെയ്തു.

* അഗ്രി ഫെസ്റ്റ് എക്സിബിഷനിൽ ആലക്കോട് മേഖലയിലെ എല്ലാ യൂണിറ്റുകളുടെയും, കാഞ്ഞിരക്കൊല്ലി, പൈസക്കരി, ചന്ദനക്കാംപാറ, ഏറ്റുപാറ, ചുണ്ടപ്പറമ്പ്, പൊട്ടംപ്ലാവ്, നടുവിൽ, ചെമ്പേരി, ചെമ്പന്തൊട്ടി, ചെമ്പന്തൊട്ടി എം.എസ്.എസ്., അരീക്കമല, നെല്ലിക്കുറ്റി, ലിസിഗിരി, മണ്ടളം എന്നീ യൂണിറ്റുകളുടെയും നേതൃത്വത്തിൽ വിദ്യാർത്ഥികളെ

ഫെസ്റ്റിൽ പങ്കെടുപ്പിക്കുന്നതിനായി വിവിധ സ്കൂളുകളിൽ കത്ത് നൽകുകയും, യൂണിറ്റ് അംഗങ്ങൾ പ്രദർശനശാലകൾ സന്ദർശിക്കുകയും, സെമിനാറുകളിൽ പങ്കെടുക്കുകയും ചെയ്തു.

* ഉദയഗിരി ഗ്രാമപഞ്ചായത്ത് മികച്ച മാതൃകാ കർഷകനായി തിരഞ്ഞെടുത്ത ശ്രീ. രാജീവ് ജോർജ് പ്ലാക്കാട്ടിനെ മണക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ അഗ്രി ഫെസ്റ്റ് 2025-ൽ വച്ച് അനുമോദിച്ചു.

## മറ്റു പ്രവർത്തനങ്ങൾ

* വായാട്ടുപറമ്പ് യൂണിറ്റിൽ **നാട്ടുവെളിച്ചം** പദ്ധതി സംഘടിപ്പിച്ചുകൊണ്ട് രോഗികൾ, ദിവ്യാംഗതർ, വയോജനങ്ങൾ തുടങ്ങിയവരെ സന്ദർശിച്ച് സ്നേഹോപഹാരങ്ങൾ പങ്കുവച്ചു.
* വെള്ളരിക്കുണ്ട്, അരവഞ്ചാൽ, കണ്ണിവയൽ എന്നീ യൂണിറ്റുകളിൽ മാതാ ഹോംകെയർ ഉത്പന്നങ്ങളുടെ നിർമ്മാണ പരിശീലന ക്ലാസ് സംഘടിപ്പിച്ചു.
* പുഞ്ച, കനകപ്പള്ളി, കൊന്നക്കാട്, വെള്ളരിക്കുണ്ട് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിലാണ് രക്തദാനക്യാമ്പ് നടന്നു.
* കാലിച്ചാനടുക്കം യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു നിർധനകുടുംബത്തിന് വിവാഹ ധനസഹായം നൽകി.
* ബദിയടുക്ക യൂണിറ്റിന്റെ നേതൃത്വത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് കേക്ക് വിതരണം നടത്തുകയും, ലാഭവിഹിതം വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുകയും ചെയ്തു.
* മുണ്ടാനൂർ, കൊന്നക്കാട് യൂണിറ്റുകളിൽ ആടുവിതരണം സംഘടിപ്പിക്കുകയും, മുണ്ടാനൂർ എം.എസ്.എസ്. ബാലനിധി രൂപീകരിക്കുകയും, കുരിശുപള്ളിക്ക് സംഭാവന നൽകുകയും ചെയ്തു.
* കാഞ്ഞിരക്കൊല്ലി യൂണിറ്റിന്റെ നേതൃത്വത്തിൽ വനനിയമഭേദഗതി ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധം സംഘടിപ്പിച്ചു.
* കുടിയാന്മല, കാഞ്ഞിരക്കൊല്ലി എന്നീ യൂണിറ്റുകൾ നിർധനരായവർക്ക് വീടുകൾ നിർമ്മിക്കുന്നതിനായി സാമ്പത്തിക സഹായങ്ങൾ നൽകി.
* അരീക്കമല, പുലിക്കുരുമ്പ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് രോഗികളെ സന്ദർശിക്കുകയും, അവർക്ക് എയർബെഡ് ഉൾപ്പെടെ ആവശ്യസാധനങ്ങൾ ലഭ്യമാക്കുകയും ചെയ്തു.
* ചെറുപാറ യൂണിറ്റിൽ എം.ബി.ബി.എസ്. കരസ്ഥമാക്കിയ കുമാരി. അഞ്ജു മണിയങ്ങാട്ടിന് യൂണിറ്റിന്റെ നേതൃത്വത്തിൽ മെമെന്റോ നൽകി ആദരിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ നിക്ഷേപം നടത്തിയ ഗ്രാമികയ്ക്കും, ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്ത ഗ്രാമികയ്ക്കും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.
* കൊന്നക്കാട്, കരിവേടകം, പുല്ലടി, പനത്തടി, കാലിച്ചാനടുക്കം, കനീലടുക്കം, മണ്ടളം SHG-കളുടെ വാർഷികാഘോഷം സംഘടിപ്പിച്ചു.

## RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

RADIO 4U 89.6 FM മുഖേന നിങ്ങളുടെ കഴിവുകൾ മറ്റുള്ളവർക്കു മുമ്പിൽ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ (കഥ, കവിത, ഗാനങ്ങൾ, മോണോ ആക്ട്, മിമിക്രി ect..) +91 7067625028 (ഫാ. ജിതിൻ കളത്തിൽ) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## റേഡിയോ മാറ്റൊലി സന്ദർശിച്ചു

RADIO 4U 89.6 FM-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോമിഷ് നൂറമാക്കൽ അച്ചനും, സ്റ്റേഷൻ ഡയറക്ടർ ഫാ. ജിതിൻ കളത്തിൽ അച്ചനും ചേർന്ന് മാനന്തവാടി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന റേഡിയോ മാറ്റൊലി സന്ദർശിച്ചു. ഇരു റേഡിയോയുടെയും പ്രോഗ്രാമുകൾ പരസ്പരം കൈമാറാൻ ഈ സന്ദർശനത്തിലൂടെ ധാരണയായി.

## മൊബൈൽ ആപ്ലിക്കേഷൻ

RADIO 4U 89.6 FM-ന്റെ മൊബൈൽ ആപ്ലിക്കേഷൻ പൊതു ജനങ്ങൾക്കായി തയ്യാറായി. ആപ്ലിക്കേഷന്റെ വരവോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് റേഡിയോ ആസ്വദിക്കുവാനുള്ള അവസരം ലഭിക്കുന്നു. പ്ലേ സ്റ്റോർ വഴിയും ആപ് സ്റ്റോർ വഴിയും ലോഗോയോടുകൂടിയ RADIO FOR YOU ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുവാൻ സാധിക്കുന്നതാണ്. ഇതുവഴി തീർത്തും സൗജന്യമായി പരിപാടികൾ ശ്രവിക്കുവാൻ സാധിക്കുന്നു. കൂടാതെ റേഡിയോ ഗാർഡൻ ഉൾപ്പെടെയുള്ള എല്ലാ റേഡിയോ വെബ്സൈറ്റുകളിലും RADIO 4U 89.6 FM ലഭ്യമാണ്.

## കാർഷിക മേളകൾ റെക്കോർഡ് ചെയ്തു

ആലക്കോട് വച്ച് സംഘടിപ്പിച്ച അഗ്രി ഫെസ്റ്റ് - 2025 കാർഷിക എക്സിബിഷൻ, കാറെടുക്ക ബ്ലോക്ക് പഞ്ചായത്ത് പൊവ്വലിൽ വച്ച് നടത്തിയ കാർഷിക വിപണനമേള എന്നിവ RADIO 4U 89.6 FM കവർ ചെയ്തു.

## സ്റ്റുഡിയോ റെക്കോർഡിംഗ്

ഫാ. അലോഷ് കൊളുത്താപ്പള്ളിയുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന വി. കുർബാനയുടെ ഏറ്റവും പുതിയ പ്രാരംഭഗാനമായ ഒന്നായ് തീരാം എന്ന ഗാനത്തിന്റെ റെക്കോർഡിംഗ് സ്റ്റുഡിയോയിൽവച്ച് നടത്തി. ഈ ഗാനത്തിന്റെ മിക്സിംഗ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം രാജപുരം ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂളിലെ ജൂബിലി യോടനുബന്ധിച്ചുള്ള റെക്കോർഡിംഗും സ്റ്റുഡിയോയിൽവച്ച് നടത്തി.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

### പുതുവത്സരാശംസകൾ

തലശ്ശേരി അതിരൂപത മെത്രപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും മുൻ മെത്രാപ്പോലീത്ത മാരായ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും മാർ ജോർജ് വലിയമറ്റം പിതാവിനും ബയോ മൗണ്ടൻ കമ്പനിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ബഹു. വൈദികർക്കും മറ്റെല്ലാ അംഗങ്ങൾക്കും ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഹൃദയം നിറഞ്ഞ പുതുവത്സരാശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

### അഭിമാനത്തോടെ

**കണ്ണൂർ വിഷൻ – 'സക്സസ് സ്റ്റോറി' :** കണ്ണൂർ വിഷൻ ചാനൽ ടീം ബയോ മൗണ്ടൻ കമ്പനി സന്ദർശിച്ച് ചിത്രീകരണം നടത്തുകയും കമ്പനിയെക്കുറിച്ചുള്ള വിശദവിവരങ്ങളും പ്രവർത്തനങ്ങളും വിവരിക്കുന്ന 'സക്സസ് സ്റ്റോറി' ഡിസംബർ 1 ന് വൈകിട്ട് 6:30ന് കണ്ണൂർ വിഷനിൽ സംപ്രേഷണം ചെയ്തു.

### കേരളം പര്യടനം

ബയോ മൗണ്ടൻ കമ്പനി കേരളമെമ്പാടുമുള്ള ജനങ്ങളെ പരിചയപ്പെടുത്തുന്നതിനും അവരിലേക്ക് ബയോ മൗണ്ടെൻ രുചിക്കൂട്ടുകൾ എത്തിക്കുന്നതിനുമായി ഡിസംബർ 12ന് ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയിൽ നിന്നും കേരളം പര്യടനം ആരംഭിച്ചു. കേരളത്തിലെ 14 ജില്ലകളിലൂടെയും (കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ) മുഖ്യ നഗരങ്ങളിലൂടെയും കടന്നുപോകുന്ന കേരള പര്യടനത്തിന്റെ ഫ്ലാഗ് ഓഫ് അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ട് നിർവഹിച്ചു.

### KABCO സ്പെഷ്യൽ പാനൽ സ്പീക്കർ

ഡിസംബർ 19ന് കേരള അഗ്രോ ബിസിനസ് കമ്പനിയുടെ (KABCO) നേതൃത്വത്തിൽ കൊച്ചിയിൽ വച്ച് നടന്ന സമ്മേളനത്തിൽ സ്പെഷ്യൽ പാനൽ സ്പീക്കർ ആയി ബയോ മൗണ്ടൻ കമ്പനി മാനേജിങ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ക്ഷണിക്കപ്പെടുകയും കാർഷിക മേഖല വികസനത്തെ സംബന്ധിക്കുന്ന വിഷയത്തിൽ സംസാരിക്കുകയും ചെയ്തു.

**ദൂരദർശൻ - 'സസ്നേഹം'**

ദൂരദർശൻ ചാനൽ ടീം ബയോ മൗണ്ടൻ കമ്പനി സന്ദർശിച്ച് ചിത്രീകരണം നടത്തുകയും കമ്പനിയെക്കുറിച്ചുള്ള വിവരങ്ങളും പ്രവർത്തനങ്ങളും വിവരിക്കുന്ന 'സസ്നേഹം' ഡിസംബർ 22 ന് രാത്രി 8:30 ന് ദൂരദർശനിൽ സംപ്രേഷണം ചെയ്തു.

**പുതിയ വന നിയമത്തിനെതിരെ ബയോ മൗണ്ടൻ കമ്പനി**

പുതിയ വന നിയമത്തിനെതിരെ ജനുവരി 8ന് കണ്ണൂർ വിഷൻ നടത്തിയ ചാനൽ ചർച്ചയിൽ ബയോ മൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുക്കുകയും കർഷകർക്കും അവരുടെ ജീവനും സ്വത്തും സംരക്ഷിക്കപ്പെടുന്നതിനും വേണ്ടി സംസാരിക്കുകയും ചെയ്തു.

**IISR ദേശീയ സമ്മേളനം**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ചിന്റെ (IISR) നേതൃത്വത്തിൽ ജനുവരി 9ന് കോഴിക്കോട് വച്ച് നടന്ന ദേശീയ സമ്മേളനത്തിൽ ബയോ മൗണ്ടൻ കമ്പനിയെ പ്രതിനിധാന ചെയ്തുകൊണ്ട് കമ്പനി മാനേജിങ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു.

**അഗ്രി ഫെസ്റ്റ് :** ജനുവരി 14 മുതൽ 16 വരെ ആലക്കോട് വച്ച് നടന്ന അഗ്രി ഫെസ്റ്റ് - കാർഷിക മേളയിൽ മലയോര കർഷകരുടെ സംരംഭമായ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഭാഗമാവുകയും കമ്പനിയുടെ സ്റ്റാൾ ബഹു. കൃഷി മന്ത്രി ശ്രീ. പി പ്രസാദ് സന്ദർശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**മഞ്ഞൾ വിത്ത് വിതരണം**

കർഷകരെ ഗുണനിലവാരവും മൂല്യവുമുള്ള വിളകൾ ഉത്പ്പാദിപ്പിക്കുവാൻ സഹായിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ (IISR) സഹായത്തോടെ കണ്ണൂർ കാസറഗോഡ് ജില്ലകളിലെ കർഷകർക്ക് ജനുവരി 31 ഫെബ്രുവരി 1 തീയതികളിൽ 3 ടൺ മഞ്ഞൾ വിത്ത് വിതരണം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മഞ്ഞൾ വിത്ത് വിതരണം ഉത്ഘാടനം ചെയ്തു.

**ഇടവകയിൽ ബയോ മൗണ്ടൻ സ്റ്റാൾ**

ബയോ മൗണ്ടൻ ഉത്പ്പന്നങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ചീമേനി ഇടവകയിൽ ബയോ മൗണ്ടൈൻ ഉത്പ്പന്നങ്ങളുടെ സ്റ്റാൾ ആരംഭിച്ചു. സ്റ്റാൾ ആരംഭിക്കുന്നതിനായി നേതൃത്വം നൽകിയ ബഹു. ചീമേനി ഇടവക വികാരിയാച്ചനും ഇടവക അംഗങ്ങൾക്കും നന്ദി.

**ഇടവകയിലെ ഷെയർ**

ചെമ്പന്തൊട്ടി ഇടവകയിൽ ബയോമൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. കമ്പനി ഷെയർ എടുത്ത ബഹു. വികാരി അച്ചനും അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും

ഇടവകാംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരി യച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. കാരണം എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ.

**നമ്മുടെ സംരംഭങ്ങൾ**

നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായനേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനെക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

**കമ്പനി ഓഫീസ്**

കമ്പനി ഓഫീസ് കുന്നോത്ത് പ്രവർത്തനം ആരംഭിച്ചു. ഫുൾടൈം പ്രവർത്തിക്കുന്ന ഓഫീസും സ്റ്റാഫും വാഹനങ്ങളും കുന്നോത്ത് ഉണ്ട്. നമ്മൾ ആരംഭിച്ച പതിനൊന്നോളം വരുന്ന മസാല പൗഡറുകളുടെ ഉൽപാദനവും വിൽപ്പനയുമെല്ലാം നടന്നുവരുന്നു. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. ഫോൺ: 9656054322

Mail.id: tsssbiomountain@gmail.com

ഡിസംബർ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടു വരുവാനും ബഹുമാനപ്പെട്ട വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

**ഫാ. അരുൺ മുണ്ടപ്ലാക്കൽ**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

# ഇൻഫാം

ഇന്ന് ഏറെ പ്രതിസന്ധി അനുഭവിക്കുന്ന ഒരു സമൂഹമാണ് നമ്മുടെ കേരളത്തിലെ കർഷകർ. മാറിവരുന്ന കാലാവസ്ഥയും, നാണ്യവിളക ളുടെ വിലത്തകർച്ചയും, അനുദിനം വർദ്ധിച്ചു വരുന്ന വന്യമൃഗശല്യവും കർഷകരെ കൂടുതൽ ദുരിതങ്ങളിലേക്ക് നയിക്കുന്നു. അധികാരികൾ അവരുടെ സമീപനത്തിലും നിലപാടിലും യാതൊരു മാറ്റവുമില്ലാതെ, കേരളത്തിലെ മലയോര മേഖലകളിലെ കർഷക രെയും അവരുടെ പ്രശ്നങ്ങളെയും ഗൗനിക്കാതെ അനുദിനം പ്രതിസന്ധികളിലേക്ക് തള്ളിയിടുകയാണ്. കർഷകരുടെ അവകാശ ങ്ങൾ നേടിയെടുക്കുന്നതിനും, ദിനംതോറുമുള്ള കർഷകരുടെ ജീവിതം കൂടുതൽ സുരക്ഷിതമാക്കാനും രാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ചേ മതിയാകൂ. നമുക്കൊന്നിച്ച് കൈകൾ കോർത്ത് മുന്നേറാം...

## മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നിവേദനം

സാധാരണക്കാരനെ കൈവിലങ്ങു വയ്ക്കുന്ന കരിനിയമമായ വന-നിയമഭേദഗതി ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ, കാസർഗോഡ് ഇൻഫാം ജില്ലാ കമ്മിറ്റി ജനറൽ ബോഡിക്കു വേണ്ടി തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി യുടെ നേതൃത്വത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, മന്ത്രിമാരായ ശ്രീ. എ.കെ. ശശീന്ദ്രൻ, ശ്രീ. പി. പ്രസാദ് എന്നിവർക്ക് നിവേദനങ്ങൾ നൽകി.

## വന-നിയമഭേദഗതി ബിൽ പിൻവലിച്ചു - കർഷകർക്ക് ആശ്വാസവാർത്ത

മലയോരമേഖലയിൽ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന നിരവധി പാവപ്പെട്ട കർഷകരെ ദ്രോഹിക്കുവാനും, ചൂഷണത്തിനും അഴിമതിക്കും ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് സഹായകരമാകുന്നവിധം വന-നിയമഭേദഗതി ബിൽ പ്രാബല്യത്തിൽ വരുത്താനുമുള്ള നടപടികൾ ഇൻഫാമിന്റെ നേതൃത്വത്തിൽ സമർപ്പിച്ച നിരവധി നിവേദനങ്ങൾക്കും

പ്രതിഷേധങ്ങൾക്കുമൊടുവിൽ പിൻവലിക്കുന്നതിനായി സർക്കാർ നിർബന്ധിതരായിരിക്കുകയാണ്. കർഷകർക്ക് വളരെയേറെ ദ്രോഹപരമായ പുതിയ വന-നിയമഭേദഗതി ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറായത് മലയോരമേഖലയിലെ കർഷകരോഷം തിരിച്ചറിഞ്ഞതുകൊണ്ടു മാത്രമാണ്. ബിൽ പിൻവലിക്കാൻ തയ്യാറായ സർക്കാരിന് ഇൻഫാമിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നിലവിലുള്ള വന-നിയമം പലപ്പോഴും കർഷകദ്രോഹമായി മാറുകയാണ്. വനാതിർത്തിയോട് ചേർന്നു കഴിയുന്ന സാധാരണക്കാരായ ജനങ്ങൾ ഇന്നും കടുത്ത മാനസിക സംഘർഷമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

### ഡയറക്ടറുടെ യൂണിറ്റ് സന്ദർശനങ്ങൾ

ചുള്ളി, ആനമഞ്ഞൾ, കാലിച്ചാനടുക്കം, പാത്തൻപ്പാറ, നടുവിൽ എന്നീ യൂണിറ്റുകൾ അതിരൂപതാ ഡയറക്ടർ സന്ദർശിച്ച് ഇൻഫാമിന്റെ ഭാരവാഹികളുമായി ചർച്ചകൾ നടത്തുകയും, യൂണിറ്റുകളിലെ നിലവിലെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും, ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ കർഷകരെ സംഘമായി ചേർത്തുനിർത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ യൂണിറ്റുകൾക്ക് നൽകുകയും ചെയ്തു.

### കർഷകസംഗമം

ആലക്കോട് സംഘടിപ്പിച്ച അഗ്രി ഫെസ്റ്റ്-2025 കർഷക സംഗമത്തോടനുബന്ധിച്ച് ഇരിക്കൂർ നിയോജകമണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫ് അവർകളുടെ നേതൃത്വത്തിൽ സംസ്ഥാന കൃഷിവകുപ്പ്, സംസ്ഥാന ക്ഷീരവകുപ്പ്, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന വിദഗ്ധസംഘം ഇരിക്കൂർ മണ്ഡലത്തിലെ വിവിധ കൃഷിയിടങ്ങൾ സന്ദർശിക്കുകയും, പരിശോധന നടത്തുകയും, കർഷകരമായി സംവദിക്കുകയും ചെയ്തു.

* ആലക്കോട് അഗ്രി ഫെസ്റ്റ്-2025 കാർഷിക സെമിനാറിൽ **"നാണ്യവിളകൾ (തെങ്ങ്, കമുക്) വിളകളുടെ പ്രശ്നങ്ങളും അവയുടെ പുനഃരുദ്ധാരണ സാധ്യതകളും"** എന്ന വിഷയത്തിൽ ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി റവ. ഫാ. ജോസഫ് കാവനാടി സംസാരിച്ചു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 ഫെബ്രുവരി

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

ഫെബ്രുവരി 01 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
02–06 : ആന്തരീക സൗഖ്യ ധ്യാനം
08 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
09–12 : കന്നഡ ധ്യാനം
15 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
16–20 : ആന്തരീക സൗഖ്യ ധ്യാനം
22 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
21–23 : വാരാന്ത്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

ഫെബ്രുവരി 01,15,22 : ഏകദിന ധ്യാനം
01–04 : ആന്തരീക സൗഖ്യ ധ്യാനം
15–18 : ആന്തരീക സൗഖ്യ ധ്യാനം
21 : പ്രേഷിത കൂട്ടായ്മ
28 : ജാഗരണ പ്രാർത്ഥന

**3. മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, പേരാവൂർ, ഫോൺ : 9446687556**

ഫെബ്രുവരി 07–09 : ആന്തരീക സൗഖ്യ – ആത്മാഭിഷേക ധ്യാനം
21–23 : ആന്തരീക സൗഖ്യ – ആത്മാഭിഷേക ധ്യാനം

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

ഫെബ്രുവരി 01 : ഏകദിന ശുശ്രൂഷ (Spiritual Sharing 10 am – 2 pm)
14 : ജാഗരണ പ്രാർത്ഥന
10–14 : ടീമിന്റെ വാർഷിക ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ഡിസംബർ 2024**

21 ആറാമത് പേരാവൂർ മാരത്തോൺ ഫ്ളാഗോഫ് ചെയ്തു. ചെമ്പേരി ഇടവകാംഗമായ ഡീക്കൻ ജോസ്ബിൻ ഈറ്റയ്ക്കലിന്റെ ഭവനം സന്ദർശിച്ചു. തുടർന്ന് ചെമ്പേരിയിൽവച്ച് ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ഇരിട്ടിയിൽവച്ച് അതിരൂപതാ കെ.സി.വൈ.എം സംഘടിപ്പിച്ച ബോൺ നത്താലെ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു.

22 വിശ്രമജീവിതം നയിക്കുന്ന പോൾ മൂഞ്ഞേലിൽ അച്ചന്റെയും സെബാസ്റ്റ്യൻ പുളിന്താനത്ത് അച്ചന്റെയും ഭവനങ്ങൾ സന്ദർശിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തിയ ക്രിസ്തുമസ് ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു.

23 കണ്ണൂർ ദീപിക യൂണിറ്റിന്റെ ക്രിസ്തുമസ് ആഘോഷപരിപാടി ഉദ്ഘാടനം ചെയ്തു. ഉച്ചയോടെ കരുവൻചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ചു. വൈകുന്നേരം നെല്ലിക്കാംപൊയിലിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

24 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

25 കത്തീഡ്രൽ ദൈവാലയത്തിൽ ക്രിസ്തുമസ് കുർബ്ബാനയർപ്പിച്ചു.

26 രാവിലെ ആലക്കോട് ഫൊറോനാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ സിറിൽ ചെറുകരക്കുന്നേലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഇരിട്ടിയിൽ പുതുതായി ആരംഭിച്ച ബാങ്ക് ഓഫ് ബറോഡ ശാഖയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം തിരൂർ ഇടവകയിൽവച്ച് കൂറ്റാരപ്പള്ളി ഫൗസ്റ്റീന ബെഞ്ചമിനും ക്ലെയർ തെരേസ എഡ്വിനും മാമ്മോദീസ നൽകി.

27 രാവിലെ ശാന്തിനഗർ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ സിബിൻ പാണ്ടിയപ്പള്ളിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് എടത്തൊട്ടിയിൽവച്ച് നടത്തിയ വടക്കേക്കര കുടുംബയോഗം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ചെറുപാറ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ മാർട്ടിൻ പാഴൂപറമ്പിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. രാത്രിയോടെ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

28 കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ദിനത്തിൽ മാങ്ങോട് ഇടവകയിൽ വലിയപറമ്പിൽ മനോജ്-മീനു ദമ്പതികളുടെ നാലാമത്തെ കുട്ടിയായ അന്നയ്ക്ക് മാമ്മോദീസ നൽകുകയും കുഞ്ഞിപ്പൈതങ്ങൾക്കായി പ്രാർത്ഥിച്ച് സമ്മാനങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് എടൂർ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോർജ് മുണ്ടൻ കുന്നേലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

29 അതിരൂപതാ കേന്ദ്രത്തിലെത്തിയ പാണക്കാട് സയ്യിദ് ശിഹാബലി തങ്ങളെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം പൈസക്കരി ഇടവകാംഗമായ ശ്രീ. ബെന്നി വാഴപ്പള്ളിയുടെ ഭവനം സന്ദർശിച്ചു. വൈകുന്നേരം പാലാവയൽ ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി.

30 രാവിലെ ചുള്ളി ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജുബിൻ കണിപറമ്പിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ചുള്ളി ജീവൻജ്യോതി ആശ്രമം സന്ദർശിക്കുകയും പുതിയ ഡോർമിറ്ററിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

31 രാവിലെ കാലാങ്കി ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ നിധിൻ ചെറുനിലത്തിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ആനറയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം മാനന്തവാടി രൂപതയിലെ ശിശുമല ഇടവകാ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

**ജനുവരി 2025**

01 മൈനർ സെമിനാരിയോട് ചേർന്ന് പുതിയ കെട്ടിടം പണിയുന്നതിന്റെ തറക്കല്ലിടൽ കർമ്മം മാർ ജോർജ് ഞരളക്കാട്ട് പിതാവിനും മാർ ജോർജ് വലിയമറ്റം പിതാവിനുമൊപ്പം നിർവ്വഹിച്ചു.

02 രാവിലെ നാട്ടക്കൽ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ബിനേഷ് വലിയപറമ്പിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം കോലുവള്ളിയിൽവച്ച് സി. സുമി വെട്ടിക്കുഴിയിലിന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന നിർമ്മലഗിരി കോളേജ് ഗവേണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

03 രാവിലെ ചെടിക്കുളം ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ബോഡ്വിൻ അട്ടാറക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം വായാട്ടുപറമ്പ് ഹയർ സെക്കന്ററി സ്കൂളിന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി നടത്തിയ ഡോക്ട്രൈനൽ കമ്മീഷൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

04 രാവിലെ പാലാവയൽ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ അമൽ വള്ളിയിലിന്റെ പൗരോഹിത്യസ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ഇരിട്ടിയിൽവച്ച് സംഘടിപ്പിച്ച ഹെൽപ്ഡെസ്ക് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം അങ്ങാടിക്കടവിൽവച്ച് പുതിയ കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

05 ചെമ്പേരി ഫൊറോനാ ദൈവാലയത്തിൽവച്ച് അതിരൂപതാ സമുദായ ശക്തീകരണ വർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഇടവകാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തിത്വങ്ങളെ ആദരിച്ചു. രാത്രിയോടെ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

06 രാവിലെ ദനഹാതിരുന്നാളിനോടനബന്ധിച്ച് കത്തീഡ്രൽ ദൈവാലയ ത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് മണ്ടളം ഇടവകാ ദൈവാലയത്തിൽവച്ച് സിതിൻ മണ്ണാറത്തറയുടെയും ഡോണ തെള്ളിയിലിന്റെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ആന്റണി മാടമനയുടെയും ആഗ്നസ് കല്ലേക്കുളത്തിന്റെയും വിവാഹം ആശീർവ്വദിച്ചു.

07–11 മൗണ്ട് സെന്റ് തോമസിൽവച്ച് നടന്ന സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

12 എറണാകുളം-അങ്കമാലി അതിരൂപതയുടെ മെട്രോപ്പോലിറ്റൻ വികാരി യായി സ്ഥാനമേറ്റു.

13 തലശ്ശേരി സാൻജോസ് സ്കൂളിന്റെ വാർഷികാഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു.

തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള സോഷ്യൽ സർവീസ് ഡയറക്ടർമാരുടെ ഓൺലൈനായി ചേർന്ന യോഗത്തിന് അധ്യക്ഷത വഹിച്ചു.

14 അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം ചെമ്പേരിയിൽ ചേർന്ന അതിരൂപതാ ബൈബിൾ കൺവെൻഷൻ സംഘാടകസമിതി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ജോസഫ് കാക്കരമറ്റത്തിൽ അച്ചന്റെ ഭവനം സന്ദർശിച്ചു.

15 എറണാകുളം അങ്കമാലി അതിരൂപതയുടെ ഓൺലൈൻവഴി ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

വൈകുന്നേരം തലശ്ശേരി സന്ദേശഭവനിൽ വച്ച് ചേർന്ന സഭാനവീകരണ ധ്യാന ടീമംഗങ്ങളുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

16 തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽ വച്ച് അരുൺ തുരുത്തേലിന്റെയും ആൻലിറ്റ് കോട്ടക്കലിന്റെയും വിവാഹം ആശീർവദിച്ചു. ചെമ്പേരി വിമല ആശുപത്രിയിൽ പുതുതായി ആരംഭിച്ച എക്സ്-റേ യൂണിറ്റ് ഉദ്ഘാടനകർമ്മം നിർവഹിച്ചു. തുടർന്ന് കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആലക്കോട് വെച്ച് സംഘടിപ്പിച്ച കർഷകസമ്മേളനം ഉദ്ഘാടനം ചെയ്തു.

17 കണ്ണൂർ ശ്രീപുരം ബിഷപ് ഹൗസിൽ വെച്ച് ചേർന്ന നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻസ് മീറ്റിംഗിൽ പങ്കെടുത്തു

18 കുടിയാന്മല ഇടവക ദേവാലയത്തിൽ വച്ച് നിതിൻ കാട്ടുനിലത്തിന്റെയും മെർലിൻ മഞ്ഞളാങ്കലിന്റെയും വിവാഹം ആശീർവദിച്ചു. ഉച്ചയ്ക്കുശേഷം കണ്ണൂർ രൂപത സാമൂഹ്യ സേവനവേദിയായ കൈറോസിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചു.

19 കത്തീഡ്രൽ ഇടവക തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നൽകി. വൈകുന്നേരം ഓൺലൈനായി ചേർന്ന സീറോ മലബാർ സഭ ആലോചനസമിതി മീറ്റിംഗിൽ പങ്കെടുത്തു.

20 എറണാകുളം - അങ്കമാലി അതിരൂപത കേന്ദ്രത്തിൽ വച്ച് ചേർന്ന വിവിധ മീറ്റിംഗുകൾക്ക് അധ്യക്ഷത വഹിച്ചു.

**FEBRUARY 2025**

# ENGAGEMENTS
## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 11:00 am | - | Thalipparamba: Department Leaders Meet |
| | 03:00 pm | - | Thalipparamba: Parish Coordinators Meet |
| 02 | | - | Thalipparamba: Pastoral Visit |
| 03 | 09-12 pm | - | Thalassery: Visitors Day |
| 04 | 06:30 pm | - | Parappa |
| 05-07 | | - | Ernakulam |
| 08 | 10:00 am | - | AKCC Diocesan Meet |
| | 04:00 pm | - | Ammamkulam: Foundation Stone Laying Ceremony |
| 09 | | - | Kodoppally: Pastoral Visit |
| 10 | 09-12 pm | - | Thalassery: Visitors Day |
| | 04:30 pm | - | Chemperi |
| 11 | 10:00 am | - | Presbyteral Council |
| 12-15 | | - | Ernakulam |
| 16 | | - | Panathoor: Pastoral Visit |
| 17 | 05:00 pm | - | Adampara: Presbytery Blessing |
| 18 | 09-12 pm | - | Thalassery: Visitors Day |
| 19-21 | | - | Ernakulam |
| 22 | 10:00 am | - | Finance Council Budget Session |
| 23 | 04:00 pm | - | Cathedral |
| 24 | 10-01 pm | - | Padannakkad: Visitors Day |
| 25 | 10:00 am | - | Thalassery: Provincials Meeting |
| | 11:00 am | - | Nirmalagiri: Patrons Day |
| 26-28 | | - | Ernakulam |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ജനുവരി 2025**

01 രാവിലെ ചെമ്പേരി ലൂർദ് മാതാ ബസിലിക്ക ദൈവാലയത്തിൽ വച്ച് ഡീക്കൻ ജോസ്ബിൻ ഈറ്റക്കലിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് പുലിക്കുരുമ്പ ഇടവകയിലെ ഒരു ഭവനത്തിന്റെ വെഞ്ചിരിപ്പ് നടത്തി.

02 രാവിലെ പുലിക്കുരുമ്പ സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിൽ വച്ച് ഡീക്കൻ ജോസഫ് കാപ്പുകാട്ട് (M.I) ക്ക് തിരുപ്പട്ടം നൽകി.

03 ഉച്ചകഴിഞ്ഞ് കീഴ്പ്പള്ളി സെന്റ് ചാവറ കുരിയാക്കോസ് ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

04 രാവിലെ നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻ ദൈവാലയത്തിൽ വെച്ച് ഡീക്കൻ ജോബിൻസ് താഴത്ത്വീട്ടിൽ RCJ ക്ക് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് കുന്നോത്ത് ഫൊറോന ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

05 രാവിലെ വാണിയപ്പാറ ഉണ്ണിമിശിഹാ ദൈവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

06-11 കാക്കനാട് വച്ച് നടന്ന സിനഡിൽ സംബന്ധിച്ചു.

13 രാവിലെ തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റൽ നഴ്സിംഗ് സ്കൂളിന്റെ രജതജൂബിലി സമാപനത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

14 രാവിലെ ആശാൻ കവലയിലുള്ള തിരുരക്ത ആശ്രമത്തിലെ നവീകരിച്ച കപ്പേളയുടെ വെഞ്ചിരിപ്പ്കർമ്മം നിർവഹിച്ചു.

15 രാവിലെ കുന്നോത്ത് GSMS ൽ ക്ലാസ് എടുത്തു.

16 രാവിലെ രാജഗിരി സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിൽ വച്ച് ഡീക്കൻ സിജോ താഴത്തുരുത്തിൽ (ALCP/OSS) തിരുപ്പട്ടം നൽകി.

17 വൈകിട്ട് മാടത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോട് അനുബന്ധിച്ച് കുടുംബദിനത്തിൽ വി. കുർബാന അർപ്പിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

18 ഉച്ചകഴിഞ്ഞ് പരിയാരം ഇടവകയിൽ വിൻസെന്റ് ഡിപോൾ പ്രവർത്തകർ നിർമ്മിച്ച രണ്ട് വീടുകളുടെ വെഞ്ചിരിപ്പ്കർമ്മം നടത്തി. വൈകുന്നേരം

പരിയാരം സെന്റ് മദർതെരേസ ദൈവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ചു.

19 മാനന്തവാടി രൂപതയിലെ വാഴവറ്റ ഇടവകയിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

20 ഉച്ചകഴിഞ്ഞ് റയരോം ടൗണിൽ നിർമ്മിച്ച പുതിയ കപ്പേളയുടെ വെഞ്ചിരിപ്പ് നിർവഹിച്ച് വി. കുർബാന അർപ്പിച്ചു.

22 രാവിലെ കുന്നോത്ത് GSMS- ൽ ക്ലാസ്എടുത്തു. ഉച്ചകഴിഞ്ഞ് കുന്നോത്ത് ഇടവകയിൽ ബഹു. ജോസഫ് കക്കാട്ടിൽ അച്ചന്റെ അമ്മ (റോസമ്മ)യുടെ വീട്ടിലെ സംസ്കാരകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

23. രാവിലെ കിളിയന്തറയിൽ സിസ്റ്റർ ഫെലിക്സ് വടക്കേചിറയാത്ത് SABS ന്റെ സംസ്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ നേതൃത്വം നൽകി.

24 വൈകുന്നേരം താമരശ്ശേരി രൂപതയിൽ ചെമ്പനോട ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

25 രാവിലെ ചെമ്പേരി ഇടവകയിലെ കുട്ടികൾക്ക് ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം നൽകി. ഉച്ചയ്ക്ക് മുക്കുഴി ഭവനം സന്ദർശിച്ച് മരണപ്പെട്ട അരുണിനു വേണ്ടി പ്രാർത്ഥിച്ചു. വൈകുന്നേരം മാനന്തവാടി രൂപതയിലെ വളവയൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

26 രാവിലെ മാനന്തവാടി രൂപതയിലെ അരിഞ്ചേർമല ദൈവാലയത്തിൽ പ്രധാന തിരുനാളിന് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

27 കുന്നോത്ത് ബെൻഹിൽ സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

31 വൈകുന്നേരം ചെമ്പേരിയിലെ ഒറോത ഫെസ്റ്റിൽ സംബന്ധിച്ച് മുഖ്യപ്രഭാഷണം നടത്തി.

# FEBRUARY 2025 ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 4:00 pm | - | Thondiyil : Festal Mass |
| 02 | 10:00 am | - | Ottaplav : Festal Mass |
| 03 | 10:30 am | - | Karikottakari : Marriage |
| 04 | 04:30 pm | - | Aravanchal : Silver Jubilee |
| 08 | 10:30 am | - | Pannimattom : Golden Jubilee |
| 15 | 03:30 pm | - | Nellikutty : Jubilee |
| 16 | 04:30 pm | - | Vazhamala : Feast |
| 20 | 06:30 am | - | Kunnoth : Festal Mass, NS |
| | 10:30 | - | Kunnoth : Marriage |
| 22 | 10:00 am | - | Paisakary : Golden Jubilee |
| | 04:30 pm | - | Vayathoor School : Jubilee |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഡിസംബർ 2024

25 ക്രിസ്തുമസിനോട് അനുബന്ധിച്ച് തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചശേഷം, രാവിലെ 7 മണിക്ക് എസ്.എ.ബി.എസ്. കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും മുതിർന്ന സന്യാസിനി സഹോദരിമാരെ സന്ദർശിക്കുകയും ക്രിസ്തുമസിന്റെ സന്ദേശങ്ങൾ നൽകുകയും ചെയ്തു.

26 അരവഞ്ചാൽ സെന്റ് ജോസഫ് ദൈവാലയത്തിൽവച്ച് ജിത്തു - നമിത ഇവരുടെ വിവാഹനിശ്ചയത്തിന് മുഖ്യകാർമികത്വം വഹിച്ചു.

27 വയനാട്ടുപറമ്പ് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് ഡീക്കൻ ചാക്കോ കളപ്പുരക്കലിന് കൈവെപ്പ് ശുശ്രൂഷ വഴി പൗരോഹിത്യം നൽകുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. വൈകിട്ട് കാഞ്ഞിരടക്കത്തിൽ വെച്ച് നടന്ന ഫ്രാൻസിസ് കൈതക്കുളത്തിന്റെ പുതിയതായി പണിത ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

28 ജിജോ - അനൂപ് ദമ്പതികളുടെ മകൾ ലിയാനയുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

29 ഇടുക്കി പേഴുംകണ്ടത്തിൽ, ജോയി വലിയമറ്റത്തിന്റെ ഭവനത്തിൽ നടന്ന വലിയമറ്റം കുടുംബസംഗമത്തിൽ പങ്കെടുക്കുകയും ആശീർവാദം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പേഴുംകണ്ടം നസ്രത്ത് സിസ്റ്റേഴ്സിന്റെ ഭവനം സന്ദർശിച്ചു.

30 ഇടുക്കിയിലെ വിവിധ വിനോദ സഞ്ചാര മേഖലകൾ സന്ദർശിച്ചു.

31 പ്രസന്റേഷൻ കോൺഗ്രിഗേഷൻ കോഴിക്കോട് ചേവായൂർ സെന്റ് മേരിസ് പ്രൊവിൻസ് അംഗമായ സിസ്റ്റർ ജ്യോതി ആന്റണിയുടെ ചേവായൂർ പ്രസന്റേഷൻ പ്രൊവിഷ്യൽ ഹൗസ് ചാപ്പലിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

### ജനുവരി 2025

01 സിസ്റ്റർ ജോസ്നാ റോസ് എസ്.എച്ച്. (വൈസ് ഡയറക്ടർ കെസിവൈഎം തലശ്ശേരി അതിരൂപത) പിതാവായ കാരിക്കുന്നേൽ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് സെമിനാരി പരിസരത്ത് പുതിയതായി പണിയാൻ പോകുന്ന കെട്ടിടത്തിന്റെ തറക്കല്ലിടൽ ശുശ്രൂഷയിൽ പങ്കെടുത്തു.

05 കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ നടന്ന പ്രമുഖ പ്ലാന്റർ കാല്ലോടിയിലെ മുളക്കൊടിയാനിക്കൽ എം.ഡി. ഷാജന്റെ മൃത സംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികതം വഹിച്ചു.

06-11 എറണാകുളം സെന്റ് തോമസ് മൗണ്ടിൽ നടന്ന സിനഡിൽ പങ്കെടുത്തു.

09 പയ്യാവൂർ സെന്റ് ആന്റണി ദേവാലയത്തിൽ വച്ച് നടന്ന എമിൽ-ടോണിയ ദമ്പതികളുടെ വിവാഹത്തിന് മുഖ്യ കാർമികത്വം വഹിച്ചു.

15 പതിപ്പള്ളിയിൽ റോസമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മണിപ്പാറ സെന്റ് മേരീസ് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. (മക്കൾ സിസ്റ്റർ ആൻസി പ്രസന്റേഷൻ കോൺവെന്റ്, സിസ്റ്റർ ക്രിസ്റ്റി എം.എസ്. എം.ഐ. കോൺവെന്റ്, സിസ്റ്റർ അനില എൻ.എസ്. കോൺവെന്റ്, സിസ്റ്റർ ജൂബി പ്രസന്റേഷൻ കോൺവെന്റ്) വൈകിട്ട് തലശ്ശേരി സന്ദേശഭവനിൽ നടന്ന വൈദികരുടെ നവീകരണ ധ്യാനത്തിന്റെ സമാപനത്തിൽ സന്ദേശം നൽകി.

16 കോടഞ്ചേരി സെന്റ് മേരിസ് ദൈവാലയത്തിൽ നടന്ന ജോവിൻ ഫിലിപ്പ് ക്രിസ്റ്റീന കുര്യാക്കോസ് ഇരുവരുടെയും വിവാഹത്തിന് മുഖ്യ കാർമികത്വം വഹിച്ചു. വൈകിട്ട് കണ്ണൂർ ശ്രീപുരത്ത് നടന്ന നോർത്ത് മലബാർ ബിഷപ്പ് കോൺഫറൻസിന് പങ്കെടുക്കുകയും 17-ാം തീയതി ഉച്ചയ്ക്ക് കോൺഫ്രൻസ് സമാപിക്കുകയും ചെയ്തു.

17 വി. യൗസേപ്പിതാവിന്റെ തിരുന്നാളോടനുബന്ധിച്ച് തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ നടന്ന തിരുനാൾ കുർബാനയിൽ മുഖ്യകാർമികത്വം വഹിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു.

18 പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ നടന്ന ദൈവദാസൻ ആർമണ്ടച്ചന്റെ 24-മത് ചരമവാർഷിക അനുസ്മരണസമ്മേളനത്തിൽ പങ്കെടുക്കുകയും അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു.

19 കരയത്തംചാൽ സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ നടന്ന തിരുനാൾ കുർബാനയിൽ മുഖ്യകാർമികത്വം വഹിക്കുകയും ഇടവകയുടെ സുവർണ്ണ ജൂബിലിയുടെ ആശംസകൾ നേരുകയും ചെയ്തു. വൈകിട്ട് തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന തിരുനാൾ പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും ചെയ്തു.

22. നിരാതയായ റവ. സി. ഫെലിക് വടക്കേചിറയാത്ത് (എസ്എംബിഎസ്) തലശ്ശേരി ചേറ്റൻകുന്ന് ജോസ്ഗിരി കോൺവെന്റിൽ നടന്ന മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്ത് ഒപ്പീസ് ചൊല്ലി.

വൈകുന്നേരം കുന്നോത്ത് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വെച്ച് ഫാ. ജോസ് കക്കാട്ടിലിന്റെ പ്രിയ മാതാവ് റോസമ്മയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

23 കിളിയന്തറ സെന്റ് മേരീസ് ദൈവാലയത്തിൽ റവ. സി. ഫെലിക് വടക്കേചിറയാത്തിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

## FEBRUARY 2025 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

**January**

| | | |
|---|---|---|
| 24 | - | Peravoor : St. Joseph feast |
| 26 | - | Kolayad : St. Sebastian feast |
| 27 | - | Chemperi : Marriage |

**February**

| | | |
|---|---|---|
| 26 | - | Jubilee |

**Secretary to the Archbishop Emeritus**



**തലശ്ശേരി അതിരൂപതയുടെ നവവൈദികർ കത്തീഡ്രൽ ദൈവാലയത്തിൽ**
**അതിരൂപതയുടെ ഇടയൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം**



## നന്ദിയോടെ .....

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ ആത്മാർപ്പണം നടത്തി
സ്തുത്യർഹമായ അജപാലന ശുശ്രൂഷ പൂർത്തിയാക്കി
വിശ്രമജീവിതത്തിനായി കരുവഞ്ചാൽ ശാന്തിഭവനിൽ
എത്തിയ ബഹു. അബ്രാഹം പോണാട്ടച്ചന്
ഹൃദയം നിറഞ്ഞ നന്ദി.
അനുഗ്രഹീതമായ വിശ്രമകാലം ആശംസിക്കുന്നു.

RNI Reg. No. 5910 Date of Publication: 28/01/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 08 ലക്കം : 02 വില : ₹10

# ഫെബ്രുവരി 25
# വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ തിരുനാൾ




Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.